
# ഒന്നാം വർഷ ബൈബിൾ സ്കൂൾ

## പാഠ്യപദ്ധതി



**Living Word Mission, Inc.**

# ആമുഖം

ഇതിൽ നൽകിയിരിക്കുന്ന 16 പാഠങ്ങൾ 1987-മുതൽ പശ്ചിമാഫ്രിക്കയിൽ ഉപയോഗിച്ചു വരുന്നതാണ്. ഒന്നാം വർഷ പാഠ്യപാഠപദ്ധതിയിൽ ഉൾപ്പെടുത്തി ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഈ പാഠഭാഗങ്ങൾ അഭ്യസിച്ചു വരുന്നു.

സണ്ടേസ്കൂളുകളിലും, സെമിനാറുകളിലും, ബൈബിൾ സ്കൂളിലും, ആരാധനയിലും ഫലകരമായി വേദവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഹായകരമായ നിലയിൽ ഈ പാഠഭാഗങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നു. ഈ പാഠഭാഗങ്ങൾ ആർക്കും യഥേഷ്ടം ഉപയോഗപ്പെടുത്തുവൻ അനുവാദമുണ്ട്. ഇവയുടെ പകർപ്പെടുക്കുന്നതിനോ, ഏതെങ്കിലും ഭാഗങ്ങൾ മറ്റുള്ളവർക്ക് പ്രയോജനകരമായി ഉപയോഗിക്കുന്നതിനോ വിരോധമില്ലാത്തതാകുന്നു.

ഇതിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ ബലഹീനരെ ശക്തിപ്പെടുത്തുന്നതിനും ദൈവവചനത്തിൻെറ സത്യത്താൽ അനേകരുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെടുന്നതിനും ഇടയാകേണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

എന്ന്
കർത്തൃസേവയിൽ
**പാസ്റ്റർ ജിം ഹിക്കി**

# ഉള്ളടക്കം


**A. വേദപുസ്തക ഉപദേശങ്ങൾ ______ 5**

1. എന്താണ് ഉപദേശം? ______ 5
2. ഉപദേശം പഠിക്കുന്നതിൻെറ പ്രാധാന്യത ______ 5
3. തിരുവെഴുത്തുകൾ ______ 5
4. യേശുക്രിസ്തു; തൻെറ സ്വഭാവം ______ 6
5. ക്രിസ്തുവിൻെറ സ്ഥാനങ്ങൾ: അഭിഷിക്തൻ ______ 8
6. ക്രിസ്തു; ഇന്നത്തെ ശുശ്രൂഷ: ______ 8
7. ക്രിസ്തുവിൻെറ ഭാവി ശുശ്രൂഷ ______ 8
8. രക്ഷ ______ 9
9. ശുദ്ധീകരണം ______ 10
10. സഭ ______ 11
11. നിങ്ങളുടെ പ്രതികരണം ______ 12

**B. രക്ത ഉടമ്പടി ______ 13**

1. രക്ത ഉടമ്പടി എന്നാൽ എന്ത്? ______ 13
2. രക്ത ഉടമ്പടിയിലേയ്ക്കു പ്രവേശിക്കേണ്ട തിൻെറ കാരണങ്ങൾ ______ 13
3. രക്ത ഉടമ്പടിയിലേയ്ക്കു പ്രവേശിക്കേണ്ട വഴികൾ ______ 14
4. രക്ത ഉടമ്പടിയിലേയ്ക്കുള്ള ചവിട്ടു പടികൾ ______ 14
5. ദൈവവുമായുള്ള നമ്മുടെ രക്ത ഉടമ്പടി ______ 15
6. രണ്ടു നിയമങ്ങൾ അഥവാ പഴയതും പുതിയതു മായ ഉടമ്പടികൾ ______ 18
7. മനുഷ്യനു ഒരു രക്ഷകൻെറ ആവശ്യകത ______ 18
8. യേശുവിലൂടെയുള്ള ശ്രേഷ്ഠ ഉടമ്പടി ______ 18
9. പുതിയ ഉടമ്പടിയും രക്ത ഉടമ്പടിയും ______ 19

C. ദൈവ സ്വഭാവം ______ 22

1. വെളിപ്പാടിൻെറ ഉറവകൾ ______ 22
2. ദൈവീക ഗുണങ്ങൾ ______ 22
3. ധാർമ്മീക ഗുണങ്ങൾ (ദൈവത്തിൻെറ) ______ 24
4. ദൈവത്തിനൊരു നിർവചനം ______ 26
5. ദൈവസ്വഭാവം പേരുകളിലൂടെ വെളിപ്പെടുത്തി ഇരിക്കുന്നു ______ 26
6. വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ ദൈവത്തിൻെറ ഏഴു നാമങ്ങൾ _ 29
7. ദൈവത്തിൻെറ മറ്റു നാമങ്ങൾ ______ 29

**D. ക്രിസ്തീയ കാര്യവിചാരകത്വം ______ 30**

1. ശരിയായ സമീപനം ______ 30
2. ദൈവം തൻെറ ദാസന്മാരുടെ അഭിവൃദ്ധി ആഗ്രഹിക്കുന്നു (ആവർത്തനം:28) ______ 30
3. അഭിവൃദ്ധിയിലെ ആപത്ത് ______ 31
4. വചനാനുസരണമുള്ള അഭിവൃദ്ധിയുടെ താക്കോൽ ______ 31
5. കൊടുക്കലും വാങ്ങലും പ്രായോഗീക തലത്തിൽ ______ 33

E സാത്താന്യ ശാസ്ത്രം ____ 35
1. സ്വർഗ്ഗത്തിൽ ലൂസിഫറായിരുന്ന സാത്താൻ
യെഹെസ്ക്കേൽ-28:1-19 ____ 35
2. സാത്താനും അശുദ്ധാത്മാക്കളും പ്രവർത്തിമണ്ഡലത്തിൽ ____ 35
3. യേശു സാത്താനെ ജയിച്ചു (കൊലോ 2:15) ____ 35
4. ശത്രുവിൻെറ സപ്ത ആക്രമണപടികൾ ____ 35
5. സാത്താൻെറ പേരുകൾ ____ 35
6. അശുദ്ധാത്മാക്കളുടെ പേരുകൾ ____ 36
7. ആത്മീയ പേരാട്ടത്തിൽ എങ്ങനെ സുരക്ഷിതത്വം കൈവരിക്കാം ____ 37

F ശിഷ്യത്വം: ____ 38
1. പഴയനിയമത്തോടുള്ള ബന്ധത്തിൽ പുതിയ
നിയമത്തിൻെറ പ്രാധാന്യത ____ 38
2. മത്തായി സുവിശേഷം ____ 39
3. മർക്കോസിൻെറ സുവിശേഷം ____ 39
4. ലൂക്കോസിൻെറ സുവിശേഷം ____ 40
5. യോഹന്നാൻെറ സുവിശേഷം ____ 41
6. ശിഷ്യത്വത്തിലേയ്ക്കുള്ള പ്രവേശനം ____ 42
7. ശിഷ്യത്വത്തിൻെറ ലക്ഷ്യം ____ 43
8. ശിഷ്യത്വത്തെക്കുറിച്ചുള്ള യേശുവിൻെറ ഉപദേശം ____ 43
9. യേശുവിൻെറ സ്നേഹം - പ്രവർത്തി - ഉപദേശം ____ 44

G ദൈവീക രോഗസൗഖ്യം ____ 45
1. ആദവും ഹൗവ്വയും ഏദനിൽ ____ 45
2. ദൈവ സ്വഭാവം പഴയനിയമത്തിൽ ____ 45
3. രോഗത്തിൻെറ കാരണക്കാരൻ ____ 45
4. യേശു സൗഖ്യദായകൻ ____ 45
5. ദൈവം സൗഖ്യമാക്കുന്ന സപ്തവഴികൾ ____ 48
6. വചനത്തിനനുസരിച്ച് പ്രവർത്തിക്കുക ____ 49

H സുവിശേഷീകരണം ____ 50
1. സുവിശേഷീകരണത്തിൻെറ നിർവചനം ____ 50
2. സുവിശേഷീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ ____ 50
3. സാക്ഷിക്കുന്നതിൻെറ വിധങ്ങൾ ____ 50

I വിശ്വാസത്തിൻെറ അടിസ്ഥാനം ____ 53
1. വിശ്വാസം എന്നാൽ എന്ത്? എങ്ങനെ ലഭിക്കുന്നു ____ 53
2. വിശ്വാസത്തെ എങ്ങനെ വളർത്താം 2തെസ്സ. 1:3 ____ 55

J പരിശുദ്ധാത്മാവ് ____ 58
1. പരിശുദ്ധാത്മാവ് ആരാണ് ____ 58
2. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - വിശുദ്ധ
ദൈവത്വം ____ 58
3. പ്രവർത്തനത്തിൽ ഒന്ന് വ്യക്തിത്വത്തിൽ മൂന്ന് ____ 59
4. പരിശുദ്ധാത്മാവിൻെറ പ്രതീകങ്ങളും സ്വഭാവവും ____ 59
5. പരിശുദ്ധാത്മാവ് വീണ്ടും ജനനത്തിലും പരിശുദ്ധാത്
മസ്നാനത്തിലും ____ 59
6. പരിശുദ്ധാത്മാവിൻെറ സംസർഗ്ഗം ____ 60

**K. ശുശ്രൂഷയിലേക്കുള്ള പ്രവേശനം:** ______ 62
1. ത്രിവിധ ദാനങ്ങൾ (വരങ്ങൾ) ______ 62
2. ശുശ്രൂഷ വരങ്ങൾ ______ 62
3. അപ്പോസ്തോലന്മാർ ______ 63
4. പ്രവാചകന്മാർ ______ 64
5. സുവിശേഷകന്മാർ ______ 64
6. ഇടയന്മാർ ______ 65
7. ഉപദേഷ്ടാക്കന്മാർ ______ 65
8. സഹായം ചെയ്യാനുള്ള വരം ______ 66
69. ഉപസംഹാരം ______ 66

**L. അനുസരണം:** ______ 67
1. അനുസരണത്തിന്നൊരു മുഖവുര ______ 67
2. അനുസരണം - പറുദീസയുടെ ഒരു ഗുണം -
ഉല്പ: 2:16,17, 3:11 ______ 67
3. സമ്പൂർണ്ണ അനുസരണത്തിൻെറ രഹസ്യം -
എബ്രാ: 5:8,9 ______ 68

**M. പ്രായോഗീക ശുശ്രൂഷകൾ:** ______ 69
1. പ്രായോഗിക ശുശ്രൂഷകൾ: നിർവ്വചനം ______ 69
2. ദൈവീക വിളി ______ 69
3. ശുശ്രൂഷയുടെ പ്രായോഗിക വശങ്ങൾ ______ 69
4. പരീക്ഷകൾ ______ 70
5. വടംവലികൾ ______ 71
6. ശുശ്രൂഷയുടെ വിജയം ______ 72

**N. പ്രാർത്ഥന:** ______ 73
1. പ്രാർത്ഥനയുടെ പ്രാധാന്യം ______ 73
2. പ്രാർത്ഥന എന്ത് അല്ല? (മത്തായി: 6:5-8) ______ 73
3. പ്രാർത്ഥന എന്താണ്? ______ 73
4. പ്രാർത്ഥനയെ സംബന്ധിച്ച് യേശുവിൻെറ ഉപദേശം ______ 73
5. പ്രാർത്ഥനയെ സംബന്ധിച്ച് പൌലോസ് ______ 73
6. പ്രാർത്ഥനയെ സംബന്ധിച്ച് മറ്റുള്ളവർ ______ 73
7. പ്രാർത്ഥന: പുതിയ നിയമത്തിൽ ______ 73

**O. നീതീകരണം:** ______ 74
1. നീതീകരണം-മനസ്സിലാക്കാത്തതിൻെറ കുറവ് ______ 74
2. നീതീകരണത്തിൻെറ പുനഃസ്ഥാപനം ______ 74
3. നീതീകരണം - ദ്വിവിധം - ഫിലി: 3:9 ______ 75
4. നീതീകരണപ്രകാരമുള്ള നടപ്പ് ______ 75
5. നീതീകരണത്തിൻെറ ഫലം ______ 76
6. നമ്മെ ദൈവം എങ്ങനെ നീതീകരിച്ചു ______ 76
**P. അധികാരങ്ങളെ മനസ്സിലാക്കുന്നത്.** ______ **78**

1. അധികാരങ്ങൾക്കു കീഴടങ്ങൽ - വിജയകരമായ
ക്രിസ്തീയ ജീവിതത്തിന് അനിവാര്യം. ______ 78
2. ദൈവത്താൽ ആക്കിവെക്കപ്പെട്ട അധികാരം ______ 78
3. നിയോഗിക്കപ്പെട്ട അധികാരം ______ 79

# A. വേദപുസ്തക ഉപദേശങ്ങൾ

## I. എന്താണ് ഉപദേശം

**A.** ***അക്ഷരാർത്ഥത്തിൽ ''പഠിപ്പിക്കലുകൾ'' ''നിർദ്ദേശങ്ങൾ'' എന്നെല്ലാമാണർത്ഥം.***

**B.** ***വേദസത്യങ്ങൾ അടുക്കും ചിട്ടയോടും കൂടി പഠിക്കുന്നതാണ് ദൈവശാസ്ത്രം.***

**C.** ***ഉപദേശവും - സിദ്ധാന്തങ്ങളും തമ്മിലുള്ള അന്തരം.***

1. തിരുവചനത്തിൽ ദൈവം വെളിപ്പെടുത്തിയ സത്യങ്ങളാണു ഉപദേശങ്ങൾ
2. ഉപദേശങ്ങൾ മാനുഷീക രീതിൽ പ്രസ്താവിക്കുന്നതാണ് സിദ്ധാന്തങ്ങൾ

## II. ഉപദേശങ്ങളേക്കുറിച്ചുള്ള പഠനം എന്തുകൊണ്ടാണ് പ്രാധാന്യമായിരിക്കുന്നത്?

**A.** ***നമ്മുടെ സ്വഭാവവൽക്കരണത്തിനും ജീവിതത്തിനും അനിവാര്യമാണ്.***

**B.** ***തെറ്റിപ്പോകാതിരിപ്പാൻ സഹായിക്കുന്നു. മത്തായി: 22:29, 2 തിമൊ. 4:2-4.***

**C.** ***വേദപുസ്തകത്തിൽ പലയിടത്തായി ചിതറിക്കിടക്കുന്ന സത്യങ്ങളെക്കുറിച്ച് വ്യക്തമായൊരു കാഴ്ചപ്പാട് ലഭിക്കുവാൻ സഹായിക്കുന്നു.***

## III. തിരുവെഴുത്തുകൾ

**A.** ***എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയമാണ്. 2 തിമൊ: 3:16, 2 പത്രോ. 1:21.***

1. "ദൈവനിശ്വാസീയം" ഗ്രീക്ക് പദം "തയോനിറ്റോസ്"

a. മനുഷ്യവായിലൂടെ അവൻെറ ശബ്ദം ഉച്ചരിക്കുന്നതുപോലെ.

b. ഒരു വ്യക്തി ഓടക്കുഴൽ വായിക്കുന്നതുപോലെ

2. പ്രത്യേകതകൾ:

a. ദ്വിവിധ കർത്തൃത്വം: പരിശുദ്ധാത്മാവിനാൽ ദാവീദ് എഴുതിയിരിക്കുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മർക്കോ: 12:36; സങ്കീ: 110.

b. അപൂർവ്വ സന്ദർഭങ്ങളിലൊഴിച്ച് ദൈവം ഒന്നും പറഞ്ഞുകൊടുത്തില്ല. പ്രത്യുത എഴുത്തുകാരെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിച്ചിരുന്നതേയുള്ളൂ. എന്നാൽ 10 കല്പനകൾ എഴുതിക്കൊടുത്തു.

c. ദൈവം എഴുത്തുകാരായി മനുഷ്യരേയും മനുഷ്യ ശൈലിയും ഉപയോഗിച്ചെങ്കിലും തെറ്റുപറ്റാതെ സൂക്ഷിച്ചിരുന്നു.

d. ബൈബിളിൽ ദൈവവചനം ഉണ്ടെന്നല്ല; ബൈബിൾ ദൈവവചനമാണ്.

e. ഇതിലെ ആശയങ്ങൾ മാത്രമല്ല ഓരോ വാക്കും ദൈവനിശ്വാസീയമാണ്.

**B.** ***തിരുവെഴുത്തിനെ സംബന്ധിച്ച് യേശുവിൻെറ വീക്ഷണം:***

1. ഓരോ വള്ളിയുടെയും പുള്ളിയുടേയും പ്രാധാന്യം - മത്താ: 5:18
2. തിരുവെഴുത്ത് അറിയാത്തവർ തെറ്റിപ്പോകുന്നു- മത്താ: 22:29
3. ദാവീദ് പരിശുദ്ധാത്മാവിൽ എഴുതി - മത്താ: 22:43
4. തിരുവെഴുത്ത് നിത്യമാണ് - മത്താ: 22:35
5. അവ ആത്മാവും ജീവനുമാകുന്നു - യോഹ: 6:63

6. അവ പ്രമാണിക്കപ്പെടേണ്ടതാകുന്നു - മത്തായി: 5:19
7. വചനത്തെ അപ്പത്തോട് ഉപമിച്ചിരിക്കുന്നു - മത്തായി: 4:4

C. ***തിരുവെഴുത്തുകളെ സംബന്ധിച്ച് അപ്പസ്തോലന്മാരുടെ വീക്ഷണം:***

1. പൌലോസും പത്രോസും എന്ത് പറയുന്നു?

a. ആത്മപ്രേരിതം; ഉപദേശത്തിനും, ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും ഉതകുന്നത്: 2 തിമോ: 3:16.
b. രക്ഷയ്ക്ക് ഒരുവനെ ജ്ഞാനിയാക്കുന്നു: 2 തിമോ: 3:15.
c. പ്രവചനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ല. 2 പത്രോ: 1:20.
d. ഇരു വായ്ത്തലയുള്ള ആത്മാവിൻെറ വാൾ. എഫെ: 6:17.
e. നിവർത്തിക്കപ്പെടേണ്ടത്: പ്രവർത്തി: 1:16.
f. പരിശുദ്ധാത്മാവിനാൽ സംസാരിക്കപ്പെട്ടത് - പ്രവർത്തി: 1:16.

2. യാക്കോബും യോഹന്നാനും എന്തുപറയുന്നു?

a. വ്യർഥാവിൽ സംസാരിക്കപ്പെട്ടതല്ല. യാക്കോ: 4:5.
b. കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ലാത്തത്; വെളി: 22:18,19.

D. ***ബൈബിളിൻെറ അതുല്യത.***

1. 40 തലമുറകളിലായി 1600 വർഷം കൊണ്ട് എഴുതപ്പെട്ടത്.
2. ജീവിതത്തിൻെറ വിവിധ തുറകളിലുള്ള 40 ൽ അധികം എഴുത്തുകാരാൽ എഴുതപ്പെട്ടത് (രാജാക്കന്മാർ, കർഷകർ, മുക്കുവന്മാർ, തത്വജ്ഞാനികൾ, കവികൾ, പണ്ഡിതന്മാർ, രാജ്യതന്ത്രജ്ഞർ).
3. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ എന്നീ 3 ഭൂഖണ്ഡങ്ങളിലിരുന്ന് എബ്രായ, ഗ്രീക്ക്, അരാമ്യ എന്നീ 3 ഭാഷകളിലായി എഴുതി പൂർത്തിയാക്കപ്പെട്ടത്.
4. വൈരുദ്ധ്യങ്ങളായ വിഷയങ്ങൾ വൈരുദ്ധ്യം കൂടാതെ എഴുതപ്പെട്ടിരിക്കുന്നു.
5. ഉടനീളമുള്ള ഏകത്വവും ഐക്യതയും - പരിശുദ്ധാത്മാവിൻെറ പ്രേരണ.
6. ഏറ്റവും പഴഞ്ചൻ പുസ്തകം; എന്നാൽ ഈ കാലഘട്ടത്തേക്കനിവാര്യം.
7. പരിശുദ്ധാത്മപ്രേരിതം.

## IV.യേശുക്രിസ്തു: തൻെറ സ്വഭാവം.

A. ***യേശുക്രിസ്തു: ദൈവപുത്രൻ: അതുല്യൻ***

1. യേശുവിൻെറ അവകാശവാദങ്ങൾ.

a. ദൈവീക ആരംഭം - യോഹ. 16:28
b. ദൈവീക ജ്ഞാനവും കൂട്ടായ്മയും - മത്താ: 11:27.
c. പിതാവിനെ തന്നിൽ വെളിപ്പെടുത്തുന്നു - യോഹ: 14:9-11.
d. ദൈവീക ഗുണങ്ങൾ.

1.. സർവ്വവ്യാപിത്വം: മത്താ: 18:20.
2. മരിച്ചവരെ ഉയർപ്പിക്കാനുള്ള ശക്തി - യോഹ: 5:21.
3. പാപമോചനത്തിനുള്ള അധികാരം - മർക്കോ: 2:5-10.
4. ന്യായവിധിക്കുള്ള അധികാരം - യോഹ. 5:22.

2. ക്രിസ്തുവിൻെറ അധികാരം.

a. അധികാരത്തോടെ സംസാരിച്ചു. മത്താ: 7:24-29.
b. എൻെറ അഭിപ്രായം എന്നോ എനിക്കു തോന്നുന്നു എന്നോ പറഞ്ഞില്ല.
3. വാക്കിലും പ്രവർത്തിയിലും ചിന്തയിലും പാപമില്ലായ്മ. യോഹ: 8:46, 1 പത്രോ. 2:22.
4. യേശുവിൻെറ ശിഷ്യന്മാരുടേയും സഹോദരനായ യാക്കോബിൻേറയും സാക്ഷ്യം:
a. യോഹ: 1:1-3, യോഹ: 20:28, പ്രവത്തി: 2:33-36.
b. യേശു യാഥാർത്ഥ്യമല്ലാതെ, വെറും മിഥ്യയായിരുന്നുവെങ്കിൽ തൻെറ സഹോദരനായ യാക്കോബിന് അത് അറിയാമായിരുന്നു. യാക്കോബ് യേശുവിനെ 'കർത്താവേ' എന്നുവിളിക്കുന്നു (യാക്കോ: 1:1)
5. യേശുവിൻെറ ഉയർത്തെഴുന്നേല്പ്. ദിവ്യത്വം ഇല്ലായിരുന്നെങ്കിൽ യേശു മരണത്തെ ജയിക്കയില്ലായിരുന്നു.

***B. വചനം: യേശുവിൻെറ മറ്റൊരു പേർ: യോഹ: 1:1-3, 14.***
1. മനുഷ്യൻെറ ചിന്ത, ഭാവം വ്യക്തിത്വം ഇവ വെളിപ്പെടുത്തുന്നതാണ് വചനം.
2. അതുപോലെ യേശു ദൈവത്തിൻെറ ചിന്ത, ഭാവം, വ്യക്തിത്വം എന്നിവ വെളിപ്പെടുത്തുന്നു. എബ്രാ. 1:1-3.
3. വചനത്തെപ്പോലെ യേശുവും നിത്യമാണ് യോഹ: 1:1,14.
4. വചനത്തെപ്പോലെ യേശുവും സൃഷ്ടിയിൽ പങ്കാളിയാണ്. യോഹ: 1:3, എബ്രാ: 1:3.

***C. മനുഷ്യപുത്രൻ***
1. യേശു സമ്പൂർണ്ണ മനുഷ്യൻ - എന്നാൽ പാപ സ്വഭാവം ഇല്ലാത്തവൻ. 1 പത്രോ: 2:22.
2. ജഡാവതാരം: ദൈവപുത്രനായ യേശു എങ്ങനെ കന്യകാ ജനനത്തിലൂടെ മനുഷ്യനായി?
a. യെശ: 7:14; മത്തായി: 1:23, ലൂക്കോ. 1:27-35.
b. ജഡാവതാരത്തിൻെറ ഉദ്ദേശം.
1. ദൈവത്തെ മനുഷ്യനു വെളിപ്പെടുത്തുവാൻ. യോഹ. 1:14.
2. ജീവിതത്തിന്നൊരു മാതൃക കാണിക്കുവാൻ. യോഹ: 3:15.
3. പാപയാഗമായിത്തീരുവാൻ: എബ്രാ: 10:1,2.
4. പിശാചിൻെറ പ്രവർത്തികളെ അഴിപ്പാൻ. 1 യോഹ: 3:8.
5. മനസ്സലിവുള്ള മഹാപുരോഹിതനായിരിപ്പാൻ. എബ്രാ: 5:5,6.
c. മനുഷ്യത്വത്തിൻെറ തെളിവുകൾ:
1. തൻെറ മനുഷ്യശരീരം: ഗലാ: 4:4; യോഹ: 1:14.
2. മനുഷ്യനെപ്പോലെ പ്രാണനും (മത്താ. 26:33) ആത്മാവും (ലൂക്കോ: 23:46) ഉണ്ടായിരുന്നു. യേശു 50% മനുഷ്യനും 50% ദൈവവും ആയിരുന്നില്ല. പകരം 100% മനുഷ്യനും 100% ദൈവവും ആയിരുന്നു.
3. മനുഷ്യ സ്വഭാവങ്ങൾ തന്നിലുണ്ടായിരുന്നു.
a. ദാഹം - യോഹ: 19:28
b. വിശപ്പ് - മത്തായി: 4:2
c. ക്ഷീണം - യോഹ: 4:6
d. കരഞ്ഞു - യോഹ: 11:35

***D. ക്രിസ്തുവിനെ സംബന്ധിച്ചുള്ള തെറ്റായ വീക്ഷണങ്ങൾ.***

1. ദൈവത്തിൻെറ മഹത്തായ ആദ്യ സൃഷ്ടി (യഹോവ സാക്ഷികൾ).
2. മനുഷ്യനായി കാണപ്പെട്ടതേയുള്ളു (ഒരു വേദവിപരീതം).
3. സ്നാനത്തോടെ ദൈവം അവനെ ദത്തെടുത്തു (ഏകത്വവാദികൾ).

**E.** ***ക്രിസ്തുവിനെ സംബന്ധിച്ച ശരിയായ വീക്ഷണം.***

1. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും.
2. മൂന്നാമതൊന്നായി തീരാതവണ്ണം രണ്ടു സ്വഭാവവും പൂർണ്ണമായി യേശുവിൽ ഒരുമിച്ചു ചേർന്നിരുന്നു.
3. പാപം ഇല്ലാത്തവൻ.

## V. ക്രിസ്തുവിൻെറ സ്ഥാനങ്ങൾ: അഭിഷിക്തൻ

യെശ: 11:1-3, യെശ: 6:1

**A** ***പ്രവാചകൻ - മത്തായി: 13:57***

1. ദൈവാലോചന മനുഷ്യനോടറിപ്പാൻ ദൈവം ഉപയോഗിക്കുന്ന മനുഷ്യനാണ് പ്രവാചകൻ: ദൈവത്തെ പ്രതിനിധീകരിക്കുന്നു.
2. പാപത്തിൽ നിന്നു വിടുതൽ പ്രാപിക്കാനുള്ള മാർഗ്ഗം മനുഷ്യനോട് യേശു അറിയിച്ചു.
3. യേശു പാപത്തെ ചൂണ്ടിക്കാണിച്ചു, ദൈവനീതി പ്രഘോഷിച്ചു, ദൈവവചനം അനുസരിപ്പാൻ ആഹ്വാനം ചെയ്തു.

**B.** ***പുരോഹിതൻ: എബ്രാ: 5:1-10***

1. മനുഷ്യൻെറ പ്രതിനിധിയായി ദൈവ മുമ്പാകെ നിൽക്കുന്നതിനും മനുഷ്യനുവേണ്ടി യാഗാർപ്പണത്തിനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ എബ്രാ: 8:3
2. മനുഷ്യൻെറ പാപമോചനത്തിനായി യേശു കാൽവറിയിൽ യാഗമായിത്തിർന്നു.
3. യേശു ഇന്നു മനുഷ്യനുവേണ്ടി പക്ഷവാദം ചെയ്യുന്നു എബ്രാ: 7:25.

**C.** ***രാജാവ്: 1തിമൊ: 6:15***

1. ഒരു രാജാവ് രാജ്യത്തിൻെറ ഭരണാധികാരിയും പരമാധികാരിയുമാണ്.
2. യേശുവിൻെറ രാജ്യം ഐഹീകമല്ല. മനുഷ്യാധികാരത്താൽ സ്ഥാപിതവുമല്ല. അനേകർ യേശുവിൻെറ പരമാധികാരത്തെ നിഷേധിക്കുന്നു. എന്നാൽ എല്ലാ മുഴങ്കാലും മടങ്ങുകയും എല്ലാനാവും ഏറ്റുപറയുകയും ചെയ്യുന്ന ദിനം വരുന്നു ഫിലി: 2:9-11

## VI. യേശുവിൻെറ ഇന്നത്തെ ശുശ്രൂഷ:

**A.** ***തൻെറ ജനത്തിനായി പ്രാർത്ഥിക്കുന്നു. എബ്രാ: 7:25***
**B.** ***നമുക്കായി സ്ഥലം ഒരുക്കുന്നു. യോഹ: 14:3***
**C.** ***തൻെറ സഭയാകും ശരീരത്തെ പണിയുന്നു. മത്താ: 16:18***
**D.** ***ഓരോ വിശ്വാസിയിലും അധിവസിച്ച് ശക്തീകരിക്കുന്നു. ഗാല: 2:20***
**E.** ***തൻെറ ജനത്തിൻെറ പ്രാർത്ഥനയ്ക്കു മറുപടി നൽകുന്നു. യോഹ: 14:12-14***

## VII.യേശുവിൻെറ ഭാവിശുശ്രൂഷ:

**A.** ***തൻെറ ശരീരമാകുന്ന സഭയുടെ ഉൽപ്രാപണത്തിന്നായിവരുന്നു. 1തെസ: 4:13-18***
**B.** ***കുഞ്ഞാടിൻെറ ക്രോധകലശം ഭൂമിയിൽ ഒഴിക്കുന്നു. വെളി: 6:16, 17***

## VIII. രക്ഷ:

**A.** ***ഗ്രീക്കുപദം ''സോറ്റീരിയ'' = വിടുതൽ, പരിരക്ഷണം, രക്ഷ.***

1. പാപത്തിൽ നിന്നും രോഗത്തിൽ നിന്നും പരാജയത്തിൽ നിന്നും മരണത്തിൽനിന്നും വിടുതൽ.
2. രക്ഷ എന്ന വാക്കിനർത്ഥം സകലത്തിലും ശുഭാവസ്ഥ.

**B.** ***നീതീകരണം:***

1. നീതികരിക്കുക എന്ന പദം കോടതി ഭാഷയാണ്. നീതിമാനെന്നു, കുറ്റക്കാരനല്ലെന്നു പ്രഖ്യാപിക്കുക.
2. ക്രൂശിൽ ചൊരിഞ്ഞ യേശുവിൻെറ രക്തത്താൽ വിശ്വാസത്തോടെ പിതാവായ ദൈവത്തിൻെറ മുമ്പാകെ നിൽപ്പാനുള്ള അവകാശം.
3. ദൈവത്തിൻെറ ദാനം പ്രവർത്തികളാൽ പ്രാപിക്കാൻ സാധ്യമല്ല. റോമ: 5:1, 2, 15-16.
4. നീതീകരിക്കുന്നവൻ ദൈവം: റോമ: 8:33
5. സ്ഥാനമാറ്റം - ഒരിക്കൽ ദൈവശിക്ഷയ്ക്കു യോഗ്യനായിരുന്നു
6. ഒന്നാമത് ദൈവം പാപത്തെ നീക്കി. അനന്തരം നീതി ധരിപ്പിച്ചു.
7. നീതീകരിക്കപ്പെട്ടവനെ യാതൊരു പാപവും ചെയ്യാത്തവനായി പിതാവായ ദൈവം കാണുന്നു. (മുടിയനായ പുത്രൻ)
8. നീതീകരണത്തിൻെറ അനുഗ്രഹം

a. മരണത്തിൽനിന്നുള്ള വിടുതൽ. സദൃ: 10:2
b. സമൃദ്ധിയായ ജീവൻ - സദൃ: 11:19, 30; 12:28
c. സമാധാനവും ആത്മവിശ്വാസവും - യെശ: 32:17

1 **C** ***നവീകരണം (പുനർജ്ജനനം)***

1. യേശുവിൻെറ ജീവൻ വിശ്വാസിയിൽ പകരപ്പെടുന്നു.
2. പുനർജ്ജനനത്തിൻെറ പുതിയനിയമ വിശദീകരണം

a. അതൊരു ജനനമാണ് - യോഹ: 3:3-8
b. ശുദ്ധീകരണം - തീത്തോ: 3:5
c. പുതു സൃഷ്ടി - 2കൊറി: 5:17, എഫെ: 2:10

3. ആത്മീയ ജീവൻ പെട്ടെന്നുണ്ടാകുന്നു; മാർമ്മികമായി വെളിപ്പെടുന്നു, യഥാക്രമമായി പുരോഗമിക്കുന്നു.
4. ഒരു പ്രത്യേക അനുഭവം: വേറൊരു മതവും പാപത്തിൽ നിന്നും ദൈവസ്വഭാവത്തിലേയ്ക്കുള്ള വളർച്ച വാഗ്ദാനം ചെയ്യുന്നില്ല.
5. പുതുജനനം എന്ത് അല്ല?

a. ജലസ്നാനമല്ല: 2യോഹ: 3:5, എഫെ: 5:25-26, വെള്ളം വചനത്തിനു നിഴൽ
b. നവോത്ഥാനമല്ല: ഇതു മാനുഷീകം എന്നാൽ പുതുജനനം ദൈവീകം. തീത്തോ: 3:5
c. സഭാംഗത്വമല്ല: മനുഷ്യ വസ്ത്രം ധരിച്ച മൃഗം മനുഷ്യനാകുന്നില്ല. പാപി സഭാംഗത്വം സ്വീകരിച്ചാൽ പാപിയല്ലാതാകുന്നില്ല.

6 എന്താണു പുതുജനനം?

a. ദൈവജീവൻ പകരപ്പെടുന്ന ആത്മീയ അനുഭവം 1 പത്രോ: 1:23
b. യേശുവിൽ വിശ്വാസിക്കുമ്പോൾ പാപത്താൽ നഷ്ടമായ ദൈവാത്മാവ് തിരികെ ലഭിക്കുന്നു.
c. കല്ലായ ഹൃദയം മാറി മാംസളമായ ഹൃദയം ലഭിക്കുന്നു യെഹ.36:26.

7. ഉപസംഹാരം: വീണ്ടും ജനനത്താൽ ദൈവജീവനും സ്വഭാവവും ശക്തിയും പ്രാപിക്കുന്നു. ഗലാ: 2:20, കൊലോ: 1:27; യോഹ: 15:5- ജയ ജീവിതത്തിൽ നിന്നുള്ള ശക്തി കുറയുന്നത് അവിശ്വാസത്താൽ മാത്രം.

*D.* ***ദത്തെടുപ്പ്:***

1. സ്വാഭാവികമായി പുത്രന്മാർ അല്ലാത്തവർക്ക് പുത്രത്വം നൽകുന്ന രീതിയാണ് ദത്തെടുപ്പ്: റോമർ: 8:15, ഗലാ: 4:5
2. ദൈവം വിശ്വാസികളെ പുത്രന്മാരായി ദത്തെടുക്കയല്ല. പകരം നാം പരിശുദ്ധാത്മാവിനാൽ പുത്രന്മാരായി ജനിക്കപ്പെടുകയാണ്. വിശ്വാസത്താൽ നാം ദൈവകുടുംബത്തിൽ ജനിക്കപ്പെടുന്നു.
3. ദത്തെടുപ്പ് ദൈവകുടുംബത്തിലേയ്ക്കുള്ള അവകാശിയായി ജനിക്കപ്പെടുന്ന അവസ്ഥയാണ്.
4. പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം

a. പഴയനിയമത്തിൽ ഇസ്രായേലിനെ ശിശുക്കളായി പരിഗണിക്കപ്പെട്ടു. ന്യായപ്രമാണമായിരുന്നു അവരുടെ ന്യായപാലകർ. എന്നാൽ പുതിയനിയമത്തിൽ വിശ്വാസികളെ മുതിർന്നവരായി പരിഗണിക്കുന്നു. ഗലാ: 4:1-7.

b. പുത്രത്വത്തിന്റെ പ്രാധാന്യത: പരിശുദ്ധാത്മാവ് വസിച്ച് നയിക്കുന്നു.

5. പിതാവുമായുള്ള ബന്ധത്തിന്റെ നന്മകളും പദവികളും

a. പിതാവിന്റെ കരുതൽ - ലൂക്ക: 12:4-7

b. ബാല ശിക്ഷ - എബ്രാ: 12:5-11

c. ആശ്വാസം - 2 കോരി: 1:3-4

d. അവകാശങ്ങൾ - റോമർ: 3: 16-17

6. ദൈവീകകുടുംബത്തിൽ ആയിരിക്കുന്നതിന്റെ അനുഗ്രഹങ്ങൾ:

a. കുടുംബപ്പേരിൽ അവകാശം - ഫിലി: 2:9

b. കുടുംബത്തിന്റെ സ്വരൂപം 2കൊറി. 5:17

c. കുടുംബത്തിന്റെ സ്നേഹം - 1യോഹ: 1:3; 3:14

d. കുടുംബത്തൊഴിലിൽ പങ്കും ഓഹരിയും-

7. ഭാവി അനുഗ്രഹങ്ങൾ: തേജസ്ക്കരിക്കപ്പെട്ട ശരീരം: റോമ: 8:23; ഫിലി: 3:20, 21

## IX. വിശുദ്ധീകരണം:

***A. ദൈവം ഒരുവനെ വിളിക്കുമ്പോൾ പാപത്തിൽ നിന്ന് അവനെ വിശുദ്ധീകരിച്ച്, വേർതിരിച്ച് തന്റെ മഹത്വത്തിനായി ഉപയോഗിക്കുന്നു.***

***B. വിശുദ്ധീകരണത്തിന് രണ്ടു വശമുണ്ട്.***

1. പാപത്തിൽ നിന്നുമുള്ള വേർതിരിവ്.
2. ദൈവത്തിനു വേണ്ടിയുള്ള വേർതിരിവ്.

***C. "വിശുദ്ധീകരിക്കുക" എന്ന പദത്തിനർത്ഥം:***

1. മഹത്വത്തിനും ആരാധനയ്ക്കും യോഗ്യനാക്കുക: ലൂക്കോ: 11:2, പത്രോ: 3:15
2. മാലിന്യത്തിൽ നിന്ന് വേർതിരിച്ച് ദൈവത്തിനായി സമർപ്പിക്കുക മത്താ.23:17

3. അശുദ്ധിമാറ്റി നിർമ്മലീകരിക്കുക. എഫെ: 5:26; 1തെസ: 5:23

**D.** ***വിശുദ്ധീകരണത്തിൽ താഴെ പറയുന്ന 2 അവസ്ഥകൾ ഉൾക്കൊള്ളുന്നു.***

1. സ്ഥാനം:

a. ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെടുന്ന ഒരനുഭവം; മാനസാന്തരത്തിൽ ഇതാണു നടക്കുന്നത്. 1കൊരി: 6:11, എബ്രാ: 10:14; 1പത്രോ: 1:2.

b. ക്രിസ്തുവത്രെ നമ്മെ വിശുദ്ധീകരിക്കുന്നത്. 1 കൊറി. 1:30.

2. അനുഭവം:

a. സകല മാലിന്യങ്ങളിൽ നിന്നുമുള്ള വിശുദ്ധീകരണം. 2 കൊരി: 7:1.

b. ക്രിസ്തുവിൻെറ രൂപത്തോട് അനുരൂപപ്പെടുന്ന അനുഭവം. 2കൊരി: 3:18; റോമ: 8:29.

c. പഴയ മനുഷ്യനെ ഉരിഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്ന അനുഭവം. കൊലോ: 3:8-13.

1. സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുക - റോമ: 12:1
2. മനസു പുതുക്കി രൂപാന്തരപ്പെടുക. എഫെ: 4:23, റോമ: 12:1,2
3. പഞ്ചവിധ ശുശ്രൂഷകന്മാർക്കു കീഴടങ്ങുക - എഫെ: 4:11,12
4. ആത്മാവിനെ അനുസരിച്ചു നടക്കുക - ഗലാ: 5:16
5. പൂർണ്ണമായി യേശുവിൽ ആശ്രയിക്കുക- പ്രവ: 26:18

3. ഉപസംഹാരം: നീ ദൈവപൈതലായി മാറുമ്പോൾ നീ ഒരു സാധാരണക്കാരനല്ലാതായി മാറുന്നു. ദൈവീക ഉപയോഗത്തിന്നായി വേർതിരിക്കപ്പെട്ടവനായിത്തീരുന്നു.

## X. സഭ:

**A.** ***എന്താണ് സഭ? ''എക്ളീസിയ'' എന്ന ഗ്രീക്ക് പദത്തിൻെറ അർത്ഥം വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ്.***

1. ഒരു പട്ടണത്തിലെ വിശ്വാസികളെ മുഴുവനായി സൂചിപ്പിക്കുന്നു. പ്രവ: 11:22; 13:1.
2. പ്രാദേശീക കൂടി വരവുകളെ ഉദ്ദേശിക്കുന്നു. 1കൊരി: 14:19,35. റോമ: 16:5.
3. സാർവ്വദേശീയ വിശ്വാസി സമൂഹം - എഫെ: 5:32.

**B.** ***''ചർച്ച്'' എന്ന ഇംഗ്ലീഷ് പദം ''കോസ്'' എന്ന ഗ്രീക്കു പദത്തിൽനിന്നും വന്നതാണ്. ''കോസ്'' എന്ന വാക്കിനർത്ഥം ''കർത്താവിൻെറ വകയിൽ പെട്ടത്'' എന്നത്രെ.***

**C.** ***സഭ എന്നാൽ ലോകത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ടതും കർത്താവിന്നവകാശപ്പെട്ടതുമായ ജന സമൂഹം എന്നർത്ഥം.***

**D.** ***സഭയെ വിവിധ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു.***

1. ക്രിസ്തുവിൻെറ ശരീരം: എഫെ: 4:4; 1കൊരി: 12:12-27

a. സഭ ഒരു സംഘടനയല്ല പകരം ജീവൽഘടകമാണ്.

b. ക്രിസ്തുവിൻെറ ജീവനാൽ ശക്തീകരിക്കപ്പെടുന്നു.

c. തനതായ ദൗത്യമുള്ള വിവിധ അവയവങ്ങൾ ഉണ്ട്.

2. ദൈവത്തിൻെറ ആലയം. 2പത്രോ: 2:5,6 എഫെ: 2:20-22

a. സഭയിൽ തൻെറ ആത്മാവിനാൽ ദൈവം വസിക്കുന്നു. 1കൊറി. 3:16,17.

b. ദൈവ മക്കളാകുന്ന പുരോഹിതർ ശുശ്രൂഷകൾ അർപ്പിക്കുന്നു - പ്രാർത്ഥന, സ്തുതി, നന്മപ്രവർത്തികൾ.

3. ക്രിസ്തുവിൻെറ കാന്ത: 2കോറി: 11:2; എഫെ: 5: 25-27.

a. യേശു സഭയെ സ്നേഹിക്കുന്നു, കരുതുന്നു; സൂക്ഷിക്കുന്നു.

b. സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നു.

***E. സഭയുടെ ദൗത്യം:***

1. മനുഷ്യർ രക്ഷിക്കപ്പെണ്ടേതിന് സുവിശേഷ പ്രഘോഷണം നടത്തുക. 1 തിമ: 2:4; മത്താ: 28: 19-20.

2. പ്രാർത്ഥനയും സ്തുതിയും അർപ്പിക്കുക. 1പത്രോ. 2:9; കൊലോ: 1:12; 1തെസ. 5:16-18

3. ശിഷ്യന്മാരെ ക്രിസ്തുവിൻെറ സമ്പൂർണ്ണതയായ പ്രായത്തിൻെറ അളവിലേക്കു വളർത്തുക: 2തിമ: 3:16,17; 1പത്രോ: 2:2.

4. കൂട്ടായ്മ പുലർത്തുക.
   a. ത്രിത്വവുമായി: 1യോഹ. 1:3, ഫിലി. 2:1
   b. തമ്മിൽത്തമ്മിൽ: പ്രവ: 2:42; 1യോഹ. 1:7.

5. സമൂഹത്തെ ധാർമ്മീക അധ:പതനത്തിൽനിന്നും സൂക്ഷിക്കുക: മത്താ: 5:13-16.

6. അന്ധകാര ശക്തിമേൽ ആധിപത്യം പുലർത്തുക: ലൂക്കോ. 10:18-20; എഫെ: 1:15-23.

***F. സഭാംഗത്വത്തിൻെറ ഗുണങ്ങൾ:***

1. ഐക്യത - ആമോ: 3:3
2. ശക്തിയുടെ ഉറവിടം - ലൂക്കോ: 22:32
3. ആശ്വാസത്തിൻെറ ഉറവിടം - റോമ: 1:12
4. തമ്മിൽ ഭാരങ്ങളെ ചുമക്കാം - ഗലാ: 6:2
5. ആത്മീയ ഉത്തേജനം - കൊലോ: 3:16
6. പാപത്തിൻെറ വഞ്ചനയിൽനിന്നും വിടുതൽ - എബ്രാ: 3:13

## XI. നിങ്ങളുടെ പ്രതികരണം.

***A. സഭായോഗം ഉപേക്ഷയായി വിചാരിക്കരുത് - എബ്രാ: 10:24,25.***

***B. സഹോദര സ്നേഹം നിലനില്ക്കട്ടെ - എബ്രാ: 13:1***

***C. ഏക മനസ്സോടെ സുവിശേഷത്തിൻെറ വിശ്വാസത്തിന്നായി പോരാട്ടം കഴിക്കുക. ഫിലി. 1:27.***

# രക്ത ഉടമ്പടി

## I. രക്ത ഉടമ്പടി എന്നാലെന്ത്?

**A.** ***രണ്ടു വ്യക്തികളോ സമൂഹമോ തമ്മിൽ ചെയ്യുന്ന ഉടമ്പടി അല്ലെങ്കിൽ കരാർ. ഇത് രക്തം ചൊരിഞ്ഞുകൊണ്ട് മുദ്രയിടുന്നു.***

1. മനുഷ്യചരിത്രത്തിൽ ഏറ്റവും ശക്തമായ ഉടമ്പടിയാണിത്.
2. ഒരിക്കലും അഴിക്കാനാവാത്ത ബന്ധം.

**B.** ***മനുഷ്യനോടുള്ള ബന്ധത്തിൽ ഏറ്റവും പുരാതനമായ ഉടമ്പടി.***

1. ഏദൻ തോട്ടത്തിൽ വെച്ച് ഇത് ആരംഭിച്ചതായി പണ്ഡിതന്മാർ കരുതുന്നു.

a. ആദാമിൻേറയും ഹവ്വയുടേയും നഗ്നത മറയ്ക്കുവാൻ ദൈവം മൃഗത്തെ കൊന്നു. ഉല്പ: 3:21.

b. മൃഗത്തിൻെറ രക്തം പാപത്തെ മറച്ചു. എബ്രാ: 9:22

**C.** ***ബൈബിളിൽ രക്തം ചൊരിയുന്നത് ജീവൻ നല്കുന്നതിനു നിഴലായിരിക്കുന്നു.***

1. മരണത്തെ സൂചിപ്പിക്കുന്നില്ല. ലേവ്യ: 17:10,14
2. മറ്റൊന്നിനു ജീവൻ നല്കുന്നത് ശ്രേഷ്ഠമായ സ്നേഹം: യോഹ: 15:13

**D.** ***പരിധിയില്ലാത്ത ഉടമ്പടി***

1. നേട്ടങ്ങളും, ബാദ്ധ്യതകളും കടങ്ങളും താലന്തുകളും എല്ലാം പങ്കുവയ്ക്കപ്പെടുന്നു.

a. ബാദ്ധ്യതകൾ പങ്കാളിയുമായി പങ്കിടുന്നു.

b. നേട്ടങ്ങൾ പങ്കിടപ്പെടുന്നു.

2. ഇന്നത്തെ ഉടമ്പടികൾ പലതും പരിമിതമാണ്

a. പെയിൻറിംഗ് കരാറുകാരൻ ഇലക്ട്രിക് വർക്ക് ചെയ്യുന്നില്ല.

b. രക്ത ഉടമ്പടിക്കു പരിതിയില്ല. ജീവിതത്തിൻെറ എല്ലാവശവും ഉൾപ്പെടുന്നു.

**E.** ***തകർക്കുവാൻ പറ്റാത്ത ഉടമ്പടി***

1. പുരാതന സംസ്ക്കാരത്തിൽ ഏറ്റവും പരിശുദ്ധമായ ഉടമ്പടി
2. രക്ത ഉടമ്പടി സാർവ്വ ലൌകീകമാണ്.
3. ഒരിക്കലും തകർക്കപ്പെടാനാവാത്തതായി ഉപയോഗിക്കപ്പെട്ട ഇടങ്ങളിൽ അവകാശപ്പെടുന്നു..

a. രക്ത ഉടമ്പടി ലംഘിക്കുന്നവന് മരണശിക്ഷ.

b. സ്വന്ത കുടുംബക്കാർ തന്നെ ഉടമ്പി ലംഘിച്ചവനെ വധിക്കുന്നു.

## II. രക്ത ഉടമ്പടിയിൽ പ്രവേശിക്കേണ്ടതിൻെറ ആവശ്യകത

**A.** ***സംരക്ഷണം.***

1. ബലഹീനനായൊരു വ്യക്തിയോ ഗോത്രമോ ശക്തരായവരുമായി സംരക്ഷണത്തിനുവേണ്ടി ഉടമ്പടി ഉണ്ടാക്കുന്നു.

a. ഉടമ്പടിയിലെ ഒരു വ്യക്തിയെ ആക്രമിക്കുന്നത് മറ്റേവ്യക്തിയെകൂടി ആക്രമിക്കുന്നതിനു തുല്യം.

b. സഹായത്തിനു മറ്റുള്ളവർ വരുന്നതിന് ബാദ്ധ്യസ്ഥരാകുന്നു.

**B.** ***ഇടപാടുകൾ ഫലകരമാക്കുവാൻ.***

1. തമ്മിൽ ചൂഷണം ചെയ്യപ്പെടാതിരിക്കാൻ.
2. കള്ളന്മാർ ചിലപ്പോൾ ഇപ്രകാരം ഉടമ്പടി ചെയ്യുന്നു - മറ്റു കള്ളന്മാരിൽ നിന്നും സംരക്ഷണത്തിന് വേണ്ടി.

*C. സ്നേഹത്തേപ്രതി.*

1. ഉടമ്പടിയുടെ പ്രധാനകാരണം സ്നേഹമാണ്
2. ദാവീദും യോനാഥാനും തമ്മിലുള്ള സ്നേഹ ഉടമ്പടി 1ശമു: 18:1,4
3. വിവാഹ ഉടമ്പടി. വിവാഹ പങ്കാളികളും തകർക്കാനാവത്തവിധം ഇങ്ങനെ രക്തഉടമ്പടി ചെയ്യാറുണ്ട്.

## III. രക്ത ഉടമ്പടിയിലേയ്ക്കുള്ള പ്രവേശന വഴികൾ

***A. കൈവെള്ള (ഉള്ളം കൈ) മുറിച്ച് ഹസ്തദാനം ചെയ്യുക***

1. ഹസ്തദാനത്തിൻെറ തുടക്കം ഇങ്ങനെയാണ്. കൈകളിലൂടെ രക്തം കലരുന്നു.
2. ഇരുവരുടേയും മുറിഞ്ഞ കരങ്ങളിലൂടെയുള്ള രക്തദാനനം രക്തം കലർത്തുന്നു.

***B. കൈത്തണ്ട മുറിച്ച് രക്തം തമ്മിൽ കലർത്തുന്നു.***

***C. കൈത്തണ്ട മുറിച്ച രക്തം വീഞ്ഞു പാത്രത്തിൽ കലർത്തികുടിക്കുന്നു.***

1. ഉടമ്പടിയിലെ ഓരോവ്യക്തിയും വീഞ്ഞും രക്തവും കലർന്ന പാനീയം കുടിക്കുന്നു.
2. വചനവിരുദ്ധം - a. ലേവ്യ: 17:10

b. നരഭോജനത്തിൻെറ ആരംഭമായി കണക്കാക്കുന്നു.

***D. മനുഷ്യരക്തത്തിനു പകരം മൃഗരക്തം പഴയനിയമത്തിൽ പാപങ്ങളെ മറയ്ക്കാനായി ഉപയോഗിച്ചുവന്നു.***

## IV. രക്ത ഉടമ്പടിയിലേയ്ക്കു പ്രവേശിക്കുന്ന പടികൾ

***A. എട്ടു പടികളാണ് സാധാരണയാചരിച്ചുവരുന്നത്.***

**1. വസ്ത്രങ്ങൾ തമ്മിൽ കൈമാറുന്നു. 1. ശമു: 18:3-4**

**2. ആയുധങ്ങൾ തമ്മിൽ കൈമാറുന്നു.**

a. സകലശക്തിയും യുദ്ധതന്ത്രങ്ങളും കൈമാറുന്നതിൻെറ നിഴൽ
b. ദൈവത്തിൻെറ ശക്തിയും അധികാരവും നമുക്കു തന്നിരിക്കുന്നു.
c. ദൈവത്തിൻെറ സർവ്വായുധങ്ങൾ നമുക്കു തന്നിരിക്കുന്നു
d. ദൈവത്തിൻെറ സംരക്ഷണം. ഉടമ്പടിയലൂടെ ഉറപ്പാക്കുന്നു.

**3. പേരുകൾ കൈമാറുന്നു.**

a. ഓരോ വ്യക്തിയും പേരിൻെറ ഒരു ഭാഗം തമ്മിൽ ഏറ്റെടുക്കുന്നു.
b. ഉടമ്പടിയിലെ വ്യക്തികൾക്ക് ഉടമ്പടി പങ്കാളിയുടെ പേര് ഉപയോഗിക്കുന്നതിന് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതാണ്.
c. യേശു എന്നതാണ് നമ്മുടെ ഉടമ്പടി പങ്കാളിയുടെ പേര്.

4. ശരീരം മുറിച്ച് രക്തം ഒഴിക്കുന്നത്.

a. ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന പദം (ഹിബ്രു) രക്തം പുറപ്പെടുന്നതുവരെ ശരീരം മറിക്കുക.
b. ഉടമ്പടിയുടെ മുദ്രയാണ് രക്തം ചിന്തൽ.
c. മുറിവേറ്റ സ്ഥാനത്ത് ചാരം (ഭസ്മം) തേച്ച് സ്ഥിരമായി ഒരുപാടുണ്ടാക്കുന്നു.
d. ഏവർക്കും കാണാവുന്ന അടയാളം
e. മുറിവേൽക്കപ്പെട്ട വ്യക്തിയാണ് ഉടമ്പടി ഉണ്ടാക്കപ്പെട്ട സമൂഹത്തിൻെറ തലവൻ. എന്നാൽ ഉടമ്പടി എല്ലാവർക്കും ബാധകമാണ്.

5. മൃഗങ്ങളെ രണ്ടായിപിളർക്കൽ

a. ഉടമ്പടിയുടെ ഭാഗമായി യാഗ മൃഗത്തെ രണ്ടായി പിളർക്കുന്നു.

b. പിളർന്നു വച്ച ഭാഗത്തിൻെറ നടുവിലൂടെ ഉടമ്പടി ചെയ്യുന്ന വ്യക്തികൾ 8 എന്ന ആകൃതിയിൽ നടക്കുന്നു.

6. അനുഗ്രഹങ്ങളുടെയും ശാപത്തിൻെറയും പ്രഖ്യാപനം

a. ഉടമ്പടിയിലെ ഓരോവ്യക്തിയും അന്യോന്യം അനുഗ്രഹങ്ങളും ശാപങ്ങളും തമ്മിൽ തമ്മിൽ പ്രഖ്യാപിക്കുന്നു.

b. ഉടമ്പടിയിലെ വ്യവസ്ഥകൾ അനുസരിക്കുന്നവർക്കു അനുഗ്രഹങ്ങളും നിരസിക്കുന്നവർക്ക് ശാപങ്ങളും.

c. ആവർത്തനം 28-ൽ ഉള്ളതാണ്. അനുഗ്രഹവും ശാപവും.

7. ഓർമ്മ സ്തംഭം നാട്ടൽ

a. ഉടമ്പടിയെ അനുസ്മരിപ്പിക്കുവാൻ ഓർമ്മ സ്തംഭം നാട്ടുന്നു.

b. തിരുവെഴുത്തിലെ തെളിവുകൾ

1. വലിയ കല്ല് – ഉല്പ: 31:44, 45.

2. കൽക്കൂമ്പാരം – ഉല്പ: 31:46–51

3. ഉടമ്പടി എഴുതിയ കല്ല്.

4. മൃഗങ്ങളെ കൈമാറുന്നു ഉല്പ: 21: 28, 30

5. വൃക്ഷങ്ങൾ നടുന്നു ഉല്പ: 21:31, 32

c. ഇതെല്ലാം ഒന്നിച്ചോ, ഒറ്റതിരിച്ചോ ചെയ്തു എന്നും വരാം.

8. ഉടമ്പടി ഭോജനം:

a. അപ്പവും വീഞ്ഞുമാണ് സാധാരണ ഉടമ്പടി ഭോജനത്തിലുള്ളത്.

b. അപ്പം ശരീരത്തെയും വീഞ്ഞ് രക്തത്തേയും സൂചിപ്പിക്കുന്നു.

***B. ഈ എട്ടു പടികളും എപ്പോഴും ആവർത്തിക്കപ്പെടണമെന്നില്ല. ഒന്നോരണ്ടോ പടികൾ പൂർത്തീകരിച്ചാലും മതിയാകും.***

## V. ദൈവവുമായുള്ള നമ്മുടെ രക്ത ഉടമ്പടി.

***A. എന്തുകൊണ്ട് നാം ദൈവവുമായി രക്ത ഉടമ്പടി ഉണ്ടാക്കിയിരിക്കേണം?***

1. ദൈവം ആദാമിനെ, ഭൂമിയെ വാഴുവാൻ സൃഷ്ടിച്ചു: ഉല്പ: 1:26,28

2. തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം മനുഷ്യനുകൊടുത്തു.

a. ആദാം അനുസരണക്കേടു തിരഞ്ഞെടുത്തു.

b. തൻെറ അധികാരം സാത്താനു കൈമാറി.

c. തൻെറ ആത്മാവു മരിച്ചു. ദൈവത്തിൽ നിനും അന്യപ്പെട്ടു.

d. ദാരിദ്ര്യം, രോഗം, മരണം, മനുഷ്യൻെറ മേലായിത്തീർന്നു.

***B. ദൈവം മനുഷ്യനുമായി സംസർഗ്ഗത്തിനാഗ്രഹിക്കുന്നു.***

1. മനുഷ്യനെ ദൈവീക കൂട്ടയ്മയിലേയ്ക്കു കൊണ്ടുവരുവാൻ ദൈവം പ്രവർത്തിച്ചു.

2. അബ്രഹാമിനെ തിരഞ്ഞെടുത്തു (തന്നെ വിശ്വസിച്ചനുസരിക്കുവാൻ).

3. ആദാമിനെ നശിപ്പിച്ച് മറ്റൊരുആദാമിനെ സൃഷ്ടിക്കുവാൻൻ ദൈവം തുനിഞ്ഞില്ല.

a. ഭൂമിയും അതിലുള്ളതും സാത്താൻേറതായി.

b. സാത്താനു കൈമാറിയതിനാൽ ഇനി പൊടികൊണ്ട് ഒരു മനുഷ്യനെ ഉണ്ടാക്കുക സാധ്യമല്ല.

4. സ്വർഗ്ഗീയനായ ഒടുവിലത്തെ ആദാമായ ക്രിസ്തു വീണ്ടെടുപ്പിനായി വന്നു. മനുഷ്യാൽ വീഴ്ച്ചയും മനുഷ്യനാൽ ഉദ്ധാരണവും (റോമ. 5:17–18)

**C.** ***ദൈവം അബ്രഹാമിൽ തൻെറ പ്രവർത്തി നിർവഹിക്കാവുന്ന ഒരു വ്യക്തിയേകണ്ടു.***

1. ദൈവം അബ്രാമിനെ വിളിക്കുന്നു. ഉല്പ: 12:1-6
2. ദൈവം അബ്രഹാമിനെ സന്ധിക്കുമ്പോൾ വയസ്സ് 75-വയസ്.
3. സകലവും വിട്ടു പുറപ്പെടാൻ കല്പിച്ചു. അവൻ അനുസരിച്ചു.
4. ദൈവം അബ്രാമിന് പല വാഗ്ദാനങ്ങൾ നൽകി. അബ്രാം അതു വിശ്വസിച്ചു. ഉല്പ: 12:2, 3

**D.** ***ദൈവം അബ്രാമിനോട് രക്ത ഉടമ്പടിയിലേർപ്പെടുന്നു.***

1. അബ്രാമുമായുള്ള രക്ത ഉടമ്പടി.
a. ഞാൻ നിൻെറ പരിചയും മഹത്തായ പ്രതിഫലവും v1
b. നീ എനിക്ക് എന്തുതരുംv2
c. ദൈവത്തിൻെ മറുപടി v5
d. അബ്രഹാം വിശ്വസിച്ചു നീതിയായി കണക്കിട്ടു v6
e. അബ്രാമിനോടുള്ള വാഗ്ദത്തം v15
2. ഇത് തിനക്കെങ്ങനെ അറിയാം എന്നു അബ്രാം ചോദിക്കുന്നു?
a. ദൈവം അബ്രാമിനോട് ഉടമ്പടി യാഗം കൊണ്ടുവരാൻ ആവശ്യപ്പെട്ടു.
1. രക്ത ഉടമ്പടി സംഭാഷണം
2. അബ്രാമിന് അതറിയാമായിരുന്നു.
3. ദൈവം കാര്യമായി സംസാരിക്കുന്നു എന്ന് അവൻ അറിഞ്ഞു.
4. ദൈവം വാക്കു പാലിക്കുമെന്ന് അവൻ അറിഞ്ഞു.
b. അബ്രാം മൃഗങ്ങളെകൊണ്ടുവന്നു നടുവെ പിളർന്നു.
1. പക്ഷികളെ ആട്ടിക്കളഞ്ഞു (ശത്രു അനുഗ്രഹം എടുത്തുകളവാൻ വരുന്നു).
2. പിളർക്കപ്പെട്ട മൃഗങ്ങളുടെ നടുവിലൂടെ ഉടമ്പടി പങ്കാളി തന്നോടുകൂടെ നടക്കുവാൻ അബ്രാം കാത്തിരുന്നു.
c. അബ്രാം ഗാഢനിദ്രയിലായി - v12. ദൈവം അബ്രാമിനോടു സംസാരിക്കുന്നു.
d. പുകയുന്ന തീച്ചൂളയും ജ്വലിക്കുന്ന പന്തവും കടന്നുപോയി v17.
1. പുകയുന്ന തുച്ചൂള - പിതാവാം ദൈവം പുറ: 19:18
2. ജ്വലിക്കുന്ന പന്തം - പുത്രനാം ദൈവം വെളി: 21:23
3. യേശു അബ്രാമിൻെറ സ്ഥാനത്തുനിന്നുകൊണ്ട് ഉടമ്പടി ഉറപ്പാക്കുന്നു.

**E.** ***അബ്രാഹാമിനോടുള്ള ഉടമ്പടിയോടെ സകല മനുഷ്യരോടും ബന്ധപ്പെടുന്നു.***

1. ഒന്നാമത്തെ പടിയായ ഒടുവിലത്തെ ആദാമാകുന്ന ക്രിസ്തുവിനെ ഭൂമിയിലേയ്ക്ക് അയച്ചു.
2. ഈ ഉടമ്പടിയിൻ കീഴിലുള്ളവർക്കു ധാരാളം നന്മകളുണ്ട്.
a. ക്രൂശികരണത്തിനു മുമ്പ് ഭാഗീകമായി ലഭിച്ചു. ക്രൂശീകരണം മൂലം നമുക്കും.
b. വീണ്ടും ജനനം പ്രാപിപ്പാനോ ആത്മാവു പ്രാപിപ്പാനോ അവർക്ക് സാധ്യമല്ല.
c. അവർ ഉടമ്പടി പാലിച്ചെങ്കിൽ അനുഗ്രഹവും, അഭിവൃദ്ധിയും, ഉയർച്ചയും ദീർഘായുസ്സും പ്രാപിച്ചു. ആവ: 28: 1-4

ക്രൂശുമരണത്തെ മുന്നിൽകണ്ടു. അതു നീതിയായി കണക്കിട്ടു.

F. *പേരുമാറ്റം രക്ത ഉടമ്പടിയുടെ ഒരു പടി.*

യാഹ്വെ "YHWH" എബ്രായ ഭാഷയിൽ ദൈവത്തിൻെറ പേരിലെ 'H' എന്ന അക്ഷരം അബ്രാമിൻെറയും സാറായുടെയും പേരിനോടു ചേർത്തു.

അബ്രാമിനെ - അബ്രാഹം എന്നാക്കി =ബഹുജാതികൾക്കു പിതാവ്.

b. സാറായിയെ - സാറാഹ് എന്നാക്കി = രാജകുമാരി ഉല്പ: 17:15

2. ദൈവം തൻെറ പേരുമാറ്റി.

a. അബ്രാമുമായി ഉടമ്പടി ഉണ്ടാക്കിയശേഷം തൻെറ പേർ "അബ്രാമിൻെറ ദൈവം" എന്നാക്കി.

b. തുടർന്ന് ഇസഹാക്കിൻെറയും യാക്കോബിൻെറയും" എന്നും.

c. പിന്നീട് തന്നെത്താൻ അതുപയോഗിക്കുന്നു. പുറ: 3:6

G. *അബ്രാഹാമിനോടുള്ള ഉടമ്പടി ഒരു നിത്യ ഉടമ്പടിയായിരുന്നു.*

1. നാം അബ്രാഹാമിൻെറ സന്തതിയും അവകാശികളും - ഗലാ. 3:13, 14:29
2. നിലനിൽക്കാത്ത ഒന്നിൻെറ അവകാശികളാകാൻ സാധ്യമല്ല.
3. അബ്രഹാമ്യ ഉടമ്പടി ഇന്നും നിലനിൽക്കുന്നു.
4. രക്ത ഗന്ധമുള്ള മോശൈക ന്യായപ്രമാണം ക്രൂശുമരണത്താൽ മാറ്റപ്പെട്ടു.
5. നാം ഇനി മേലാൽ ന്യായപ്രമാണത്തിൻെറ ശാപത്തിലല്ല.
6. നാം യേശുവിലൂടെ വാഗ്ദത്തത്തിൻെറ അവകാശികൾ.

H. *രക്ത ഉടമ്പടിയിലെ അടുത്തപടി ഇരുവരുടെയും രക്തം ചിന്തൽ.*

1. അബ്രഹാമ്യ ഉടമ്പടിയിൽ പരിഛേദനായാൽ രക്തം ചിന്തപ്പെടുന്നു ഉല്പ: 17:8, 11:23
2. രണ്ടാമത്തെ ശ്രേഷ്ഠ ഉടമ്പടിയിൽ യേശുവിൻെറ രക്തം ചിന്തപ്പെടുന്നു.
3. പരിഛേദന അബ്രാഹാമിൻെറ ഉടമ്പടിയെക്കുറിച്ചോർമ്മിപ്പിച്ചു.

a. അബ്രഹാം വസ്ത്രം ധിരിക്കുമ്പോഴും കുളിക്കുമ്പോഴും, സറായുമായി ബന്ധപ്പെടുമ്പോഴും ഈ ഉടമ്പടി ഓർമ്മിപ്പിക്കപ്പെട്ടു.

b. പരിഛേദന തലമുറ തലമുറയായി ഉടമ്പടിയെ ഓർമ്മിപ്പിച്ചു.

I. *രക്ത ഉടമ്പടി ഒടുവിലത്തെ ആദാമിനെ (ക്രിസ്തുവിനെ) കൊണ്ടുവരാൻ ദൈവത്തെ നിയമപരമായി സാദ്ധ്യമാക്കി.*

1. ഉടമ്പടിയിലെ രണ്ടുവ്യക്തിക്കും കഴിവുകളും യോഗ്യതകളും അവകാശങ്ങളും ഉണ്ട്.
2. ഉടമ്പടിയിലെ ഏതോരു വ്യക്തിക്കും എന്തും അന്യോന്യം അവകാശപ്പെടാം.
3. ദൈവം അബ്രാഹാമിൽ നിന്നും ഇസഹാക്കിൻെറ യാഗം ആവശ്യപ്പെട്ടു. ഉല്പ. 22:2

a. ദൈവത്തിനറിയാമായിരുന്നു. അബ്രഹാം തനിക്കതെല്ലാം തരുമെന്ന്.

b. ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. കുറവുള്ളവനായി കണ്ടില്ല.

c. അബ്രാഹാമിൻെറ സമ്പൂർണ്ണ അനുസരണം യാഗമായി അംഗീകരിക്കപ്പെട്ടു. എബ്രാ: 11:7

d. ദൈവം യാഗത്തിനായി ഒരു ആട്ടുകൊറ്റനെ നൽകി. ഉല്പ:22:13

4. അബ്രഹാം തൻെറ ഏകജാതൻെറ യാഗം അർപ്പിച്ചപ്പോൾ അതിൽ കുറവായതൊന്നും ദൈവത്തിനുചെയ്യുവാൻ കഴിയുമായിരുന്നില്ല.

VI. വേദപുസ്തകത്തിൽ രണ്ടു ഉടമ്പടകളുണ്ട്. പഴയതും പുതിയതും.

*A. പഴയ ഉടമ്പടി ദൈവവും അബ്രാഹാമുമായിട്ടായിരുന്നു.*

*B. മോശയുടെ കാലത്ത് ന്യായപ്രമാണം കൂടി നൽകപ്പെട്ടു.*

1. ന്യായപ്രമാണം പുറപ്പാടു പുസ്തകത്തിലാണ്. ചെയ്യേണ്ടതും ചെയ്യരുതാത്തതുമായവയുടെ ലിസ്റ്റാണത്.
2. ലേവ്യ പുസ്തകം- പ്രമാണം ലംഘിക്കുമ്പോൾ ചെയ്യേണ്ട യാഗങ്ങളുടെ പട്ടിക.

a. യാഗങ്ങൾ പാപത്തെ മറക്കുന്നു.
b. യാഗരക്തങ്ങൾ പാപത്തെ മറക്കുന്നു. -നീക്കുന്നില്ല.
c. യേശുവിൻെറ രക്തം മാത്രം പാപത്തെ നിക്കുന്നു.

*C. ന്യായപ്രമാണ കാലത്ത് ആടുകളുടെയും കാളകളുടെയും രക്തം പാപത്തെ മറച്ചു.*

1. ഓരോപ്രാവശ്യവും പാപം ചെയ്യുമ്പോൾ പാപം മറയ്ക്കപ്പെടുവാൻ അതിനുള്ള യാഗം അർപ്പിക്കേണ്ടിയിരിക്കുന്നു.
2. ന്യായപ്രമാണത്തിൽ അഞ്ചുയാഗങ്ങളുണ്ട്.

a. ദഹനയാഗം, ഭോചനയാഗം, സമാധാനയാഗം, പാപയാഗം, അകൃത്യയാഗം
b. ഓരോപാപത്തിനുശേഷവും പാപങ്ങൾ ആവർത്തിക്കപ്പെട്ടിരുന്നനു.

*D. ന്യായപ്രമാണം-ഒരു താല്ക്കാലികവ്യവസ്ഥ ഗലാ.3:19.*

*E. കാരണം യേശുവിനെ അയയ്ക്കുവാൻ ദൈവം നേരത്തെ പ്ലാൻന ചെയ്തിരുന്നു.*

1. ലോകസ്ഥാപനനത്തിനുമുമ്പ് അറുക്കപ്പെട്ട കുഞ്ഞാട് -1പത്രോ. 1:19-21.
2. മുഷ്യൻെറ വീഴ്ച്ചയറിഞ്ഞ ദൈവം-രക്ഷാമാർഗ്ഗം മുന്നൊരുക്കി.
3. യാഗങ്ങളോടെ നൽകപ്പെട്ട പ്രമാണം മനനുഷ്യനെപ്പോഴും വീഴ്ച്ചയുണ്ടാക്കുമെന്നു വെളിപ്പെടുത്തുന്നു.

a. മനുഷ്യന് ദൈവകൃപ ആവശ്യമെന്നു വെളിപ്പെടുത്തുന്നു.
b. മനുഷ്യനു സ്വന്തം ശക്തിയാൽ പ്രമാണം പാലിക്കാൻ സാധ്യമല്ല.
c. ക്രൂശും രക്ഷകനും ആവശ്യമെന്നു ചൂണ്ടിക്കാണിക്കുന്നു.
d. ആർക്കും പൂർണ്ണമായി ന്യായപ്രമാണം നിവർത്തിപ്പാൻ സാധ്യമല്ല.

VII. മനുഷ്യന് ഒരു രക്ഷകൻെറ ആവശ്യകത.

*A. ലോകസ്ഥാപനത്തിനുമുമ്പേ യേശു മരണത്തിനായി നിയമിക്കപ്പെട്ടിരുന്നു. 1. പത്രോ: 1:19:21*

*B. കാലത്തികവിൽ ദൈവം യേശുവിനെ മരണത്തിന്നായി ലോകത്തിലേയ്ക്കയച്ചു. ഗലാ. 4:4*

*C. പാപം ചെയ്ത മനുഷ്യനെ ദൈവത്തോടു നരപ്പിക്കുവാൻ മനുഷ്യൻെറ മരണം അനിവാര്യമായിരുന്നു.*

1. ഏതെങ്കിലും ഒരുവ്യക്തി മരിച്ചാൽ പോരാ.
2. രക്ഷകൻ പാപസ്വഭാവമില്ലാത്തവൻ ആയിരിക്കേണം.
3. സമ്പൂർണ്ണമനുഷ്യനും ദൈവവുമായിരിക്കുന്നവൻ മരിക്കേണം.

a. ഒരു സാധാരണക്കാരൻെറ രക്തം മതിയായിരുന്നുവെങ്കിൽ അബ്രാഹാം ഇസഹാക്കിൻെറ യാഗം അർപ്പിച്ചാൽ മതിയായിരുന്നു.
b. ഇസഹാക്കിൻെറ രക്തം പാപം നീക്കുവാൻ പര്യാപ്തമല്ലായിരുന്നു.

4. പാപം ഇല്ലാത്ത രക്തം ചിന്തപ്പെടേണ്ടിയിരുന്നു.
5. മനുഷ്യരക്തം പുരുഷനിൽ നിന്നു വരുന്നു.

a. യേശുവിൻെറ രക്തം ദൈവികമാകുന്നു.
b. യേശുവിൻെറ രക്തം പാപം തീണ്ടാത്തതിനാൽ യാഗത്തിനുയോഗ്യം.

VIII. യേശുവിലൂടെ നമുക്ക് ശ്രേഷ്ഠ ഉടമ്പടി.

*A. ശ്രേഷ്ഠ ഉടമ്പടി; ശ്രേഷ്ഠവാഗ്ദാനങ്ങൾ*

1. പഴയഉടമ്പടി പൂർണ്ണമായിരുന്നില്ല (എബ്രാ. 8:7).
2. മനുഷ്യനെ പൂർണ്ണമായി ദൈവത്തോടു നിരപ്പിക്കുവാൻ കഴിഞ്ഞി

രുന്നില്ല.

3. ന്യായപ്രമാണം മനുഷ്യൻെറ പാപത്തെ വെളിപ്പെടുത്തുന്നതും ന്യായപ്രമാണം അനുസരിപ്പാനുള്ള കഴിവില്ലായ്മയും വെളിപ്പെടുത്തുന്നു. എഫെ: 3:24:25

*B.* ***യേശു ന്യായപ്രമാണം നിവർത്തിപ്പാൻവന്നു. മത്താ. 5:17:18***

1. യേശു ന്യായപ്രമാണം നിവർത്തിച്ചുമാറ്റി.

a. വാഗ്ദത്തസന്തതി വരുവോളം മാത്രം ന്യായപ്രമാണം നിലനിന്നു. ഗലാ. 3:19

b. വാഗ്ദത്ത സന്തതി യേശുവന്നു, ന്യായപ്രമാണം നിവർത്തിച്ചു - മാറ്റി.

2. യേശുവിൻെറ രക്തം ചൊരിയപ്പെട്ടതോടെ മൃഗയാഗം ആവശ്യമില്ല.

3. മോചിച്ചു മാറ്റപ്പെട്ടത് മൂടപ്പെടേണ്ട ആവശ്യമില്ല.

*C.* ***അബ്രഹാമ്യ ഉടമ്പടി ഇന്നും നിലനിൽക്കുന്നു.***

1. അബ്രഹാമുമായുള്ള ഉടമ്പടി നിത്യമായിരുന്നു.

2. നിവർത്തിക്കപ്പെടുന്നതിനുമുമ്പ് നീക്കുവാൻ സാധ്യമല്ല.

3. കൊലോ: 2:14

a. നമുക്കെതിരെ ഉണ്ടായിരുന്ന കൈയ്യെഴുത്ത് മായിച്ചുകളഞ്ഞു.

b. അബ്രഹാമ്യ ഉടമ്പടിയായിരുന്നില്ല; നമുക്കെതിരായിരുന്നത് ന്യായപ്രമാണമായിരുന്നു.

c. ന്യായപ്രമാണത്തെ ക്രൂശിച്ചു.

d. ന്യായപ്രമാണ ശാപത്തിൽ നിന്നും നാം വിമുക്തർ.

*D.* ***ക്രിസ്തുവിൻെറ അബ്രഹാമ്യ ഉടമ്പടി പൂർത്തിയാക്കപ്പെടുന്നു.***

1. രണ്ടാം വരവിൽ ഉല്പ. 15-ൽ ഉള്ള വാഗ്ദത്തദേശം യഥാസ്ഥാനത്താകും.

2. ഉടമ്പടിയുടെ വാഗ്ദത്തങ്ങൾ നിവർത്തിക്കുന്നു.

3. അതോടെ ഉടമ്പടിയ്ക്കു നീക്കം വരുന്നു.

4. ക്രിസ്തു അതോടെ 1000 ആണ്ടുവാഴുന്നു.

5. ഇനി അബ്രഹാമ്യ ഉടമ്പടിയുടെ ആവശ്യമില്ലാത്തതിനാൽ അതു മാറ്റപ്പെടുന്നു.

## IX. പുതിയ ഉടമ്പടിയും ഒരു രക്ത ഉടമ്പടിതന്നെ.

*A.* ***പഴയ ഉടമ്പടി അബ്രാഹമിൻെറ പരിഛേദന രക്തത്താൽ ഉറപ്പിക്കപ്പെട്ടു.***

*B.* ***പുതിയ ഉടമ്പടി യേശുവിൻെറ കാൽവരി രക്തത്താൽ ഉറപ്പിക്കപ്പെട്ടു.***

*C.* ***രക്ത ഉടമ്പടി ഉറപ്പാക്കാൻ രക്തം അനിവാര്യം.***

1. പുതിയ ഉടമ്പടി ശ്രേഷ്ഠം - യേശുവിൻെറ രക്തത്താൽ ഉറപ്പിക്കപ്പെട്ടു.

2. മനുഷ്യപാപം പരിഹരിപ്പാൻ യേശുവിൻെറ പാവന രക്തം മാത്രം.

*D.* ***രക്ത ഉടമ്പടിയിലെ 8 പടികൾ യേശു പൂർത്തീകരിച്ചു.***

1. യേശു വസ്ത്രം കൈമാറി പാപത്തെ ധരിച്ചു. യെശ: 64:6; റോമ: 3:23.

a. നമ്മുടെ അനീതിയുടെ വസ്ത്രം എടുത്ത് തൻെറ നീതിയുടെ വസ്ത്രം നമുക്കു തന്നു.

b. പാപപൂർണ്ണമായ കറപുരണ്ട വസ്ത്രം ഇപ്പോൾ വെണ്മയായി.

2. ദൈവത്തിൻെറ ആയുധങ്ങൾ നമുക്കു തന്നു. (എഫേ :6 :13-17)

a. ഉടമ്പടിയുടെ നന്മയായി ദൈവത്തിൻെറ സർവ്വായുധ വർഗ്ഗം നമുക്കു ലഭിച്ചു.

b. നാം അതു ധരിക്കേണം; മാത്രമല്ലാ ഉപയോഗിക്കേണം.

3. ഉടമ്പടിയുടെ ഉറപ്പിന്നായി യേശുതൻെറ രക്തം ചിന്തി.

a. രക്ത ഉടമ്പടിയിൽ രക്തം ചിന്തൽ അനിവാര്യം.

b. യേശുവിൻെറ മരണത്തോടെ ദേവാലയത്തിലെ തിരശീല ചീന്തപ്പെട്ടു. അതിലൂടെ ദൈവത്തേയും മനുഷ്യനേയും തമ്മിൽ ഉണ്ടാക്കിയിരുന്ന വേർ പാട് മാറി. (മത്താ.27 51)

c. യേശുവിൻെറ രക്തം ദൈവവുമായി നമ്മെ നിരപ്പിച്ചു.

d. മനുഷ്യൻെറ മേൽഉള്ള ശാപം എന്നന്നേയ്ക്കുമായി മാറ്റപ്പെട്ടു.

e. യേശു അവസാനമായി അടുക്കപ്പെട്ട പെസഹാകുഞ്ഞാട് - 1 കോരി. 5:7.

4. അനുഗ്രഹങ്ങളും ശാപങ്ങളും.

a. നമുക്കു അനുഗ്രഹം ലഭിക്കേണ്ടതിന് യേശു ശാപമായിത്തീർന്നു - ഗലാ: 3:13.

b. യേശു നമുക്കുവേണ്ടി ശാപം, രോഗം, വേദന, വഹിച്ചു. നാം ഇനി അതു സഹിക്കേണ്ട - യെശ: 53.

c. നമ്മെ ദൈവത്തോടടുപ്പിക്കാൻ യേശു ദൈവത്താൽ കൈവിടപ്പെട്ടു.

d. നാം സ്വർഗ്ഗത്തിൽ എത്തുവാൻ താൻ പാതളത്തിലേയ്ക്കുപോയി.

5. പേരുകൈമാറ്റം.

a. രക്ത ഉടമ്പടിയിൽ വ്യക്തികൾ തമ്മിൽ പേരു കൈമാറുന്നു.

b. യേശുവിൻെറ നാമം നമ്മുടേതായിത്തീർന്നു.

c. യേശുവിൻെറ നാമം ഉപയോഗിച്ച് നമ്മുടെ ആവശ്യങ്ങളെ നമുക്കു നേടാം.

6. ഓർമ്മ സ്തംഭംനാട്ടൽ.

a. തിരുമത്താഴം തൻെറ ഓർമ്മയ്ക്കായി സ്ഥാപിച്ചിരിക്കുന്നു.

b. ഓരോ മേശയിലും തൻെറ മരണ പുനരുത്ഥാനത്തെ ഓർക്കുന്നു. 1. കൊരി. 11:25, 26.

7. മൃഗങ്ങളെ പിളർക്കൽ.

a. ഇതു യേശുവിൽ നിവർത്തിക്കപ്പെട്ടില്ല.

b. അവൻെറ രക്തം പര്യാപ്തമായിരുന്നു. അതിനാൽ മൃഗത്തിൻെറ രക്തം വേണ്ടിയിരുന്നില്ല.

8. ഉടമ്പടി ഭോജനം

a. അന്ത്യ അത്താഴം - ഉടമ്പടിയുടെ ഭോജനമത്രേ.

b. അപ്പവും വീഞ്ഞും ഉപയോഗിക്കപ്പെട്ടു (പാരമ്പര്യപ്രകാരം).

c. യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു.

d. യഹൂദ പാരമ്പാര്യപ്രകാരം മൂന്ന് പാക്കറ്റ് അപ്പം പെസഹായ്ക്ക് ഉപയോഗിച്ചിരുന്നു.

1. യേശു നടുവിലെ പായ്ക്കറ്റ് എടുത്തുപയോഗിച്ചു.

2. മൂന്ന് അപ്പം അബ്രഹാം, യിസഹാക്ക്, യാക്കോബ്, എന്നിവരെ സൂചിപ്പിക്കുന്നു.

3. യേശു നടുവിലെ അപ്പം എടുത്തു നുറുക്കി. പുത്രൻെറ നിഴലായി.
4. മൂന്ന് അപ്പം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവിനെ – സൂചിപ്പി ക്കുന്നു
e. യഹൂദന്മാർ നാല് പാനപാത്രങ്ങൾ പെസഹായ്ക്കുപയോഗിച്ചിരുന്നു. അതിൽ മൂന്ന് എണ്ണം നിറയപ്പെട്ടതും ഒന്ന് കമഴ്ത്തിവയ്ക്ക പ്പെട്ടതുമായിരുന്നു.
1. നിറയപ്പെട്ട കപ്പുകൾ അബ്രഹാം, യിസഹാക്ക്, യാക്കോബ്, എന്നിവരെ യും ഒഴിയപ്പെട്ടത് മശിഹായേയും സൂചിപ്പിക്കുന്നു.
2. യേശു, മശിഹായുടെ കപ്പാണ് എടുത്തു നിറച്ച് കുടിച്ചത്. മാർക്കോ. 14:36
3. ഇതിനാൽ താൻ മശിഹായെന്നു സാക്ഷിച്ചു.
4. ശിഷ്യന്മാർക്കു അതു വലിയ അർത്ഥമേറിയ പ്രവർത്തിയായിരുന്നു.
9. ഉടമ്പടിയിൽ അടയാളം ഉണ്ടാക്കുവാൻ മുറിവിൽ ചാരം തേച്ചിരുന്നു.
a. പരിഛേദനയായിരുന്നു യഹൂദൻെറ ഉടമ്പടിയിൽ അടയാളം.
b. നമ്മുടെ മുദ്ര പരിശുദ്ധാത്മാവത്രേ.
c. എഫെ: 1:13, 4:30, 2 കോരി:1:22

***E. യേശുക്രിസ്തുവിൻെറ രക്തത്താൽ നാം പിതാവായ ദൈവത്തോടു ഉടമ്പടി ചെയ്യപ്പെട്ടിരിക്കുന്നു.***

1. യേശു ക്രൂശിൽ കിടന്ന് "സകലവും നിവർത്തിയായി" എന്നു പറഞ്ഞ-പ്പോൾ തൻെറ ദൗത്യം വിജയത്തോടെ പൂർത്തികരിച്ചു എന്നാണ് വിളമ്പ രം ചെയ്തത്. "ടെറ്റലസ്റ്റായ്"എന്ന ഗ്രീക്കു പദം ഉപയോഗിക്കപ്പെടുന്ന ത് റോമൻ സൈന്യാധിപന്മാരാലാണ്. ഒരുകുന്നിൻ മുകളിൽ നിന്ന് യുദ്ധം വീക്ഷിക്കുന്ന സൈന്യാധിപൻ തൻെറ ഭാഗം വിജയിക്കുന്നതു കണ്ട് വിളിച്ചുപറയുന്ന പദമാണിത്.
2. യേശുവിൻെറ ക്രൂശിനുചുറ്റും അനേകം റോമൻ പടയാളികൾ ഉണ്ടായിരു ന്നു. "ടെറ്റലസ്റ്റായ്" എന്ന പദം കേട്ട ശതാധിപൻ സത്യമായും ഇവൻ ദൈവപുത്രനായിരുന്നു എന്നു സാക്ഷിക്കുന്നു. മത്തായി 27:4. എന്തു കൊണ്ടാണ് മരിക്കുവാൻപോകുന്നവൻ വിജയഭേരി മുഴക്കുന്നതെന്ന് അവനുമനസിലായില്ല.
3. യേശു യുദ്ധം ജയിച്ചു.
a. ആകെ ബാക്കിയുണ്ടായിരുന്നത് പാതാളത്തിൽ ചിലവഴിക്കേണ്ട മൂന്നുരാ വും മൂന്നു പകലുമായിരുന്നു.
b. താൻ ജയിച്ചെന്നു തനിക്കറിയാമായിരുന്നു.
c. തൻെറ പ്രവർത്തി പൂർണ്ണമായി തീർത്തതിനാലാണ് ജയഭേരി മുഴ ക്കിയത്.
d. യേശു മനുഷ്യനെ ദൈവത്തിങ്കലേയ്ക്കു തിരിച്ചു നേടിയെടുത്തു.

# ദൈവസ്വഭാവം

## I. വെളിപ്പാടിൻെറ ഉറവിടം

*A.* ***ദൈവത്തിൻെറ അഗാധത്വം നിനക്ക് ഗ്രഹിക്കാമോ? (ഇയ്യോബ്. 11 : 7)***

*B.* ***ദൈവം സ്വയം എങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു ?***

1 സാർവ്വത്രീക (പൊതുവായ) വെളിപ്പാട് - പ്രപഞ്ചത്തിലൂടെ സങ്കീ: 19:1-6, ചരിത്രത്തിലൂടെ (റോമ: 1:18-20)

2. പ്രത്യേക വെളിപ്പാട് - യേശുവിലൂടേയും വി. ബൈബിളിലൂടേയും യോഹ: 1:18, 14:9, ലൂക്കോ:2427, 44-45, യോഹ:5:39

## II. ദൈവത്തിൻെറ ഗുണങ്ങൾ (ധാർമ്മികതയെ സംബന്ധിക്കാത്തവ)

*A.* ***സർവ്വജ്ഞാനം: ഭൂതം, ഭാവി, വർത്തമാനം ഇവ ദൈവത്തിനറിയാം.***

1. **നിത്യതയിൽ അവിടുന്ന് സർവ്വവും ( യഥാർത്ഥ്യവും, സാദ്ധ്യതയുള്ളതു-പോലും) അറിഞ്ഞു.**
2. **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഇതറിയാം. മത്താ:11:27, 1കൊറി:2:11**
3. **പ്രപഞ്ചത്തിലേ സകലത്തേയും (സങ്കീ147:4) മനുഷ്യനേയും അവൻെറ പ്രവർത്തികളേയും (സങ്കീ:33:13-15) മനുഷ്യൻെറ വിചാരങ്ങളെയും (സങ്കീ: 139:1-4) മനുഷ്യൻെറ ഭാരങ്ങളെയും ആഗ്രഹങ്ങളെയും (പുറ:3:7, മത്തായി:6:8)**
4. **മനുഷ്യനു കഴിയുന്ന സകല വസ്തുതകളും ദൈവത്തിനറിയാം. (1 ശമു: 23 : 11; മത്താ : 11 : 23)**
5. **ഭാവി ദൈവത്തിനറിയാം. 'മുന്നറിവ്' എന്നുള്ളത് സംഭവിക്കാൻ പോകുന്നതിനെ തടയുന്ന ഒന്നല്ല. അവ സംഭവിക്കുമെന്നുള്ളതുകൊണ്ട് മുൻകൂട്ടിക്കാണുന്നുവെന്നേയുള്ളൂ.**
6. **എല്ലാം പൂർണ്ണമായി അറിയുന്നു. ഭാഗമായോ, ഒന്നിന് പിറകേ മറ്റൊന്ന് എന്ന നിലയിലുമല്ല.**

*B.* ***സർവ്വവ്യാപിത്വം: എല്ലായിടത്തും എല്ലായിപ്പോഴും.***

1. ദൈവം പൂർണ്ണമായി എല്ലായിടത്തും.
2. എല്ലാറ്റിലും ദൈവം ഉണ്ടെന്നുള്ള 'വിശ്വദേവതാ' വാദമല്ല - എല്ലായിടത്തും ദൈവം ഉണ്ട്. എങ്കിലും സൃഷ്ടികളിൽ നിന്നും വ്യതിരിക്തനായി നിലകൊള്ളുന്നു.
3. തൻെറ സാന്നിദ്ധ്യത്തിൻെറ ബാഹ്യപ്രകടനത്തിന് ഏറ്റക്കുറച്ചിലുകളുണ്ട്.
4. ഇത് നമുക്ക് ആശ്വാസവും ഭയവും തരുന്ന ഒരു ഉപദേശമാണ്. ഒരു വിശ്വാസിക്ക് എല്ലായിപ്പോഴും ഉള്ള ദൈവസാന്നിദ്ധ്യം സഹായകമാണ്. ആവ: 4:7; സങ്കീ: 46:1 മത്തായി: 28:20. ഒരു പാപിക്ക് അവൻെറ പ്രവർത്തിയൊന്നും ദൈവദൃഷ്ടിയിൽ നിന്നും മറയ്ക്കുവാൻ സാധ്യമല്ലായെന്നത് ഭയഹേതുവുമാണ്.

*C.* ***സർവ്വശക്തൻ: ആഗ്രഹിക്കുമ്പോഴൊക്കയും എല്ലാം ചെയ്യുവാനുള്ള ശക്തി***

1. ദൈവഹിതം തൻെറ സ്വഭാവത്താൽ പരിമിതമാക്കപ്പെട്ടിരിക്കുന്നു. തൻെറ സ്വഭാവത്തിന് വിരുദ്ധമായതൊന്നും താൻചെയ്യുന്നില്ല.

a. ദൈവം വ്യാജം പറയുന്നില്ല - തീത്തോ: 1:2
b. തൻെറ സ്വഭാവം ത്യജിപ്പാൻ കഴിയില്ല - 2തിമോ: 2:13
c. അകൃത്യത്തെ അംഗീകരിപ്പാൻ കഴിയില്ല.

d. തെറ്റു ചെയ്യുവാൻ കഴിയില്ല

e. ഭോഷത്വമായത് ചെയ്യുന്നില്ല. വൈരുദ്ധ്യമുള്ള കാര്യങ്ങൾ,അതായത് 3 + 3 = 8 ആക്കുവാനോ, ചതുരവൃത്തം വരയ്ക്കാനോ, തെറ്റായ ശരിയുണ്ടാക്കുവാനോ സാദ്ധ്യമല്ല.

2. തൻെറ സർവ്വ ശക്തിയാൽ താൻ ഭരിക്കപ്പെടുന്നില്ല. താൻ സർവ്വ ശക്തനാകയാൽ എപ്പോഴും ആ അധികാരം ഉപയോഗിക്കണമെന്നില്ല. തൻെറ ശക്തിയുടെ മേൽ തനിക്ക് അധികാരമുണ്ട്.

3. തൻെറ സർവ്വ ശക്തിത്വവും തൻെറ സൃഷ്ടികൾക്ക് തിരഞ്ഞെടുപ്പിൻ സ്വാതന്ത്ര്യം നൽകികൊണ്ട് താൻ പരിമിതപ്പെടുത്തി. അതിനാൽ തൻെറ സർവ്വ ശക്തിത്വം ഉപയോഗിച്ച് താൻ ആരെയും ബലാൽ രക്ഷിക്കുന്നില്ല.

4. ദൈവം പരമാധികാരവും നിയമപരമായ അധികാരവും ഉള്ളവനാണ്.

a. തൻെറ പരമാധികാരം സൃഷ്ടിപ്പിലും അത്ഭുതങ്ങളിലും ഉപയോഗിക്കുന്നു.

b. തൻെറ നിയമപരമായ അധികാരം സാധാരണകാര്യങ്ങളിലൂടെ വെളിപ്പെടുത്തുന്നു. വിത, കൊയ്ത്ത്, എന്നിവയിൽ

5 വചനത്തെളിവുകൾ; ഉദാഹരങ്ങൾ

a യഹോവയ്ക്കു കഴിയാത്ത വല്ല കാര്യവുമുണ്ടോ - ഉല്പ: 18:14

b യഹോവയ്ക്കു സകലവും കഴിയും..... ഒന്നും അസാദ്ധ്യമല്ല - ഇയ്യോ: 42:2

c യഹോവ തനിക്കിഷ്ടമുള്ളത് ചെയ്യുന്നു. (സങ്കീ. 135 : 6)

d സ്വർഗ്ഗീയ സൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു. അവൻെറ കയ്യ് തടുപ്പാനോ ....... ചോദിപ്പാനോ ആർക്കും കഴികയില്ലാ : (ദാനി: 4:35)

6. വിശ്വാസിയേ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസത്തിൻേറയും പ്രത്യാശയുടേയും ഉറവിടം. എന്നാൽ പാപിയെ സംബന്ധിച്ചിടത്തോളം സർവ്വശക്തനായ ദൈവം ഭീതിയുടേയും ഭയത്തിൻേറയും കാരണമായിട്ടിരിക്കുന്നു. (1 പത്രോ : 4 : 17; വെളി. 6 : 15)

7. പിശാചുക്കൾപോലും വിറയ്ക്കുന്നു. (യാക്കോ. 2 : 19) ഭൂമയിലെശക്തന്മാരും മഹത്തുക്കളും പോലും സിംഹാസനത്തിൽ ഇരിക്കുന്നവനെ ഭയപ്പെട്ടു. ഒളിക്കുന്നു. (വെളി. 6 : 15). മാത്രമല്ലാ, സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽഒക്കെയും മടങ്ങും. (ഫിലി.2 : 10)

***D. അനന്യൻ: സ്ഥിതഭേദത്താൽ മാറ്റമില്ലാത്തവൻ, വ്യതിയാനം ഭാവിക്കാത്തവൻ.***

1. യഹോവയായ ഞാൻ മാറാത്തവൻ -(മലാ: 3:16, യാക്കോ: 1:17, സങ്കീർത്തനനം : 33:11)

2. മനുഷ്യൻെറ മാറ്റം നന്മയിലേക്കോ, തിന്മയിലേക്കോ ആകാം. എന്നാൽ ദൈവം സമ്പൂർണ്ണനാകയാൽ നന്മയിലേക്ക് പുരോഗമിക്കാൻൻ സാദ്ധ്യമല്ല. തിന്മയിലേക്ക് അശേഷം സാദ്ധ്യവുമല്ല.

3. അങ്ങനെയെങ്കിൽ ദൈവം 'അനുതപിച്ചു' "മനസ്സുമാറ്റി" എന്ന് ഉല്പ: 6:6; പുറ. 32:14; യോന: 3:10; എന്നീ ഭാഗങ്ങളിൽ പറയുന്നത് ഏതർത്ഥത്തിലാണ് ?

a. തൻെറ സ്വഭാവത്തോടൊ (സങ്കീ. 102:26,27) തൻെറ ലക്ഷ്യത്തോടുള്ള ബന്ധത്തിലോ (സങ്കീ: 33:11) ദൈവം മാറുന്നില്ല.

b മനുഷ്യൻെറ സാഹചര്യം മാറുന്നതനുസരിച്ച് മനുഷ്യനോട് ഇടപെടുന്ന രീതിക്ക് താൻ വ്യത്യാസം വരുത്തുന്നു. എന്നാൽ തൻെറ സ്വഭാവത്തോടും ഉദ്ദേശത്തോടുമുള്ള ബന്ധത്തിൽ താൻ അനന്യനായി നിലകൊള്ളുന്നു.

c ഉദാ: നിനവേ

d എബ്രാ: 13:8: യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും മാറാത്തവൻ.

## III. ദൈവത്തിൻെറ ധാർമ്മീക ഗുണങ്ങൾ:

**A** ***വിശുദ്ധി: ഈ സ്വഭാവത്തിൽ ദൈവം നിത്യമായി വിശുദ്ധിക്കായി വാഞ്ഛിക്കുകയും തൻെറ സൃഷ്ടികളിൽ ധാർമ്മിക വിശുദ്ധി പാലിക്കയും ചെയ്യുന്നു.***

1. തൻെറ സൃഷ്ടിയിൽനിന്നും വേർപ്പെട്ട് ദൈവം ആയിരിക്കുന്നു.
2. തൻെറ സ്വഭാവത്തിൻെറ നിഷ്ക്കളങ്കത വെളിവാക്കുന്നു. ലേവ്യ: 11:44; 1പത്രോ: 1:15
3. തൻെറ സാന്നിദ്ധ്യം ആ പ്രദേശത്തെ വിശുദ്ധമാക്കുന്നു. പുറ: 3:5 – നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നും ചെരിപ്പഴിച്ച് കളയുക.
4. തൻെറ വിശുദ്ധ സ്വഭാവത്താൽ പാപത്തോട് ഒരു ബന്ധവും ഇല്ല.
5. ദൈവത്തിൻെറ വിശുദ്ധി മനുഷ്യനിൽ അവൻെറ അയോഗ്യതയെക്കുറിച്ച് ബോദ്ധ്യം നൽകുന്നു. യെശ: 6:5
6. പഴയനിയമം ദൈവത്തിൻെറ വിശുദ്ധിക്കു ഊന്നൽ നൽകുന്നു.

a 830 – ൽ അധികം പ്രാവശ്യം വിശുദ്ധി എന്ന വാക്ക് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു.

b സമാഗമന കൂടാരത്തിൽ വിശുദ്ധസ്ഥലം, അതിപരിശുദ്ധസ്ഥലം എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു.

c ന്യായപ്രാമണത്തിൽ വിശുദ്ധിക്കു പ്രാധാന്യം നൽകിയിരിക്കുന്നു. ലേവ്യ: 1–5, 23 (യാഗങ്ങൾ, ഉത്സവങ്ങൾ, പൌരോഹിത്യം തുടങ്ങിയവ)

d മനുഷ്യമനസാക്ഷിയിലൂടെ ദൈവീകവിശുദ്ധി സാക്ഷിക്കപ്പെടുന്നു. യേശുവിനെ പരിശുദ്ധനും നീതിമാനുമെന്നു സാക്ഷ്യപ്പെടുത്തുന്നു. പ്രവർത്തി: 3:14

7. ദൈവികവിശുദ്ധി നമ്മെ പഠിപ്പിക്കുന്ന 4 കാര്യങ്ങൾ.

a ദൈവവും പാപിയും തമ്മിൽ വലിയൊരു വിടവ് – യെശ: 59:1,2

b **മനുഷ്യ പ്രയത്നത്താൽ വിശുദ്ധനായി ദൈവത്തിങ്കലേക്കടുക്കുവാൻ സാദ്ധ്യമല്ല.**

c **വീണ്ടെടുപ്പിലൂടെയല്ലാതെ ന്യായവിധിയിൽനിന്നും രക്ഷപ്പെടുവാൻ കഴിവില്ല.**

d **''ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകയാൽ'' ഭയത്തോടും വിറയലോടും കൂടെ യായിരിക്കേണം ദൈവത്തോടടുക്കുന്നത്.**

8. ദൈവീക വിശുദ്ധി ആവശ്യപ്പെട്ടത് തൻെറ സ്നേഹം നല്കിത്തന്നെ. സാധിച്ചു. (റോമ: 5:6–10.)

**B.** ***നന്മ: ദൈവം എല്ലാവർക്കും എല്ലാവിധത്തിലും എപ്പോഴും നല്ലവൻ.***

1 ദൈവം നല്ലവനാകയാൽ തൻെറ സകല സൃഷ്ടിയോടും താൻ കരുണയോടിടപെടുന്നു. സങ്കി: 145:9,15,16.

2 ദൈവം നല്ലവനാകയാൽ വ്യവസ്ഥ കൂടാതെ സ്നേഹിക്കുന്നു.

a ദൈവം സ്നേഹം തന്നെ – 1 യോഹ: 4:8

b സ്നേഹം എന്നുള്ളത് സ്നേഹിക്കപ്പെടുന്നവൻെറ നന്മ മാത്രം ആഗ്രഹിക്കുന്ന മനോഭാവം.

c ദൈവസ്നേഹം മനുഷ്യബുദ്ധിക്കു അതീതമാണ്. 1യോഹ: 4:8–10

d സ്നേഹത്തിൻെറ സ്വഭാവം: 1കൊറി: 13:4–8

e വിശ്വാസിക്കു ആശ്വാസത്തിൻെറ ഉറവിടം.

1. സകലവും നന്മക്കായി ചെയ്യുന്നു – റോമ: 8:28–39

2. മക്കൾക്ക് ആവശ്യമുള്ളതെന്തെന്ന് പിതാവറിയുന്നു – മത്താ: 6:8
3. മക്കൾക്ക് നല്ല ദാനങ്ങളെ നല്കുന്നു – റോമ: 8:32, യാക്കോ: 1:17.
3. ദൈവം നല്ലവനാകയാൽ കരുണയുള്ളവനുമാണ്.
a കഷ്ടതയിലും പ്രയാസത്തിലുമിരിക്കുന്നവർക്കു ദൈവം കാണിക്കുന്ന നന്മയാണ് കരുണ.
b ദൈവം കരുണാ സമ്പന്നനാണ്. എഫെ: 2:4. ആർദ്രതയും ഭയയുള്ള വൻ. യാക്കോ: 5:11, 1പത്രോ: 1:3.
c ആർദ്രത യേശുവിനെ പ്രവർത്തിപ്പിച്ചു.
1. ഗദരദേശത്തെ ഭൂതഗ്രസ്ഥൻ – ലൂക്കോ: 8:26–39.
2. കുഷ്ഠരോഗിയെ സൗഖ്യമാക്കി – മർക്കോ: 1:40,41.
4. ദൈവം നല്ലവനാകയാൽ കൃപാലുവാണ്.
a അർഹതയില്ലാത്തവർക്കു കരുണ കാണിക്കുന്നതാണ് കൃപ.
b കൃപ, പാപിയെ കുറ്റക്കാരനായി കാണുന്നു. ദയ അവൻെറ ദയനീയാവസ്ഥ കാണുന്നു.
c പാപിയിന്മേൽ അനുഗ്രഹം ചൊരിയപ്പെടുന്നത് കൃപമൂലമാണ്. എഫെ: 2:8–9.
d വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ടവൾ – യോഹ: 8:1–11.
5. ദൈവം നല്ലവനാകയാൽ ദീർഘക്ഷമയുള്ളവനാണ്.
a യഹോവ കരുണയും ദീർഘക്ഷമയും ഉള്ളവൻ: സങ്കീ: 86:15
b മനുഷ്യൻെറ ദീർഘമായ അനുസരണക്കേടിലും ദൈവം ദീർഘമായി ക്ഷമിക്കുന്നു.
c ദൈവത്തിൻെറ ദീർഘക്ഷമ മനുഷ്യരുടെ മാനസാന്തരത്തിനുവേണ്ടിയാണ് – 2പത്രോ:3:3–9

## C. *നീതിയും ന്യായവും ഉള്ളവൻ.*

1. നീതിയും ന്യായവും അവൻെറ സിംഹാസനത്തിൻെറ അടിസ്ഥാനം: സങ്കീ: 89:14, 97:2.
2. അവൻ നീതിയോടെ വിധിക്കയില്ലയോ? ഉല്പ: 18:25
3. ദൈവം ലോകത്തിൽ നീതിയുടെ ഒരു ഭരണം സ്ഥാപിച്ചിട്ടുണ്ട്.
a ശിക്ഷയിലൂടെയും പ്രതിഫലത്തിലൂടെയും ദൈവനീതി നിവർത്തിക്കപ്പെടുന്നു.
b നീതിമാന്മാർക്കു പ്രതിഫലം: സങ്കീ: 58:11, 2ദിന: 6:15.
c ദുഷ്ടന്മാർക്കു വേദന: ഉല്പ: 2:17, പുറ: 34:7.
4. ദൈവം ഒരു നിയമം ഉണ്ടാക്കി അതിനു ശിഷ നിയമിച്ചു കഴിഞ്ഞാൽ അതുപാലിക്കാതിരിക്കാൻ സാദ്ധ്യമല്ല.
5. ദൈവീകനീതി പാപിക്കു ശിക്ഷ നിർബ്ബന്ധിക്കുന്നു; പകരം മറ്റൊരാൾക്ക് പരിഹാരശിക്ഷ അനുഭവിക്കാം യെശ: 53:6, റോമ : 5 : 8.
6. ദൈവത്തിൻെറ നീതിയും ന്യായവും വെളിപ്പെടുന്നു.
a ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിൽ – വെളി: 16:5–3
b ദുഷ്പ്രവർത്തിക്കാരിൽനിന്നും തൻെറ ജനത്തെ രക്ഷിക്കുന്നതിലൂടെ – സങ്കീ: 129:1–5
c വിശ്വാസികളുടെ പാപം ക്ഷമിക്കുന്നതിലൂടെ – 1യോഹ: 1:9
d തൻെറ മക്കളോട് വാഗ്ദത്തം നിവർത്തിക്കുന്നതിലൂടെ – എബ്രാ: 10:23
e വിശ്വസ്തന്മാർക്ക് പ്രതിഫലം നൽകുന്നതിലൂടെ – എബ്രാ: 6:10
7. ശിക്ഷയുടെ ഉദ്ദേശം

a. ന്യായം നടത്തുക.
b. മനുഷ്യനേയും സമൂഹത്തേയും പുനരുദ്ധരിക്കുക.
8. ദൈവനീതിയും, ന്യായവും ഒരു വിശ്വാസിയെ ധൈര്യപ്പെടുത്തുന്നു. ദൈവം നീതിമാനാണെന്നും വിശ്വാസിയുടെ നീതി പ്രവൃത്തികൾ ദൈവം കണക്കിടാതിരിക്കില്ലെന്നും ബോദ്ധ്യം നിൽക്കുന്നു. സദൃശ: 19:17

## IV ദൈവത്തിനൊരു നിർവചനം.

"ദൈവം ആത്മാവാകുന്നു; നിത്യനും അന്തമില്ലാത്തവനും അനശ്വരനും അത്രെ. സർവ്വജ്ഞാനിയും സർവ്വശക്തനും വിശുദ്ധിയും നീതിയും സത്യവും നിറഞ്ഞവനത്രേ".(westminister catechism)

## V. ദൈവ സ്വഭാവം തൻെറ നാമങ്ങളിലൂടെ (പേരിലൂടെ) വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

### *A. വചനത്തിൽ ഒരുവൻെറ പേരിനുള്ളസ്ഥാനം.*

1. ഒരുവൻെറ പേരറിയുന്നതിലൂടെ അവനെത്തന്നെ അറിയുന്നു.
2. ഒരുവൻെറ പേർ അവൻെറ സ്വഭാവം, ജോലി, സ്ഥാനം, എന്നിവ വെളിപ്പെടുത്തുന്നു. പേരുമാറ്റത്തിലൂടെ, സ്വഭാവം, ജോലി, സ്ഥാനം എന്നിവക്കും മാറ്റം വരുത്തുന്നു. ഉദാ: ശീമോനെ പത്രോസാക്കുന്നു. മത്താ: 16:17-18.
3. ഒരു വ്യക്തി ഒന്നിനു പേരിടുമ്പോൾ പേരിടപ്പെട്ടത് പേർ ഇട്ടവനു വിധേയപ്പെട്ടിരിക്കുന്നു. ഉദാ: ആദാം.
4. ഒരു മനുഷ്യൻ തനിക്കുള്ളതിനെല്ലാം പേരിടുന്നു. പട്ടണത്തിനും, നിലത്തിനും, ഭാര്യക്കുമെല്ലാം. 2ശാമു: 12:28, സങ്കീ: 49:11.
5. ഒരുവൻെറ പേരും വ്യക്തിത്വവും തമ്മിൽ വളരെ ബന്ധപ്പെട്ടു കിടക്കുന്നു.
6. അതിനാൽ ദൈവത്തിൻെറ പേർ മനസിലാക്കുക എന്നത് ദൈവത്തെ അറിയലാണ്. അവൻെറ ശക്തിയും സാന്നിദ്ധ്യവും അതിലൂടെ നാം അറിയുന്നു.
7. പേരും അധികാരവും: മനുഷ്യനു അത്ഭുതങ്ങൾ ചെയ്യാൻ യേശു തൻെറ നാമം നമുക്കു നല്കിയിരിക്കുന്നു; പ്രാർത്ഥിപ്പാൻ ഈ നാമം നല്കിയിരിക്കുന്നു. മർക്കോ: 16:17. പ്രവർത്തി: 4:7. അധികാരപത്രം നമുക്കു നല്കിയിരിക്കുന്നു.

### *B. ദൈവത്തിൻെറ പേരുകൾ തൻെറ സ്ഥാനം, സ്വഭാവം, പ്രവർത്തി എന്നിവ വെളിപ്പെടുത്തുന്ന മാദ്ധ്യമങ്ങൾ, ആകുന്നു.*

1. ഏൽ - ഏലോഹീം = ദൈവം എന്നുപയോഗിച്ചിരിക്കുന്നു.

1. ശക്തനായിരിക്കുക. (a) മൂന്ന് വിധ അർത്ഥങ്ങൾ
2. വ്യാപകമായ നിയന്ത്രണം ഉണ്ടാകുക.
3. കൈവശമാക്കുക, ബന്ധന ശക്തി.

b ദൈവത്തിൻെറ സൃഷ്ടിപ്പിൽ പ്രവർത്തിയും സർവ്വശക്തിയും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.
c ബഹുവചനസൂചകനാമം ത്രിത്വത്തെ വെളിപ്പെടുത്തുന്നു.
d സർവ്വത്തേയും ഭരിക്കുന്നവനായും എല്ലാറ്റിൻേറയും പുറകിൽ

പ്രവർത്തിക്കുന്നവനായും ഇരിക്കുന്നു.

e ഏൽ ശദ്ദായ് - സർവ്വശക്തനായ ദൈവം - അവിടുത്തെ മഹിമ, സ്ഥിരത, ബലവത്തായ സങ്കേതം, ഉറപ്പുള്ള തൂണ്..

2. യഹോവ - യാഹ്വെ = കർത്താവ് എന്ന് വിവർത്തനം ചെയ്തിരിക്കുന്നു..

a ഉടമ്പടിയിൻ നാമം

b "ആയിരിക്കുക" എന്നർത്ഥമുള്ള മൂലപദത്തിൽനിന്നും വന്നിരിക്കുന്നു. "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" - പുറ. 3:13,14

c ദൈവം നിത്യനാണെന്നു സൂചിപ്പിക്കുന്നു. അവൻ ആയിരുന്നവനും ആകുന്നവനും ആകുവാനുള്ളവനും അത്രേ.

d യഹോവയുടെ നാമം അത്ര പവിത്രമാകയാൽ ന്യായശാസ്ത്രികൾ ദൈവത്തിൻെറ പേർ ഉച്ചരിച്ചിരുന്നില്ല.

3. യഹോവ റോഹ് = യഹോവ എൻെറ ഇടയൻ.

a യഹോവയെ ഇടയനായി പഴയനിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നു. സങ്കി: 23:1, 80 : 1

b ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്ന നല്ലയിടയനായി യേശുവിനെ പുതിയ നിയമം പഠിപ്പിക്കുന്നു. യോഹ. 10:11.

c ഒരു മാനുഷീക ഇടയൻെറ ആവശ്യകത.

1. ആടിന് സ്വയം സംരക്ഷിക്കാനാവില്ല.

2. സ്ഥലത്തെക്കുറിച്ച് ഗ്രാഹ്യമില്ല. പെട്ടെന്നു വഴിതെറ്റുന്നു.

3. കള്ളന്മാരാലും വന്യമൃഗങ്ങളാലും ആക്രമിക്കപ്പെടുന്നു.

4. മനുഷ്യനും അതുപോലെതന്നെ - അലയുന്നു; ആപത്തിലകപ്പെടുന്നു.

d) ഇടയനും ആടും തമ്മിലുള്ള ബന്ധം.

1. വ്യക്തിപരമായ അറിവ്.

a ആടുകളെ പേർചെല്ലിവിളിക്കുന്നു: യോഹ: 10:3, യേശു പേർ ചൊല്ലി വിളിക്കുന്നു.

b. ആടുകൾ അവൻെറ ശബ്ദം അറിയുന്നു. യോഹ. 10:4

c ഓരോ ആടിൻെറയും (അസാന്നിദ്ധ്യം) അവന് അറിയാം - മത്തായി: 18:12,13

d യേശുവിനെപ്പോലെ ആടുകളെ അടുത്തറിയുന്ന ഒരു മാനുഷീക ഇടയനുമില്ല. യോഹ : 10 : 14

2. ആടുകളെ നയിക്കുന്നു. യോഹ : 10: 4, സങ്കീ : 23 : 3

a അപകടം പതിയിരിക്കുന്നനന ഇടുങ്ങിയ പാതകൾ ആട് അറിയുന്നില്ല.

b അതിനാൽ അലഞ്ഞു നടക്കേണ്ടി വരുന്നില്ല - ലക്ഷ്യത്തേക്ക് നടത്തപ്പെടുന്നു.

3. അലഞ്ഞു നടക്കുന്നനതിനെ യഥാസ്ഥാനത്താക്കുന്നു.

a കൂട്ടംവിട്ട ആട് നിസ്സഹായാവസ്ഥയിലാണ്.

b ഇടയൻ കണ്ടെത്തി മടക്കിക്കൊണ്ടുവരേണം.

c) അങ്ങനെ ഇടയനാകുന്ന യേശുവിൻെറ അടുക്കൽ വരപ്പെടുന്നു. യെശ : 53 : 6, സങ്കീ : 23.

4. ഒരു പിതാവിന് അനേകം മക്കളുണ്ടെങ്കിൽ ചിലരെ അവഗണിക്കുന്നില്ല.

5. നല്ലയിടയൻ ചെറിയവരിൽ ഒരുത്തനുപോലും ദോഷം വരാതവണ്ണം

കാക്കുന്നു. മത്തായി : 18 : 12–14.

E മാനുഷീക ഇടയൻ പ്രത്യേക ആവശ്യങ്ങൾ വരുമ്പോൾ പ്രത്യേകം കരുതുന്നു. യെശ : 43 : 2.

1. വെള്ളത്തിലൂടെയും നദിയിലൂടെയും തീയിലൂടെയും കടക്കുമ്പോൾ.

2. രോഗം വന്ന, മുറിവേറ്റ ആടുകളെ ശുശ്രൂഷിക്കുന്നു.

a ഒലിവെണ്ണ മരുന്നായി ഉപയോഗിക്കുന്നു.

b എൻെറ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു. സങ്കീ. 23 : 5. നാം രോഗിയാകുമ്പോൾ, ക്ഷീണിക്കുമ്പോൾ, മുറിവേല്ക്കുമ്പോൾ അവൻ നമ്മളെ ആശ്വസിപ്പിക്കുന്നു. തൻെറ എണ്ണയാൽ നമ്മെ അഭിഷേകം ചെയ്യുന്നു. നല്ല സമരിയാക്കാരൻ.ലൂക്കോ : 10 : 30–37 – രോഗസൗഖ്യത്തിനായി എണ്ണ പൂശൽ – യാക്കോബ് : 5 : 14.

F ഇടയൻെറ യോഗ്യത : എപ്പോഴും, ജാഗ്രത, ഭയമില്ലായ്മ, ധീരത, സ്നേഹം, ക്ഷമ.

4. യഹോവ–റാഫേ : “സൗഖ്യമാക്കുന്ന യഹോവാ” പുറ. 15 : 22–26; സങ്കീ : 07 : 20

a യഹോവയുടെ വീണ്ടെടുപ്പിൽ വേലയിലെ പേരുമാറ്റാൻ ആർക്കും അധികാരം ഇല്ല. അവൻ ഇന്നും സൗഖ്യമാക്കുന്ന ദൈവം.

b സൗഖ്യം എല്ലാവരേയും സംബന്ധിച്ച് ദൈവഹിതം.

1. ദൈവഹിതം അറിയുന്നിടത്ത് വിശ്വാസം ആരംഭിക്കുന്നു.

2. കുഷ്ഠരോഗിയുടെ സൗഖ്യം – മാർക്കോ 1 : 40, 41

3. ആവർത്ത 7 : 15, സങ്കീ : 103 : 1 – 5

4. യേശുവിൻെറ ശുശ്രൂഷയിലൂടെ ദൈവഹിതം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നു.

a മത്തായി : 4 : 24, 9 : 35, 10 : 12 : 15, 14 : 14, 34 – 36; ലൂക്കോ : 6 : 17–18 പ്രവർത്തി :10 : 38.

b യേശു ഒരു രോഗിയേയും മടക്കിയയച്ചില്ല.

5. നീ സകലത്തിലും സുഖമായും ശുഭമായും ഇരിക്കണമെന്ന് ആശിക്കുന്നു. 3 യോഹ . 2 :

**C. വീണ്ടെടുപ്പിൽ ആരോഗ്യമുണ്ട്.**

1. സോറ്റീരിയ എന്ന ഗ്രീക്കു വാക്കിൽ (രക്ഷ എന്നതിൻെറ മൂലപദം) വിടുതൽ, രോഗസൗഖ്യം, ആരോഗ്യം, സുരക്ഷിതത്വം, സുഖം എന്നിവ ഉൾപ്പെടുന്നു.

2. “സോസോ” എന്ന ഗ്രീക്കുപദത്തിൽ പൂർണ്ണനാക്കുക. ആരോഗ്യവാനാക്കുക എന്നർത്ഥം റോമർ : 10 : 9 പ്രവർത്തി : 14 : 9

3. ന്യായപ്രമാണത്തിൻെറ ശാപത്തിൽ നിന്നും വിടുവിക്കപ്പെട്ടു. ഗലാ : 3 : 13, ആവ : 8 : 17

4. അവൻെറ അടിപ്പിണരുകളാൽ സൗഖ്യം – 1 പത്രോ : 2 : 24, യെശ : 53, മത്താ : 8 : 17

5. പിച്ചളസർപ്പം – സംഖ്യാ 21 : 9

D പൗലോസിൻെറ ജഡത്തിലെ മുള്ളിനെക്കുറിച്ചുള്ള തെറ്റായപഠിപ്പിക്കൽ രോഗ സൗഖ്യത്തിനു തടസ്സമായി നിലകൊള്ളുന്നു.

1. അതൊരു ആലങ്കാരിക ശൈലിയാണ്.
2. രോഗത്തെ സൂചിപ്പിക്കാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. സംഖ്യ : 33 : 55, യേശു : 23 : 13
3. ദൂതൻ എന്ന വാക്ക് 188 പ്രാവശ്യം ഉപയോഗിച്ചിട്ടുള്ളത് വ്യക്തിയെ സൂചിപ്പിക്കാനാണ് വസ്തുവിനേയല്ല.
4. ജഡത്തിലെ ഒരു ശൂലം - സാത്താൻെറ ഒരു ദൂതൻതന്നെ

## VI. ദൈവത്തിൻെറ സപ്ത വീണ്ടെടുപ്പിൽ നാമങ്ങൾ പാപപരിഹാരത്താൽ ഉളവായ അനുഗ്രഹങ്ങളെ വെളിപ്പെടുത്തുന്നു.

A *യഹോവ ശമ്മ - യഹോവ ഇവിടെ - യെഹ : 48 : 35*

B *യഹോവ ഷലോം - സമാധാനത്തിൻെറ ദൈവം ന്യായ : 6 : 24*

C *യഹോവ റോഹി-യഹോവ എൻെറ ഇടയൻ സങ്കീ: 23 : 14*

D *യഹോവയിരെ - കരുതുന്നവനായദൈവം - ഉൽപ : 22 : 14*

E *യഹോവ നിസ്സി - യഹോവ എൻെറ കോടി ജയം. - പുറ : 178 15*

F *യഹോവ ഷക്കനു - യഹോവ എൻെറ നീതി -യിര : 29 : 6*

G *യഹോവ റാഫെ - സൗഖ്യമാക്കുന്ന യഹോവ പുറ : 15 : 26*

C

## VII. മറ്റുനാമങ്ങൾ

A *ഏൽ എല്യോൺ - അത്യുന്നതനായ ദൈവം - ഉല്പ : 14 : 18-20*

B *ഏൽഒലാം - നിത്യനായ ദൈവം - ഉല്പ : 21 : 33*

C *അബ്ബാ - പിതാവ് - റോമ: 8 : 15*

# ക്രിസ്തീയ കാര്യവിചാരകത്വം

## 1. ശരിയായ വീക്ഷണം.

A. *ഭൂമിയും അതിൻെറ പൂർണ്ണതയും യഹോവായ്ക്കുള്ളതാകുന്നു. സങ്കീ: 24:1*

B. *ദൈവ കാര്യങ്ങൾ നടത്തുവാൻ ചുമതലയോടെ ഏൽപ്പിക്കപ്പെട്ട കാര്യവിചാരകന്മാർ മാത്രമാണു നാം.*

C. *കാര്യവിചാരകത്വത്തെക്കുറിച്ച് യേശു വിശദമായി പഠിപ്പിച്ചിരിക്കുന്നു.*

1. **താലന്തുകളുടെ ഉപമ മത്തായി: 25:14-30**
a. ദൈവം പലദാനങ്ങളും ചുമതലകളും ഏൽപ്പിച്ചിരിക്കുന്നു.
b. നിങ്ങളുടെ കഴിവുകൾ പരമാവധി ഉപയോഗിക്കപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നു.
c. നല്ല കാര്യവിചാരകത്വം കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകി മാനിക്കപ്പെടണം. കാര്യവിചാരകത്വത്തിൽ പരാജയപ്പെട്ടാൽ നീക്കം ചെയ്യും.
d. ഒന്നുകിൽ ഉപയോഗിക്കുക അല്ലെങ്കിൽ നഷ്ടപ്പെടുത്തുക.
2. **നല്ലവരും ദുഷ്ടരുമായ ദാസന്മാർ (കാര്യവിചാരകന്മാർ) ലൂക്കോ. 12:35-40**
a. ഒരു കാര്യവിചാരകനും അവനു ബോധിച്ചപോലെ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ അവകാശമില്ല. കാരണം അവൻ കണക്കുബോധിപ്പിക്കേണ്ടവനാണ്.
b. സമയം വളരെ പരിമിതമാകയാൽ യജമാനൻ ഏതുനിമിഷവും കടന്നുവരാം.
3. **അനീതിയുള്ള കാര്യവിചാരകൻ ലൂക്കോ: 16:1-13**
a. ഒരു പാപി ലൗകീകകാര്യങ്ങളിൽ ജാഗ്രതപുലർത്തുന്നതുപോലെ ദൈവമക്കൾ ആത്മീയകാര്യങ്ങളിൽ ജാഗ്രതപുലർത്തേണം.
b. നിങ്ങളുടെ ഭൗതീകനന്മകൾ ആത്മാക്കളെ ആദായപ്പെടുത്തുവാനായി ഉപയോഗിക്കൂ. വാക്യം:9
c. അല്പത്തിൽ വിശ്വസ്തൻ അധികത്തിൽ വിശ്വസ്തൻ.
d. രണ്ടു യജമാനന്മരേ സേവിപ്പാൻ ആർക്കും കഴിയുകയില്ല.

## II. തൻെറ ദാസന്മാർ അഭിവൃദ്ധിപ്രാപിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ആവ:28

A *പഴയനിയമത്തെളിവുകൾ.*

1. അബ്രഹാം. ഉല്പ: 13:2; 24:35
2. ഇസഹാക്ക്, യാക്കോബ് - ഉല്പ: 26:12: 30:43
3. ശലോമോൻ - 1രാജ: 3:13
4. ഇയോബ്: ഇയ്യോ: 42:12

B. *പുതിയ നിയമത്തെളിവുകൾ.*

1. മർക്കോ: 10:29, ലൂക്കോ: 6:38; ഫിലി: 4:19, 3യോഹ:2
2. പൗലോസിനു കൂടാരപ്പണിയിൽ നിന്നും ആവശ്യത്തിനു ലഭിച്ചിരുന്നതിനാൽ താൻ ആരുടേയും പൊന്നോ, വെള്ളിയോ മോഹിച്ചില്ല ഫിലി.4:18;19

3. യേശു

a തിനിക്കൊരു പണ സഞ്ചി സൂക്ഷിപ്പുകാരനുണ്ടായിരുന്നു.

b. പന്ത്രണ്ടുപേരടങ്ങുന്ന ഒരു സുവിശേഷ ടീമനെ പോറ്റി പുലർത്തി.

c. തുന്നലില്ലാത്ത അങ്കി.

## III. അഭിവൃദ്ധിയോടു ബന്ധപ്പെട്ട അപകടങ്ങൾ.

***A. ധനത്തിനുവേണ്ടി ധനം ഉണ്ടാക്കേണം എന്ന ചിന്ത കണിയിൽ കൊണ്ടെത്തിക്കും അതു വിഗ്രഹാരാധനയ്ക്കു തുല്യം.***

***B. ധനം അധികമായി കൂട്ടിവയ്ക്കുകയെന്ന വിപത്ത്: ഭൗതീകസമ്പത്തുകളുടെ വെളിച്ചത്തിൽ ജീവിത നിലവാരം അളക്കുന്നത് തെറ്റ്. ലൂക്കോ; 12:15, സഭാ:5:13, യാക്കോ:5:1-3***

***C. സമ്പത്ത് അഹങ്കാരത്തിലേയ്ക്കും (നിഗളം) ദൈവ നിഷേധത്തിലേയ്ക്കും വഴിനടത്താം - അവസാനം - നാശം ആവ:8:11-13***

***D. ധനവാൻ ദൈവത്തേക്കാൾ ധനത്തേ സ്നേഹിക്കുന്നു. മർക്കോ. 10:17-27***

***E. പ്രശ്നം ധനമല്ല, ധനത്തോടുള്ള നമ്മുടെ മനോഭാവമാണ്.നീ ചിലവാക്കുവാനോ, കൊടുക്കുവാനോ മനസ്സുള്ളവനാണോ എന്നു പരിശോധിക്കൂ! നിൻെറ നില നിനക്കുതന്നെ ഗ്രഹിക്കാം 1തിമോ:6:6-19***

***F. ദൈവവുമായി യഥാർത്ഥമായ ബന്ധമില്ലാത്ത ഒരു വ്യക്തിയുടെ ജീവിതത്തിൽ ധനം ഒരു അപകടമാണ്; എന്ന് സാരം.***

***G. ധനത്തിൻെറ ആപത്തിനെ തരണം ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ***

1. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു ചിന്തിക്കു. കൊലോ:3:12

2. ധനവാനാകുവാൻ പരിശ്രമിക്കരുത്. കൊടുത്തു മറ്റുള്ളവരെ അനുഗ്രഹിപ്പാൻ ഉത്സാഹിക്കൂ.

3. കാര്യവിചാരകന്മാർ എന്ന നിലയിൽ ദൈവത്തിൻെറതൊന്നും നമ്മുടെ സ്വന്തമല്ല. അനുഗ്രഹത്തിൻെറ ഒരു നീർചാലായിരിക്കുക - കലവറയാകരുത്.

## IV. തിരുവചനാനുസരണമായ അഭിവൃദ്ധയിലേയ്ക്കുള്ള താക്കോൽ.

***A. ദശാംശം: സഭയുടെ സാന്ധാരണത്തിനായി നിൻെറ വരുമാനത്തിൽ 1/10 ഭാഗം നൽകുക -മാല:3:10.***

1. ഇതു ന്യായപ്രമാണത്തിലെ കല്പന: ലേവ്യ: 27:30

2. ന്യായപ്രമാണത്തിനു മുമ്പു പാലിക്കപ്പെട്ടു.

a. അബ്രഹാം മൽക്കീസേദേക്കിനുദശാംശം കൊടുത്തു. ഉല്പ: 14:18-24

b. യാക്കോബ് ദശാംശം ഉടമ്പടിചെയ്യുന്നു. ഉല്പ: 28:10-22

3. ദശാംശത്തിൻെറ ഉദ്ദേശം.

a. ദൈവത്തേ എല്ലാ കാര്യത്തിലും ഒന്നാമതായി വയ്ക്കുന്നു. വയ്ക്കുന്നു. ആവ. 14:22:23

b. പണത്തിനു അടിമയാവാതിരിപ്പാൻ സഹായിക്കുന്നു.

c. സഭയുടെ പ്രവർത്തനത്തിന്നായി സംഖ്യ:18:21

d. നമ്മുടെ ആവശ്യം നേടേണ്ടതിനു നാം വിതയ്ക്കുന്ന വിത്ത് ദൈവം വർദ്ധിപ്പിക്കുന്നു. 1: കൊറി : 9 : 10

e. നമ്മേ നല്ല കാര്യവിചാരകന്മാരാക്കുന്നു. വിശ്വസ്തരാക്കുന്നു.

4. ദശാംശവും പുതിയനിയമവും:

a. എന്തുകൊണ്ട് ദശാംശത്തെക്കുറിച്ച് പുതിയനിയം അധികം പരാമർശിക്കുന്നില്ല?. കാരണം അതു പരക്കേ അംഗീകരിക്കപ്പെട്ട ഒരു സത്യമായിരുന്നു.

b. ദശാംശം അവഗണിക്കരുതെന്ന് കർത്താവു പഠിപ്പിച്ചു. മത്തായി:23-23

c. മൽക്കീസദേക്കിൻെറ ക്രമപ്രകാരം യേശു നമ്മുടെ ദശാംശം സ്വീകരിക്കുന്നു. എബ്രാ:7:8

5. ദശാംശവും വഴിപാടും.

a. ദശാംശത്തിൽ അധികമായി ദൈവസന്നിധിയിൽ അർപ്പിക്കുന്നതാണ് വഴിപാട്.

b. ദൈവാത്മ പ്രേരണയനുസരിച്ച് ദൈവത്തോടുള്ള സ്നേഹംപോലെ അവനവൻെറ വിശ്വാസവും ശേഷിയും അനുസരിച്ച് വഴിപാട് അർപ്പിക്കാം.

c. കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും. കൊറി: 9:6

d. നമ്മുടെ എല്ലാവരുമാനവും ദൈവത്തിംൻറതാണ്. അതിൽ 10% എന്തു ചെയ്യേണമെന്നു പറഞ്ഞിട്ട് 90% നമ്മുടെ ഇഷ്ടത്തിനുപയോഗിപ്പാൻ തന്നിരിക്കുന്നു. അതിൽ നിന്നും സുവിശേഷതിൻെറ വ്യാപ്തിക്കായി ചെയ്യണമെന്ന് സാരം..

c. അനുഗ്രഹവും ശാപവും ദശാംശവുമായി ബന്ധപ്പെട്ടിരിക്കുന്നു. (മലാ:3:8-12)

***B. ദൈവരാജ്യത്തോടുള്ള സമ്പൂർണ്ണ സമർപ്പണം.***

1. ഭൗതികജീവിതത്തിന് ആവശ്യമായവ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. ( വസ്ത്രം, ഭക്ഷണം, പാനീയം) മത്താ 6:24-34

a. ഈ വാഗ്ദത്തം ലഭിക്കേണ്ടതിനുവേണ്ട വ്യവസ്ഥകൾ.

1. മുമ്പേ അവൻെറ രാജ്യവും നീതിയും അന്വേഷിക്കുക. ആകുലചിത്തനാകാതിരിക്കുക - വാക്യം - 31.

2. ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കുക. ആകുലചിത്തരാകാതിരിക്കുക വാക്യം: 31

b. ഭൗതിക വിഷയത്തിനു വിചാരപ്പെടരുത് എന്നു കർത്താവു കല്പിക്കുന്നു.

1. കാരണം അതു നീ ദൈവത്തെ വിശ്വസിക്കുന്നില്ലെന്നു തെളിയ്ക്കുന്നു.

2. ഭൗതികവസ്തുക്കൾ വിഗ്രഹമായി മാറും

3. ഈ അത്യാഗ്രഹം എല്ലാവരേയും ധനവാനേയും ദരിദ്രനേയും ബാധിക്കും.

2. ദൈവീക വിഷയങ്ങൾക്കു നാം മുൻഗണനന കൊടുക്കുമ്പോൾ ദൈവം നമുക്കായി കരുതുന്നു. ഉദാ: 4 വിധവയുടെ എണ്ണ; ശൂനേംകാരിയുടെ മകൻ. ( 2 രാജാ . 4)

a. പ്രവാചകവചനം അനുസരിച്ച് വിശ്വാസം പ്രകടമാക്കി.

b. ഒഴിഞ്ഞ പാത്രങ്ങൾ ഉള്ളിടത്തോളം എണ്ണ പകരപ്പെടും. (പ്രതീക്ഷയുള്ളിടത്തോളം അത്ഭുതങ്ങൾ)

3. അബ്രഹാം ധാരളം ആത്മീകയും ഭൗതികവുമായ നന്മകൾ പ്രാപിച്ചു. അതൻെറരഹസ്യം എന്തായിരന്നു?

a. അവൻ ദൈവത്തെ അന്വേഷിച്ചു; ഭൗതീകകാര്യങ്ങളല്ല.

1. ദൈവത്തെ പ്രസാദിപ്പിപ്പാൻ ഹാരാനിലെ ഭൗതീകമായതെല്ലാം വിട്ടു. ഉല്പ:12:1

2. ഭൗതീകമായിരുന്നു അവൻെറ ലക്ഷ്യമെങ്കിൽ, വ്യാപാരകേന്ദ്രമായിരുന്ന

ഹാരാൻ വിടുമായിരുന്നില്ല. കാരണം ഉയർച്ചയ്ക്കു ഹാരാനായിരുന്നു നല്ലത്.

3. അവൻ ദൈവം നിർമ്മിച്ച നഗരത്തിനായി കാത്തിരുന്നു. എബ്രാ.11:8–10

b. അവൻ കാഴ്ച്ചയാലല്ല വിശ്വാസത്താൽ നടന്നു; വചനമനുസരിച്ചു ജീവിച്ചു.

1. കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്കു വിളിച്ചപ്പോൾ അനുസരിച്ചു യാത്രയായി.

2. മകനെ യാഗമർപ്പിക്കാൻ പറഞ്ഞപ്പോൾ അനുസരിച്ചു.

c. സഹോദരനുമായി വഴക്കിൽ നിന്ന് ഒഴിഞ്ഞ് സമാധാനം കാത്തു. – ഉല്പ:138–12

d. അവൻ നിസ്വാർത്ഥനും ദാനശീലനുമായിരുന്നു. ഉല്പ:13:9

e. അബ്രഹാം വിശ്വസ്ഥതയും പരമാർത്ഥതയും നിറഞ്ഞ മനുഷ്യനായിരുന്നു. ഉല്പ:14: 13–24

1. ധനവാനാകാനുള്ള കുറുക്കു വഴി വേണ്ടെന്നുവച്ചു. കാരണം അതു ദൈവത്തെ മഹത്വപ്പെടുത്തുന്നതായിരുന്നില്ല.

2. വ്യക്തിപരമായ ലാഭത്തിനുവേണ്ടി ദൈവവിശുദ്ധിക്കു നിരക്കാത്ത കൂട്ടുകെട്ട് വേണ്ടന്നുവച്ചു.

f. ദശാംശത്തിലൂടെ അനുഗ്രഹിക്കപ്പെടുന്ന ദൈവീക നിയമം അബ്രഹാം ഓർത്തു സകലത്തിലും ദശാംശം കൊടുത്തു. ഉല്പ: 14:20

g. അബ്രഹാം തൻെറ പുത്രൻ ഇസഹാക്കിനെ കൂടെ ദൈവസന്നിധിയിൽ അർപ്പിച്ചു. ഉല്പ: 22

## V. കൊടുത്തുവാങ്ങുന്ന പ്രായോഗീക തത്വം

***A. കൊടുക്കുമ്പോൾ വിശ്വാസം പ്രവർത്തന ക്ഷമമാകുന്നു.***

1. വിശ്വാസത്തിൻെറ വിത്ത്.
2. വിശ്വാസം നിന്നെ അനുഗ്രഹിച്ചിരിക്കുന്നു എന്ന് ഏറ്റുപറയുക.
3. ദൈവത്തെക്കുറിച്ച് ഒരു നല്ല കാഴ്ച്ചാപാടുണ്ടാവുക.

***B. നീ എന്തിനുവേണ്ടി ദൈവത്തെ വിശ്വസിക്കുന്നു എന്നുള്ളതിൻെറ ഒരു ലിസ്റ്റ് തയ്യാറാക്കുക. ഹബക്കുക്ക് 2:2***

1. ഇത് നിൻെറ വിശ്വാസം വർദ്ധിപ്പിക്കും ദൈവം നിൻെറ വിശ്വാസങ്ങൾക്കു മതിയായവൻ എന്ന ബോധം തരും.
2. നിൻെറ ആവശ്യങ്ങളെക്കുറിച്ച് ശരിയായബോധം വരുമ്പോൾ ഒത്തിരി സംശയങ്ങൾ നീങ്ങിപോകും.

***C. വ്യക്തമായി എല്ലാകാര്യങ്ങൾക്കും പ്രാർത്ഥിക്കുക***

1. ആവശ്യം വ്യക്തമാക്കുക – 3അപ്പം – ലൂക്കോ:11:5
2. എന്തിനായി പ്രാർത്ഥിക്കുന്നു എന്നോർക്കുക.
3. പൊതുപ്രാർത്ഥനകൾ പലപ്പോഴും അവ്യക്തമാണ്. മറുപടി ലഭിക്കാതെ വരാം.

***D. ദൈവഹിതത്തിൽ മാത്രമായിരിക്കുക എഫെ:5:17***

1. ദൈവം തൻെറ ഹിതം വെളിപ്പെടുത്തുന്നതിനുമുമ്പ് സമ്പൂർണ്ണ സമർപ്പണം ആഗ്രഹിക്കുന്നു.
2. നിൻെറ പരിമിതികളെ നോക്കരുത്. ദൈവം എങ്ങനെ പ്രവർത്തിക്കും

എന്നു നോക്കരുത്.

F. നിൻെറ പദ്ധതികൾ അനുസരിച്ചു മുന്നേറൂ - ആഴത്തിലേയ്ക്കു നീങ്ങൂ - ഓർമ്മിക്കൂ ''വിശ്വാസം ഇല്ലാത്ത പ്രവൃത്തി നിർജ്ജീവം.''

G. നിനക്കു ശുശ്രൂഷ ചെയ്യുന്നവർക്കു കൊടുക്കുക ഗലാ: 6:6; 1കൊറി. 9:7–14

H. യേശു ഇന്നവരും എന്ന ധാരണയോടെ ജീവിക്കുക. എഫെ: 5:16

I. കൊടുക്കുവാൻ നേരത്തെ തയ്യാറെടുക്കുക. 1കൊറി: 16:1,2

J. ജനങ്ങളിൽ നിക്ഷേപിക്കുക. കാരണം വ്യക്തികൾക്കായിരുന്നു യേശു മുൻഗണനനൽകിയിരുന്നത്.

K. ആർക്കുകൊടുക്കണം എന്നുള്ളതിൽ പരിശുദ്ധാത്മാവിൻെറ ആലോചന നേടുക.

L. നീ സഹായിക്കുന്ന സഭയോ സംഘടനയോ ശുശ്രൂഷകനോ ദൈവവചനം യഥാർത്ഥമായി പ്രസംഗിക്കുന്നവരോ എന്നു പരിശോധിക്കുക. അവർ പണം ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുന്നവരോ എന്നും നന്നായി ജീവിക്കുന്നവരോ എന്നും ഉറപ്പുവരുത്തുക.

M. സന്തോഷത്തോടെ കൊടുക്കുക - 2കൊറി:9:6–7

N. പൂർണ്ണമനസ്സോടെ കൊടുക്കുക.

O. ദൈവമഹത്വത്തിനായി കൊടുക്കുക. 2കൊറി:9:7

P. ആത്മീയ പാഠങ്ങൾ - ലൂക്കോ : 10 : 30 – 37

# സാത്താന്യശാസ്ത്രം

സാത്താനെ സംബന്ധിച്ചും അശുദ്ധാത്മാക്കളെ സംബന്ധിച്ചുമുള്ള പഠനം. മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല. യോഹ:10:10

I. സാത്താൻ സ്വർഗ്ഗത്തിൽ ലൂസീഫറായിരുന്നു. യെഹ: 28:1-19

A. *അവൻ തള്ളപ്പെട്ടവനാണ്- വെളി: 12:9*
B. *ദൂതന്മാരിൽ മൂന്നിൽ ഒന്ന് അവനോടൊപ്പം പോയി - വെളി: 12:4*
C. *ഈ ലോകത്തിൻെറ പ്രഭുവായി വാഴുന്നു. - 2കൊറി: 4:4*
D. *അവന് ആത്മീയ അധികാരവും സ്ഥാനങ്ങളും ഉണ്ട്- എഫെ: 6:12*

II. സാത്താനും അശുദ്ധാത്മാവും ഇന്നും പ്രവർത്തനനിരതരാണ്.

A. *വിഴുങ്ങുവാനായി ചുറ്റിനടക്കുന്നു. 1പത്രോ:5:8*
B. *സഹോദരന്മാരെ കുറ്റം ചുമത്തുന്നു. വെളി:12:10*
C. *മനുഷ്യരുമായി പ്രത്യുല്പാദനം നടത്തുവാൻ കഴിവില്ല.*
D. *മനുഷ്യചിന്ത അറിയുവാൻ സാദ്ധ്യമല്ല.*

III. യേശു സാത്താനെ ജയിച്ചു. കൊലോ:2:15

A. *യേശു നമുക്ക് സാത്താൻേറമേലും അശുദ്ധാത്മാക്കളിന്മേലും അധികാരം തന്നു. മർക്കോ: 16:15-20, മത്തായി:28:18-20*
B. *അശുദ്ധാത്മാവിനെ നേരിടുവാൻ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടണം*
C. *അവൻെറ തന്ത്രങ്ങളെക്കുറിച്ച് അറിവില്ലാത്തവരായിരിക്കരുത്. അവനാൽ ചൂഷണം ചെയ്യപ്പെടും. 2കൊറി: 2:11*

IV. സാത്താൻെറ ഏഴ് ആക്രമണപടികൾ.

1. പിൻതിരിപ്പിക്കുക - പിന്മാറ്റത്തിലേയ്ക്കു നയിക്കുക; പുറകോട്ട വലിക്കുക.
2. അന്തർമുഖനാക്കുക - ആരോടും പറയാതെ സ്വയം വഹിക്കുക.
3. അടിച്ചമർത്തുക - എല്ലാപ്രശ്നങ്ങളും ഉള്ളിൽ ഒതുക്കിനടക്കുക.
4 തകർക്കപ്പെട്ട അവസ്ഥയിലാക്കുക: തകർന്ന മനസ്സിൻെറ ഫലമായി തകർന്ന പ്രത്യാശയില്ലാത്ത അവസ്ഥയിലെത്തിക്കുക.
5. പീഢിപ്പിക്കുക - താങ്ങാനാവാത്ത മാനസീക ഭാരത്താൽ അമർത്തപ്പെടുക - ഒന്നും ചെയ്യനാവാത്ത അവസ്ഥ.
6. ഭയത്താൽ ഭരിക്കപ്പെടുക: ഒരു മാനസീകാവസ്ഥ - ഭയത്താൽ പീഢിപ്പിക്കപ്പെടുന്ന മാനസീകാവസ്ഥ. സത്യം അസത്യമായും അസത്യം സത്യമായും തോന്നപ്പെടുന്നു.
7. ബാധിക്കപ്പെടുക: അവസാനത്തെപ്പടി. പിശാചിനാൽ പൂർണ്ണമായും നിയന്ത്രിക്കപ്പെടുന്ന അവസ്ഥ. ശബ്ദം, ബുദ്ധി, കണ്ണുകൾ, ഇവ പൂർണ്ണമായും സാത്താൻെറ നിയന്ത്രണത്തിൽ.

V. സാത്താൻെറ വിവിധ പേരുകൾ:

1. അബദ്ദോൻ - അപ്പല്ലുവോൻ - വെളി. 9:11- അഗാധദൂതൻ

2. അപവാദി - വെളി. 12:10 സഹോദരന്മാരെ കുറ്റം ചുമത്തുന്നവൻ. ഇയ്യോ: 1,2
3. പ്രതിയോഗി - 1പത്രോ. 5:8 പ്രതിയോഗിയായ പിശാച്.
4. വെളിച്ചദൂതൻ - 2കോരി. 11:14
5. കെരുബ് - യെഹ:28:14
6. ബെൽസബൂൽ - മത്തായി: 1025, 24; ഭൂതങ്ങളുടെ തലവൻ
7. ബെലെയാൽ - 2കൊറി: 6:15
8. മനസുവഷളാക്കുന്നവൻ - 2കൊറി. 11:3
9. സാത്താൻ-വഞ്ചകൻ - വെളി: 12:9
10. മഹാസർപ്പം - വെളി:12:3, 20:2-7
11. ശത്രു - മത്താ. 13:39
12 ഈ ലോകത്തിൻെറ ദൈവം - 2കൊറി. 4:4
13. രാജാവ് - വെളി. 9:11, എഫെ. 6:12
14. നുണയൻ - യോഹ: 8:44
15. അരുണോദയപുത്രൻ (ശുക്രൻ) യെശ: 14:12
16. കുലപാതകൻ - യോഹ. 8:44
17. ബാധിക്കുന്നവൻ - പ്രവർത്തി. 10:38
18. ആകാശാധിപതി - എഫെ. 2:2
19. അന്ധകാര പ്രഭു - എഫെ. 6:12
20. ഈ ലോകത്തിൻെറ അധിപതി അല്ലെങ്കിൽ പ്രഭു - യോഹ. 12:31, 16:11
21. അലറുന്ന സിംഹം - 1പത്രോ. 5:8
22. സാത്താൻ -ഇയ്യോബ്. 1:6, വെളി. 12:9
23. സർപ്പം - ഉല്പ. 3:1, 2കൊറി. 11:3, വെളി. 12:9, ഉല്പ. 3:14
24. പരീക്ഷകൻ മത്താ. 4:3
25. കള്ളൻ യോഹ. 10:10
26. ദുഷ്ടൻ മത്താ. 13:19

### VI. അശുദ്ധാത്മാക്കുളടെ (ഭൂതാത്മാക്കളുടെ) പേരുകൾ:

1. രോഗാത്മാവ് - ലൂക്കോ. 13:11.
2. ഊമനും ചെകിടനുമായ ആത്മാവ് - മർക്കോ: 9:25.
3. അശുദ്ധാത്മാവ് - മത്താ: 12:43; മർക്കോ: 1:23, ലൂക്കോ: 9:42. 22 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.
4. പരേത സമ്പർക്കം പുലർത്തുന്ന ഭൂതാത്മാക്കൾ. ലേവ്യ: 20:27. യെശ: 8:19; 2 രാജാ: 23:24)

   മരിച്ച മനുഷ്യരുടെ ദുഷ്ടാത്മാക്കൾ (മനുഷ്യാത്മാവല്ല) ഉണ്ട്. മരിച്ചവരെക്കുറിച്ച് വിലപിക്കുന്നവരെ ക്ഷുദ്രകർമ്മങ്ങളിലേയ്ക്ക് ആനയിക്കുന്നതിനായി മരിച്ചവരെ അനുകരിക്കുന്ന ഭൂതാത്മാക്കളാണവ. മദ്ധ്യവർത്തിയായി നിൽക്കുന്ന വെളിച്ചപ്പാടിലൂടെ (Medium) സംസാരിക്കുന്നത് സ്വന്തം ഭാര്യയോ-ഭർത്താവോ ആണെന്ന് സംശയിച്ച് ഈ വിധ ആഭിചാര കർമ്മങ്ങളിൽ (Seances) വെളിച്ചപ്പാടിൽ കൂടെ (Medium) പ്രവർത്തിക്കുന്നത് ഭൂതാത്മാക്കൾ (Familiar Spirits) ആകുന്നു.

5. ദൂതൻ – 2 കൊറി: 11:14.

a. വഞ്ചിക്കുന്ന ആത്മാവ്.

6. ഭോഷ്കിൻെറ ആത്മാവ് – 1 രാജാ: 22:22,23; 2 ദിന: 18:21,22.

7. പാപ പ്രേരകാത്മാവ് – 1 തിമ: 4:1.

a. ഭോഗേച്ഛ – വ്യഭിചാരം.

b. ദുർന്നടപ്പ് (അവിവാഹിതരുടെ രഹസ്യവേഴ്ച).

c. സ്വവർഗ്ഗഭോഗം.

8. മലിനാത്മാവ് (Foul Spirit) – മർക്കോ: 9:25, വെളി: 18:2, വെളി: 18:2.

9. അസൂയാത്മാവ് – സംഖ്യ: 5:14, 30.

a. കോപത്തിൻെറ പിന്നിൽ പ്രവർത്തിക്കുന്നു.

b. പകയുടെ പിന്നിൽ പ്രവർത്തിക്കുന്നു.

c. അന്തർമുഖതയുടെ പിന്നിൽ പ്രവർത്തിക്കുന്നു.

10. ഭയത്തിൻെറ ആത്മാവ് – 2 തിമ: 1:7.

11. വെളിച്ചപ്പാട് – പ്രവർത്തി: 16:16.

## VII. പൈശാചീക ശക്തികളോടുള്ള പോരാട്ടത്തിൽ എങ്ങനെ സംരക്ഷിക്കപ്പെടാം.

***A. ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിക്കുക. എഫെ. 6:10–18***

1. നീതി എന്ന കവചം.
2. സത്യം അരയ്ക്കു കെട്ടുക.
3. സമാധാന സുവിശേഷത്തിനുള്ള ഒരുക്കം കാലിനു ചെരുപ്പ്.
4. രക്ഷ എന്ന ശിരസ്ത്രം.
5. വിശ്വാസം എന്ന പരിച
6. വചനമെന്ന ആത്മാവിൻ വാൾ.

***B. ആത്മാവിൽ പ്രാർത്ഥന, സ്ഥിരത – എഫെ. 6:18***

സകല പ്രാർത്ഥനയിലും യാചനയിലും ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരതകാണിപ്പിൻ (എഫേ. 6:18).

# ശിഷ്യത്വം

## I. പഴയ നിയമവുമായി താരതമ്യപ്പെടുത്തുമ്പോൾ പുതിയ നിയമത്തിൻെറ പ്രാധാന്യം.

***A. പുതിയ നിയമാവലോകനം:***

1. സുവിശേഷങ്ങൾ:- നമ്മുടെ രക്ഷയുടെ വെളിപ്പാട്.
2. പ്രവർത്തികൾ:- ദൈവരാജ്യത്തിൻെറ വളർച്ചയുടെ ചരിത്രം; രക്ഷയുടെ വിശദീകരണം.
3. ലേഖനങ്ങൾ:- ഉപദേശ സംബന്ധമായ. രക്ഷയുടെ വിശദീകരണവും - ദൈവരാജ്യവും.
4. വെളിപ്പാട്:- രക്ഷയുടെ പൂർത്തീകരണം സംബന്ധിച്ച പ്രവചന പുസ്തകം.

***B. സുവിശേഷങ്ങളുടെ അവലോകനം***

1. സുവിശേഷം = സദ്വാർത്ത = നല്ലവാർത്ത
2. സുവിശേഷങ്ങൾ 4പേരാൽ എഴുതപ്പെട്ടു - വ്യത്യസ്ത പ്രാധാന്യത്തോടും - വ്യത്യസ്ത ജനാവലിക്കും
3. സമാന്തര സുവിശേഷങ്ങൾ - മത്തായി - മർക്കോസ്, ലൂക്കോസ് - യോഹന്നാൻെറ സുവിശേഷത്തിൽ മത്തായിയുടെ 58%, മർക്കോസ് 93%, ലൂക്കോസ് 42% സമാന്തരസുവിശേഷത്തിൽ യോഹന്നാൻെറ 8%.

a. സമാന്തര സുവിശേഷങ്ങൾ യേശുവിൻെറ മനുഷ്യത്വം വെളിപ്പെടുത്തുന്നു. യോഹന്നാൻ രേഖപ്പെടുത്തിയതിനേക്കാൾ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

b. യോഹന്നാൻ യേശുവിൻെറ ദൈവത്വം വെളിപ്പെടുത്തിയിരിക്കുന്നു.

c. ഗലീലയിൽ ദൈവരാജ്യം പ്രസംഗിക്കുന്ന യേശുവിനെ സമാന്ത സുവിശേഷത്തിൽ കാണാം.

d. യോഹന്നാനിൽ, യെരുശലേമിൽ ജഡത്തിൽ വെളിപ്പെട്ട ദൈവമായി യേശുവിനെ ചിത്രീകരിക്കുന്നു.

e. യോഹന്നാൻ യേശുവിൻെറ പ്രസംഗം; സംസാരം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

4. നാലു മൃഗങ്ങൾ നാലു സുവിശേഷങ്ങളെ പ്രതിനിധീകരിക്കുന്നു. വെളി. 4:7

a. സിംഹം (മത്തായി) - യേശു യെഹൂദാ ഗോത്രത്തിലെ സിംഹം - പ്രധാനമായും യഹൂദന്മാരെ ഉദ്ദേശിച്ച് - 29 പഴയനിയമ ഉദ്ധരണികൾ - യേശു രാജാവ്.

b. മനുഷ്യൻ (മർക്കോസ്) - ലളിതമായ സുവിശേഷം - യേശുവിൻെറ മനുഷ്യത്വം - റോമൻ ജനതയെ ഉദ്ദേശിച്ച് - തൻെറ ശക്തി വെളിപ്പെടുത്തി - ജയാളിയായ യേശു.

c. കാള (ലൂക്കോസ്) - ശുശ്രൂഷയും, യാഗമൃഗവും - ദാസനായി ചിത്രീകരിച്ചിരിക്കുന്നു. യവനന്മാരെ ഉദ്ദേശിച്ച് എഴുതിയിരിക്കുന്നു - മനുഷ്യപുത്രൻ - സമ്പൂർണ്ണ മനുഷ്യൻ.

d. കഴുകൻ (യോഹന്നാൻ) - സാർവ്വത്രീക സുവിശേഷം - കഴുകൻ

ഉന്നതിയുടേയും മഹത്വത്തിന്റേയും അടയാളം. യേശുവിന്റെ ദൈവത്വം – ദൈവപുത്രൻ.

1. സിംഹം, കാള, മനുഷ്യൻ – ഭൗമിക ജീവികൾ
2. കഴുകൻ – ആകാശ ജീവി – യേശു ഭൗമികനിൽനിന്നും ഉന്നതൻ.

## II. മത്തായി സുവിശേഷം.

**A. *വിഷയം:***

1. യേശു മിശിഹാ – രാജാവ് – മത്തായി: 2:2, 21:5, 22:11; 25:34; 27:11; 27:42
2. മിശിഹായ്ക്കായി കാത്തിരിക്കുന്ന യഹൂദന്മാർക്കായി എഴുതപ്പെട്ടു. യേശു പഴയനിയമ പ്രവചന നിവർത്തിക്കായി വെളിപ്പെട്ട മിശിഹ. ഉല്പ: 3:15; 22:18; 49:10; ആവ: 18:15; യെശ: 2:4; 7:14; 9:6; 11:1; 28:16; 42:1; 53:59;16; 61:1; 63:1; യിര: 23:5; ദാനി: 9:25; മിഖ: 5:2; ഹഗ്ഗാ: 2:7; സെഖ: 3:8; 6:12; 9:9; 11:12; 12:10; 13:7; മലാ: 3:1.
3. പഴയനിയമ ഉദ്ധരണികളും യേശുവിന്റെ പ്രവർത്തിയും താൻ മിശിഹാ ആണെന്നു തെളിയിക്കുന്നു.
4. രാജ്യം എന്നുള്ളത് 50 പ്രാവശ്യവും സ്വർഗ്ഗരാജ്യം എന്നുള്ളത് 30 പ്രാവശ്യവും ഉദ്ധരിക്കപ്പെട്ടത്; പഴയനിയമത്തിൽ പ്രതി പാദിക്കപ്പെട്ടും സ്നാപക യോഹന്നാൻ പ്രഘോഷിച്ചതും യേശു പ്രസംഗിച്ചതും (മത്തായി: 3:2; 4:17) ആയ ദൈവരാജ്യം സഭയിലൂടെ പ്രതിബിംബിക്കപ്പെടുകയും കർത്താവിന്റെ രണ്ടാം വരവോടെ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

**B. *എഴുത്തുകാരൻ.***

1. വിശ്വസനീയമായ പാരമ്പര്യ രേഖകളാൽ മത്തായിയാണെന്നു വിശ്വസിക്കപ്പെടുന്നു.
2. റോമാ ഗവർമ്മെൻറിന്റെ ചുങ്കക്കാരനായി സേവനം ചെയ്യുമ്പോൾ യേശുവിളിച്ച് ഒരു അപ്പസ്തോലനാക്കി. അതിലുപരി ഒന്നും അറിവില്ല. മത്തായി.10:3; മർക്കോ. 2:14.

**C. *ഉള്ളടക്കം.***

1. മിശിഹായുടെ എഴുന്നെള്ളത്ത് മത്തായി. 1:1–4:11
2. മിശിഹായുടെ ശുശ്രൂഷ: 4:12–16:12
3. മിശിഹായുടെ യാഗം: 24–27
4. മിശിഹായുടെ വിജയം: 28

## III. മർക്കോസിന്റെ സുവിശേഷം. ( AD. 67-70)

**A. *വിഷയം:***

1. യേശു ദൈവപുത്രൻ
2. റോമൻ പടയാളികൾക്കായി എഴുതപ്പെട്ടു. യേശുവിനെ രക്ഷയുടെ അധിപനായി വരച്ചുകാട്ടിയിരിക്കുന്നു. ജയാളിയായ ക്രിസ്തു.

**B. *എഴുത്തുകാരൻ***

1. യെരുശലോംകാരിയായ മറിയയുടെ മകനാണ് മർക്കോസ്.

അവരുടെ ഭവനം ആദിമ ക്രിസ്ത്യാനികൾക്കായി തുറക്കപ്പെട്ടിരുന്നു. പ്രവർത്തി: 12:12.

2. മർക്കോസ് പൗലോസിനേയും ബർന്നബാസിനേയും ഒന്നാം മിഷ്യനറിയാത്രയിൽ അനുഗമിച്ചു. പിന്നീട് യെരുശലേമിലേക്കു മടങ്ങിപ്പോയി. മർക്കോസുമായി അടുത്ത മിഷ്യനറിയാത്രയ്ക്ക് വെുമ്പെട്ട ബർന്നബാസും പൌലോസുമായി അഭിപ്രായവ്യത്യാസം ഉണ്ടായി. ബർത്തബാസ് മർക്കോസുമായി കപ്രൊസിലേക്ക് പോയി. പ്രവർത്തി: 15: 36-41. പിന്നീട് അവൻെറ വിജയകരമായ ശുശ്രൂഷയെക്കുറിച്ച് നാം 1 പത്രോ. 5:13; 1 തിമൊ: 4:11 ൽ വായിക്കുന്നു.

3. മർക്കോസ് എന്നപേർ തൻെറ റോമൻ പശ്ചാത്തലത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ട് റോമൻ ജനതയ്ക്കായി ഈ സുവിശേഷം എഴുതപ്പെട്ടു.

***C.*** ***ഉള്ളടക്കം.***

1. ജയാളിയുടെ ആഗമനം
a. തൻെറ പേരും പശ്ചാത്തലവും: 1:1-8
b. സാത്താന്മേലുള്ള പ്രഗത്ഭ ജയം: 1:9-13
c. ദൈവരാജ്യത്തിൻെറ പ്രഥമ വിളംബരം: 1:14-20
d. അധികാരത്തിൻെറ പ്രഥമ ശുശ്രൂഷ: 1:21-2:12

2. ശക്തനായ രാജാവിൻെറ ഏറ്റുമുട്ടൽ
a. രാജ്യത്തിലേക്കു പ്രജകൾ ചേർക്കപ്പെടുന്നു - അപ്പസ്തോലന്മാർ, ചുങ്കക്കാർ, പാപികൾ, രോഗികൾ, നിരാലംബർ - മർക്കോ: 2:13-3:55.
b. ദൈവരാജ്യവികസനത്തിൻെറ വിശദീകരണം - 4:1-34. പ്രകൃതിയെ, സാത്താനെ, രോഗത്തെ, മരണത്തെ കീഴടക്കിക്കൊണ്ട്.
c. ജനത്താൽ എതിർക്കപ്പെടുന്നു 6: 1-6; ഹേരോദാവ് 6:14-29. പരിശന്മാരാലും ന്യായശാസ്ത്രിമാരാലും 7:1-23; 8:10-12.

3. ജയാളി രാജ്യാധികാരം പ്രഖ്യാപിക്കുന്നു.
a. കഷ്ടത്താലും മരണത്താലും എങ്ങനെ തൻെറ രാജ്യത്തിൽ വിജയം സ്ഥാപിക്കാമെന്നു പഠിപ്പിക്കുന്നു. 8:31-38; 10:28-45.
b. ജയാളിയായവൻെറ ജറുശലോം പ്രവേശനം: 11:1-11 ദേവാലയ ശുദ്ധീകരണം 11:15-19 തന്നെ ചോദ്യം ചെയ്തവരുടെ പരാജയം 11:27-12:44. തൻെറ മഹത്വ പ്രത്യക്ഷതയുടെ പ്രഖ്യാപനം: 13:1-37.

4. രാജ്യസ്ഥാപനത്തിനായുള്ള ഒരുക്കം.
a. മരണത്തിന്നായി ഒരുങ്ങുന്നു. 14:1-72.
b. മരണത്തിന്നായി ഏല്പിച്ചുകൊടുക്കുന്നു. 15:1-47.

5. രാജ്യം ഏറ്റെടുക്കൽ: (ആത്മീയം)
a. മരണത്തെ പിടിച്ചടക്കി: 16:1-14
b. വിജയപ്രഖ്യാപനത്തിന്നായി ശിഷ്യന്മാരെ നിയോഗിച്ചയയ്ക്കുന്നു. 16:15-20

## IV. ലൂക്കോസിൻെറ സുവിശേഷം: കാലഘട്ടം A.D. 62

***A.*** ***വിഷയം:***

1. യേശു രക്ഷകനായ മനുഷ്യപുത്രൻ.

2. ധാർമ്മീകമായും ബുദ്ധിപരമായും ശാരീരികമായും മനുഷ്യനെ ഉയർത്തുവാനാഗ്രഹിച്ച യവനന്മാർക്കായി എഴുതപ്പെട്ടു. സമ്പൂർണ്ണ ധാർമ്മീക മനുഷ്യനെ കാണുവാനാശിച്ച യവനന്മാർ ഒരു ദൈവീക അവതാരത്തിന്നായി കാത്തിരുന്നു. അവർക്കായി ലൂക്കോസ് ദൈവ പുരുഷനായ യേശുവിനെ അവതരിപ്പിക്കുന്നു - മനുഷ്യൻെറ രക്ഷകനായി.

**B.** ***എഴുത്തുകാരൻ.***

1. ലൂക്കോസ് പൌലോസിൻെറ സഹചാരിയായിരുന്നു. കൊലോ: 4:14; - ഫിലോ: 24, 2തിമോ: 4:11.
2. യവനായനായ ലൂക്കോസ്, വൈദ്യനും വിദ്യാസമ്പന്നനുമായിരുന്നു.
3. ലൂക്കോസിൻെറ ശൈലി ചിന്തോദീപകവും താത്വീകവുമാണ്. ഇത് വിദ്യാസമ്പന്നരായ വ്യക്തികൾക്കായി ഈ സുവിശേഷം എഴുതപ്പെട്ടതിനാലാണ് കാവ്യശൈലിയിൽ രചിക്കപ്പെട്ടിരിക്കുന്നു. യേശുവിൻെറ പ്രഭാഷണങ്ങൾക്കു പ്രാധാന്യം കല്പിച്ചിരിക്കുന്നു. യഹൂദ പശ്ചാത്തലം പാടെ ഒഴിവാക്കുകയും പഴയനിയമ ഉദ്ധരണികൾ ഇല്ലെന്നും പറയാം.

**C.** ***ഉള്ളടക്കം.***

1. മുഖവുര - 1:1-4
2. ദൈവ മനുഷ്യൻെറ ആഗമനം - 1:5; 4:13
3. ഗലീലയിലെ ശുശ്രൂഷ: 4:14; 9:50
4. ലൂക്കോ: 9:51; 19:28.
5. ക്രൂശീകരണവും ഉയർപ്പും - 19:29; 24:53.

## V. യോഹന്നാൻെറ സുവിശേഷം: എഴുതിയ കാലഘട്ടം A.D. 80 - 90

**A.** ***വിഷയം:***

1. യേശു ജീവനുള്ള ദൈവപുത്രനായ ക്രിസ്തു
2. സഭയുടെ ആവശ്യപ്രകാരം ആഴമായ ആത്മിയ സത്യങ്ങൾ ഉൾക്കൊള്ളിച്ച് എഴുതപ്പെട്ട സുവിശേഷം.
3. മറ്റു സുവിശേഷങ്ങൾ എഴുതപ്പെട്ടതിനു ശേഷം എഴുതപ്പെട്ടത്. ഇതൊരു പൊതു സുവിശേഷം. മറ്റു സുവിശേഷങ്ങൾ അവിശ്വാസികളെ ലക്ഷ്യമാക്കി എഴുതപ്പെട്ടത്: സുവിശേഷീകരണ ലക്ഷ്യത്തോടെ.

**B.** ***എഴുത്തുകാരൻ:***

1. യേശുവിനോടുകൂടെ വളരെ സാമീപ്യബന്ധം പുലർത്തിയിരുന്ന യോഹന്നാൻ അപ്പസ്തോലനാൽ എഴുതപ്പെട്ടു. യേശുവിൻെറ സ്നേഹവലയത്തിലെ മൂന്നുപേരിൽ ഒരുവനായിരുന്നു യോഹന്നാൻ. മറ്റുള്ളവർ പത്രോസ്, യാക്കോബ്.
2. പെസഹ ആചരിക്കുമ്പോൾ യേശുവിൻെറ മാറോട് ചാരിയിരുന്നത് യോഹന്നാനായിരുന്നു. മറ്റുള്ളവരെല്ലാം ഓടിപ്പോയപ്പോൾ ന്യായവിസ്താരത്തിലും യേശുവിനെ അനുഗമിക്കയും ക്രൂശീകരണ സമയത്തും കൂടെ ഉണ്ടായിരിക്കയും യേശുവിൻെറ അന്ത്യമൊഴികളെ സ്വീകരിക്കയും ചെയ്തത് യോഹന്നാനായിരുന്നു. യോഹ: 18:15; 19:25-27.
3. യേശുവിനോടു കൂടെയുള്ള സന്തത സഹചാരിത്വവും

അരനൂറ്റാണ്ടുകാലത്തെ ഇടയ-സുവിശേഷക വൃത്തിയും ഏറ്റവും ആത്മീയ സത്യങ്ങൾ ഉൾക്കൊള്ളുന്ന ഈ സുവിശേഷ രചനയ്ക്കു യോഹന്നാനെ യോഗ്യനും പ്രാപ്തനുമാക്കി.

**C. *ഉള്ളടക്കം:***

1. മുഖവുര: ചില പ്രാരംഭ പ്രസ്താനകൾ: യോഹ: 1:1-18
2. പൊതു ശുശ്രൂഷ: 1:19; 12:50: യേശുവിൻെറ വ്യക്തിത്വത്തെ വെളിപ്പെടുത്തും വിധത്തിലുള്ള അത്ഭുതങ്ങൾ തിരഞ്ഞെടുത്തു രേഖപ്പെടുത്തിയിരിക്കുന്നു.
3. തൻെറ ശിഷ്യന്മാരോടുള്ള ശുശ്രൂഷ: 13:1; 17:26.
4. കഷ്ടാനുഭവവും ഉയർപ്പും - 18:1; 20:31.
5. ഉപസംഹാരം: യോഹ: 21:24,25.

**D. *യേശുവിൻെറ ദൈവത്വത്തിൻെറ തെളിവുകൾ:***

1. വെള്ളത്തെ വീഞ്ഞാക്കി - ഗുണമേന്മയുടെ അധികാരി - 2:1-11.
2. രാജഭൃത്യൻെറ മകൻെറ സൗഖ്യം - രോഗത്തിന്മേൽ അധികാരം: 4:48-54 കൂടാതെ സ്ഥലകാല പരിമിതികൾക്കതീതൻ.
3. ബെഥെസ്ദാ കുളക്കടവിലെ രോഗീസൗഖ്യം - 5:1-10. സമയത്തിന്മേൽ അധികാരം (38 വർഷം രോഗി.)
4. 5000 പേരെപോഷിപ്പിക്കുന്നത്. യേശു അളവ് പരിമിതികൾക്കതീതനാണെന്ന് തെളിയിക്കുന്നു.
5. വെള്ളത്തിന്മേൽ നടന്നു - പ്രകൃതിയിന്മേൽ അധികാരം: 6:15-21
6. കുരുടനു സൗഖ്യം - 9:1-7; നിർഭാഗ്യത്തിന്മേൽ അധികാരം തെളിയിക്കുന്നു.
7. ലാസറിനെ ഉയർപ്പിച്ചു - 11. 1-44 = മരണത്തിന്മേൽ അധികാരം.
8. ദൈവത്വത്തിൻെറ' മറ്റു തെളിവുകൾ.

a. യോഹ: 1:1-5, 14-18
b. യോഹ: 15: 18-24.
c. യോഹ: 8:12
d. യോഹ: 10:33-38, 11:4
e. യോഹ: 11: 25-27
f. യോഹ: 14: 1-11
g. യോഹ: 20: 26-31
h. യോഹ: 12: 48-50

## VI. ശിഷ്യത്വത്തിലേക്കുള്ള പ്രവേശനം:

**A. *ശിഷ്യനായിരിപ്പാനുള്ള വിളി: ലൂക്കോ: 14: 25-27 ''പകക്കുക'' എന്നതിന് ഇന്നു വ്യത്യസ്ത അർത്ഥമാണുള്ളത്.***
ആരാണ് ഒരു ശിഷ്യൻ?

a. യേശുവിൻെറ അച്ചടക്കമുള്ള ഒരു അനുഗാമി.
b. യേശുവിനെ അനുഗമിപ്പാനായി മറ്റ് എല്ലാം ഉപേക്ഷിച്ചവൻ.
c. ജീവിതത്തിനു ചില വ്യവസ്ഥ വെച്ചവൻ.
d. ഒരു ആത്മീയ മനുഷ്യൻ

2. സുവിശേഷീകരണവും ശിഷ്യത്വവും തമ്മിലുള്ള അന്തരം.

**B. *ശിഷ്യരാക്കുവാനാണ് നമ്മിൽ ഏല്പിക്കപ്പെട്ട ദൗത്യം. മത്താ: 28:19,20; 2തിമ. 2:2.***

## VII. ശിഷ്യത്വത്തിൻെറ ഉദ്ദേശം: ദൈവരാജ്യത്തിൻെറ വ്യാപ്തി.

**A.** ***ദൈവ പ്രവർത്തി നിന്നിൽ ആരംഭിച്ചത് നിന്നെ ദൈവ രാജ്യത്തിനു യോഗ്യനാക്കുവാൻ. ലൂക്കോ: 9:62. യേശു തൻെറ മൂന്നര വർഷക്കാല ശുശ്രൂഷയിൽ അധികപങ്കും തൻെറ അനുയായികളെ ശിഷ്യന്മാരാക്കുവാൻ പരിശിലിപ്പിക്കയായിരുന്നു.***

**B.** ***യേശുവിൻെറ ഈ ഉദ്ദേശമായിരിക്കേണം സഭയുടെ അവസ്ഥയും.***

1. വെളിപ്പാടിലെ ഏഴുസഭകൾക്കും എഴുതുന്ന ദൂതിൽ സഭയുടെ ജഡീകത്വം വെളിപ്പെടുത്തിയിരിക്കുന്നു. വെളി. 2:3.
2. പൌലോസിൻെറ ലേഖനങ്ങൾ സഭയിലെ പ്രശ്നങ്ങളുടെ പരിഹാരമാണ്.
3. സഭാ ജീവിതത്തിന് ചില വ്യവസ്ഥകൾ വെയ്ക്കാത്തെടത്തോളം ദൈവരാജ്യം മുന്നേറുകയില്ല.
4. ജീവൻെറ ഒഴുക്കു തടയുന്ന വസ്തുതകൾ മരണത്തിൻെറ കാരണമായിത്തീരുന്നു.

a. അഹങ്കാരം, സ്വാർത്ഥത, സ്വതന്ത്രചിന്താഗതി, വഴക്കമില്ലായ്മ.

b. മുഖസ്തുതിയ്ക്കുള്ള താല്പര്യം, അംഗീകര്യത്തിനുള്ള താല്പര്യം, അധികാര താല്പര്യം, ശ്രദ്ധിക്കപ്പെടുവാനുള്ള താല്പര്യം.

c. വാഗ്വാദം, മർക്കടമുഷ്ടി, കേൾക്കുവാനും മറ്റുള്ളവരിൽനിന്നും പഠിക്കുവാനുമുള്ള മനസ്സില്ലായ്മ, സ്വാർത്ഥത, കീഴ്പ്പെടുവാൻ മനസ്സില്ലായ്മ, തലക്കനം, ആജ്ഞാപന ശക്തി; വിമർശനാത്മാവ്, ചെറുതാക്കിക്കാണിക്കുക, കളിയാക്കുക, പരിഹസിക്കുക.

d. കുറ്റം കണ്ടെത്തുക, മറ്റുള്ളവരുടെ നന്മയേക്കാൾ ദോഷം കണ്ടെത്തി പരസ്യമാക്കുക.

e. മോഹം – ഭൌതിക വസ്തുക്കൾക്കുള്ള ഭ്രമം, അവിഹിതകൂട്ടുകെട്ട്, സ്ത്രീ--പുരുഷ, അമിതാവേശവും ഭോഗാസ്ക്തിയും.

f. അവിശ്വസ്തത – അസത്യം വെളിപ്പെടുത്താതിരിക്കുക; സത്യം മറച്ചുവെയ്ക്കുക.

g. സ്വാർത്ഥത. ദ്രവ്യാഗ്രഹം. മടി സ്വന്തനന്മമാത്രം കരുതുക മറ്റുള്ളവരെ അവഗണിക്കുക.

h. ബാഹ്യമായത് – പേരിനുവേണ്ടി മാത്രം; ആത്മീയ മരണം; ആത്മാക്കളെക്കുറിച്ചുള്ള ചിന്തയില്ലായ്മ; വരൾച്ച; നിസ്സഹകരണം.

## VIII. ശിഷ്യത്വത്തെ സംബന്ധിച്ചുള്ള യേശുവിൻെറ ഉപദേശം:

**A.** *ശിഷ്യൻ ഗുരുവിനെപ്പോലെയായിരിക്കേണം. മത്താ: 1024-25, ലൂക്കോ: 6:40.*

1. യേശു ജീവിച്ചതുപോലെ ജീവിക്കാതെ യേശു ചെയ്ത പ്രവർത്തികൾ ചെയ്യുന്നു വെങ്കിൽ നീ നിന്നെത്തന്നെ യേശുവിന് മീതെയാക്കുന്നു. യോഹ: 14:12.
2. നാം യേശുവിൻെറ മാതൃക പിൻതുടരേണം – 1 പത്രോ. 2:21-23, 1 യോഹ: 2:6.

**B.** ***തന്നത്തൊൻ ത്യജിച്ച് തൻെറ ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുക. മത്താ: 16:24-25; മർക്കോ: 8:34-35; ലൂക്കോ: 9:23.***

C. തന്റെ വചനത്തിൽ നിലനില്ക്കേണം. യോഹ: 8:31.

1. വചനത്തെതള്ളിക്കളഞ്ഞാൽ നാം നിഷ്ഫലരാകുന്നു. മർക്കോ. 4:13-19.

a. ധനത്തിന്റെ വഞ്ചന.

b. ലോകചിന്ത

c. ഭൌതിക ഭ്രമം (1 യോഹ. 2:15-17).

2. വചനത്തിൽ വസിക്കുക - അധികം ഫലം - ശിഷ്യന്മാർ - യോഹ: 15:7-8

***D. ഇച്ഛാ ശക്തിയെ മരിപ്പിക്കാതെ ഫലം പുറപ്പെടുവിക്കാൻ സാദ്ധ്യമല്ല - യോഹ: 12:24.***

## IX. യേശു എങ്ങനെ സ്നേഹിച്ചു - ജീവിച്ചു - താൻ എന്തു പറഞ്ഞു?

***A. പിതാവുമായുള്ള തന്റെ കൂട്ടായ്മ.***

1. പ്രാർത്ഥനയിലൂടെ - മർക്കോ. 1:35; ലൂക്കോ. 6:12.

2. ഉപവാസത്തിലൂടെ - ലൂക്കോ: 4:1-4.

***B. തന്റെ ജീവിത ശൈലി.***

1. ലോകം, ജഡം, പിശാച് എന്നവിയോടു എതിർത്ത് ജയം വരിച്ചു. ലൂക്ക. 4:1-13.

2. കഷ്ടത, ഏകാന്തത; ത്യജിക്കപ്പെടൽ എന്നിവയെല്ലാം സഹിച്ചു. ലൂക്കോ: 9:22,58; മത്താ: 10:25.

3. ക്രൂശിനെ സഹിച്ചു. എബ്രാ: 12:2; ത്യാഗപൂർണ്ണമായി ശുശ്രൂഷിച്ചു. ലൂക്കോ. 22:27, എഫെ: 5:2.

***C. തന്റെ മനസ്സും സ്വഭാവവും - ഫിലി: 2:5-8; 1 പത്രോ: 4:1,2.***

# ദൈവീക രോഗസൗഖ്യം

ദൈവീക രോഗ സൗഖ്യം. എല്ലാവരേയും സൌഖ്യമാക്കുക എന്നത് ദൈവഹിതമാണോ? അതിൽ ഞാനും ഉൾപ്പെടുന്നുവോ?

1. ആദാമും ഹവ്വയും ഏദെൻ തോട്ടത്തിൽ.

A. *മനുഷ്യൻെറ വീഴ്ചക്കു മുമ്പ് പാപമോ രോഗമോ ഉണ്ടായിരുന്നില്ല.*

B. *ഇത് സൃഷ്ടിപ്പിൽ ദൈവത്തിൻെറ ഹിതം വെളിവാകുന്നു.*

C. *മനുഷ്യൻെറ വീഴ്ച ലോകത്തിലേക്ക് പാപത്തിനും രോഗത്തിനും പ്രവേശനം നല്കി.*

D. *വീഴ്ചയ്ക്കു ശേഷവും ദൈവം സൌഖ്യം നൽകിക്കൊണ്ടിരിക്കുന്നു.*

## II. പഴയനിയമത്തിൽ ദൈവസ്വഭാവം.

A. *സങ്കീ: 145: 1-21.*

1. കൃപ നിറഞ്ഞവൻ എന്നാൽ ഉപകാരം ചെയ്യുന്നവൻ ഒരുങ്ങിയിരിക്കുന്നവൻ എന്നർത്ഥം. വാക്യം: 8.

2. യഹോവ എല്ലാവർക്കും നല്ലവൻ - വാക്യം: 3.

3. എല്ലാപ്രവർത്തിയോടും കരുണ തോന്നുന്നു - വാക്യം: 3.

a. നാം അവൻെറ പ്രവർത്തിയുടെ ഒരു ഭാഗം - എഫെ:2:10.

b. ഭൂമി അവൻെറ കൈവേല.

3. ദൈവം മനുഷ്യൻെറ മേൽ രോഗം അയക്കുമോ?

a. യേശു പറഞ്ഞു: "കള്ളൻ അറുപ്പാനും മുടിപ്പാനും കൊല്ലുവാനും വരുന്നു" യോഹ: 10:10.

b. അവൻ മോഷ്ടിപ്പാനും, കൊല്ലുവാനും, മുടിക്കുവാനും മറ്റും അനുവദിക്കുന്നു. ആരേയും നിയോഗിക്കുന്നില്ല.

B. *പുറ. 15:26 അവൻ എന്നെ സൗഖ്യമാക്കുന്നു യഹോവ!*

1. ബൈബിളിൽ ഒരിടത്തും "ഞാൻ നിന്നെ നശിപ്പിക്കുന്ന യവേയെന്നു പറഞ്ഞിട്ടില്ല"

2. തൻെറ ജനത്തിൻെറ അനുസരണകേട്ടതു നിമിത്തമാണ് നാശം ഭവിച്ചത്.

a. ദൈവത്തെ അനുസരിപ്പിക്കാതിരിക്കുന്നത് തെരഞ്ഞെടുത്ത ആവ 28:58

b. അതിനാൽ ദൈവം അനർത്ഥം അനുവദിച്ചു; ദൈവം നിയോഗിച്ചതല്ല.

C. *"നിൻെറ ആയുഷ്ക്കാലം ഞാൻ പൂർത്തിയാക്കും" പുറപ്പാട്: 23:25-26.*

D. *"തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്" - 2 ദിന: 16:9.*

E. *"ഒരു ബാധയും നിൻെറ കൂടാരത്തിനടുക്കയില്ല" - സങ്കീ: 91:10-16.*

F. *"നിൻെറ 'സകല' രോഗങ്ങളെയും സൗഖ്യമാക്കുന്നു" - സങ്കീ: 103: 2-3. 'സകല' എന്നത് ശ്രദ്ധിക്കുക.*

G. *"വചനം അയച്ചു സൌഖ്യമാക്കി" - യേശുവിനെക്കുറിച്ചുള്ള പ്രവചനം - സങ്കീ: 107:20.*

## III. രോഗത്തിൻെറ ഉപജ്ഞാതാവ് ആര്?

A. *സാത്താൻ ഇയ്യോബിനെ പരുക്കളാൽ ബാധിച്ചു. ഇയ്യോ: 2:7.*

B. *സാത്താൻ 18 വർഷമായി ബന്ധിച്ച ഈ സ്ത്രീ - ലൂക്കോ: 13:16.*

1. അവൾ അബ്രഹാമ്യ ഉടമ്പടിയിൽ പെട്ടവളായിരുന്നു.

2. സാത്താൻ അവളെ ബന്ധിച്ചു. യേശു അഴിച്ചുവിട്ടു.

C. *ജഡസംഹാരത്തിന്നായി സാത്താനെ ഏല്പിച്ചിരിക്കുന്നു: 1 കൊറി. 5:5*

D. **പിശാചു ബാധിച്ചവരെയൊക്കെ സൌഖ്യമാക്കി - പ്രവർത്തി: 10:38.**

1. രോഗങ്ങൾ സാത്താന്യ ബന്നത്താലുളവാകുന്നു.
2. എല്ലാനല്ല ദാനവും ദൈവത്തിൽനിന്നും വരുന്നു. രോഗസൗഖ്യം ഒരു നല്ലദാനം
3. യഹോവ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. എബ്രാ: 12:6
a. രോഗം ദൈവത്തിൻെറ ശിക്ഷയാണോ?
b. ഇവിടെ രോഗത്തിൻെറ പരാമർശം ഒന്നും തന്നെയില്ല.
c. ശിക്ഷ എന്നുള്ളത് ബാലശിക്ഷ എന്നർത്ഥമാണ്. പഠിപ്പിക്കുക എന്നർത്ഥം.
d. ശൈശവാവസ്ഥയിലുള്ള വിശ്വാസികളെ പഠിപ്പിച്ച് പക്വതയിലേക്കു കൊണ്ടുവരുന്നു - രോഗിയാക്കിയല്ല.

*E.* ***വഞ്ചകനായ സാത്താൻ - വെളി: 20:3,10.***

1. ശരിയല്ലാത്തത് ശരിയെന്നു വിശ്വസിപ്പിക്കുന്നതാണ് വഞ്ചന.
2. നിൻെറ അറിവിനൊത്ത് ജീവിക്കുവാൻ സാത്താൻ അനുവദിക്കുന്നില്ല.

## IV. യേശു സൌഖ്യദായകൻ.

*A.* ***യേശു. പഴയനിയമത്തിൽ നിഴലായി കാണുന്നു.***
1. നമ്മുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു. 1 കൊറി. 5:7.
a. പെസഹ ക്രിസ്തുവിനു നിഴൽ
b. യേശു നമ്മുടെ യാഗം. യോഹ. 10:11
2. പ്രവചനാത്മക രൂപത്തിൽ (പുറ 11:1; 12:51)
a. പാപത്തിൻെറ ദൈവീകശിക്ഷയാണ് മരണം (പുറ.11:5)
b. പെസഹാക്കുഞ്ഞാട് - പരിഹാരബലി - പുറ: 12:3.
1. യേശു ദൈവകുഞ്ഞാട് - യോഹ: 1:29.
2. നമ്മുടെ പാപത്തിനുപകരമായി - ഗലാ: 1:4.
3. ദൈവം നമുക്കായി ഏല്പിച്ചുതന്നു - തീത്തോ: 2:14.
4. ക്രിസ്തു തക്ക സമയത്തു അഭക്തർക്കുവേണ്ടി മരിച്ചു - റോമ: 5:6.

c. ചെങ്കടൽ കടന്നത് പുതുജനനത്തിനു നിഴൽ.

1. കനാൻ വാഗ്ദത്ത ദേശത്തിന് നിഴൽ.
a. തിരഞ്ഞെടുപ്പ് നമ്മുടെ അവകാശം.
b. അവകാശത്തെ നേടിയെടുക്കുക.
2. ഇസ്രായേലിനെ വിടുവിക്കുവാൻ ദൈവം വെളിപ്പെട്ടു.
a. നമ്മെ പാപത്തിൽനിന്നും വിടുവിപ്പാൻ യേശു വിളിക്കപ്പെട്ടു: 1 യോഹ: 3:5.
b. പിശാചിൻെറ പ്രവർത്തി അഴിപ്പാൻ യേശു വെളിപ്പെട്ടു - 1 യോഹ: 3:8.
*d.* *ഒരു പുതിയ ആരഭം പുറ: 12:2.*
1. ഒരു കുഞ്ഞാടിനെ വേർതിരിച്ചു. പുറ: 12:5.
a. ഊനമില്ലാത്ത കുഞ്ഞാട്.
1. യേശുവിൽ ഒരു പാപവും ഉണ്ടായിരുന്നില്ല. 1കൊറി: 5:21.
2. കറയും കളങ്കവും ഇല്ലാത്തവൻ - പത്രോ. 1:19.
3. അവനിൽ യാതൊരു കുറ്റവും ഇല്ലായിരുന്നു - യോഹ: 19:6.
4. പാപം ഒഴികെ സകലതിലും പരീക്ഷിക്കപ്പെട്ടവൻ - എബ്രാ: 4:15.

b. ഒരു കുഞ്ഞാട് - യേശു മാത്രം - ഒന്നിലധികം കുഞ്ഞാടില്ല.

2. രക്തം എടുത്തു. പുറ: 12:7.

a. അവരുടെ ശരീര ശക്തിക്ക്.

b. ഒരു യാത്രയ്ക്കായി ദൈവം അവരെ ഒരുക്കുകയായിരുന്നു.

c. ഒരു ബലഹീനനും അവരുടെയിടയിൽ ഉണ്ടായിരുന്നില്ല. സങ്കീ: 105:37.

d. യേശുവും ഇതുതന്നെ നമുക്കു പ്രദാനം ചെയ്യുന്നു. 1 കൊറി: 11: 23-24.

1. പൌലോസിന് നേരിട്ട് ഒരു വെളിപാട് ലഭിച്ചു. 1 കൊറി: 11: 23-24.

2. യേശുവിൻെറ ശരീരത്തെ വിവേചിക്കുന്നു. 1 കൊറി: 11:30.

a. ബലഹീനൻ - ശക്തിഹീനം, രോഗം വന്ന

b. രോഗി - രോഗത്താൽ ശക്തി നഷ്ടപ്പെട്ടവൻ.

c. നിദ്ര - മരണം. പിതാവിനോടു ചേരുന്ന നിത്യഭവനത്തിലേയ്ക്ക്.

d. അനേകരും രോഗികളാവുന്നത് ശരീരത്തെ വിവേചിക്കാതെ കർത്താവിൻെറ മേശയിൽ പങ്കെടുക്കുന്നതിനാലാണ്.

3. തന്നെത്താൻ ശോധന ചെയ്യണം. 1 കൊറി: 11:28.

4. തിരുവത്താഴത്തിലൂടെ രോഗസൗഖ്യം പ്രാപിക്കുക.

a. അവൻെറ രക്തം പാപത്തിൽനിന്നും സ്വാതന്ത്ര്യം നല്കുന്നു.

b. അവൻെറ അടിപ്പിണരുകൾ രോഗം സൗഖ്യമാക്കുന്നു - 1 പത്രോ: 2:24.

***B. അവൻ എല്ലാം സൗഖ്യമാക്കി.***

1. പിതാവ് ആ പ്രവർത്തി ചെയ്യുന്നു. യോഹ: 14:8-10.

a. പിതാവിനെക്കാണുവാൻ യേശുവിനെ നോക്കുക.

b. യേശു പിതാവിൻെറ സമ്പൂർണ്ണഹിതം വെളിപ്പെടുത്തി.

c. യേശു പിതാവിൻെറ ഹിതം ചെയ്തു. യോഹ: 6:38.

1. യേശുവിൻെറ ഓരോ വാക്കും പ്രവർത്തിയും സാത്താൻെറ പ്രവർത്തനത്തെ തകർക്കുന്നതായിരുന്നു.

2. തൻെറ അധികാരത്തിൻെറ ശുശ്രൂഷയെല്ലാം പിതാവിൻെറ ഹിതമായിരുന്നു.

2. യേശു പുരുഷാരത്തെ സൗഖ്യമാക്കി - മത്തായി: 14:14.

a. അവർ പ്രാപിപ്പാനുള്ള ആഗ്രഹത്തോടെ വന്നു.

b. അവർ സൌഖ്യം പ്രാപിപ്പാൻവന്നു.

c. വലിയ പുരുഷാരത്തിൽ സൗഖ്യമാക്കാൻ കഴിയാത്ത ആരും ഉണ്ടായിരുന്നില്ല. നല്ലവരും ചീത്തയുമായ ആളുകൾ ഉണ്ടായിരുന്നു.

3. യേശു എല്ലാരോഗവും വ്യാധിയും സൌഖ്യമാക്കി - മത്താ: 9:35.

4. യേശു എല്ലാവരേയും സൌഖ്യമാക്കി - മത്താ: 12:15.

5. യേശു എല്ലാവരേയും സൗഖ്യമാക്കി - മത്താ: 15:30,31.

6. അവൻ അവരുടെമേൽ കൈവെച്ച് അവരെ സൗഖ്യമാക്കി - ലൂക്കോ: 4:40.

7. അവൻ അവരെയെല്ലാം സൌഖ്യമാക്കി - ലൂക്കോ: 6: 17-19.

8. അവൻ ചിലരെ സൌഖ്യമാക്കിയെന്നാണോ? അല്ല എല്ലാവരേയും - പ്രവർത്തി: 10:38.

9. ഒരിക്കൽമാത്രം എല്ലാവരേയും സൌഖ്യമാക്കിയില്ല - മർക്കോ: 6:5-6.

a. അവരുടെ അവിശ്വാസം നിമിത്തം.

b. അവിശ്വാസം അനുഗ്രഹത്തെ കവർന്നു കളഞ്ഞു.

c. യേശു വിശ്വാസം പഠിപ്പിച്ചു. വചനം അവിശ്വാസിയെ വിശ്വാസിയാക്കുന്നു.

10. വിശ്വാസത്തോടെ യേശുവിൻെറ അടുക്കൽ വന്നവരിലേക്ക് സൌഖ്യമാക്കുന്ന ശക്തി യേശുവിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്നു.

a. താൻ പിതാവിൻെറ വലഭാഗത്തേയ്ക്കുപോയപ്പോൾ ഈ അധികാരം സഭയ്ക്കു (തൻെറ ശരീരത്തിനു) നല്കിയിട്ടുപോയി. ആ ശക്തി ആദിമസഭയിലൂടെ പ്രവഹിച്ചിരുന്നു. പ്രവർത്തി. 5:16

b. ഇന്നു വിശ്വാസികളിലൂടെ ആ ശക്തി വ്യാപരിക്കുന്നു. മർക്കോ: 16:18

***C. യേശു വിശ്വാസികളിലൂടെയും ഇന്നും എന്നേയ്ക്കും അനന്യൻ - എബ്രാ: 13:8***

***D. പാപ പരിഹാരത്തിലൂടെ രോഗസൗഖ്യവുമുണ്ട്.***

1. യെശ. 53:3-5

a. നമ്മുടെ രോഗങ്ങളും വേദനകളും. (King James പരിഭാഷയിൽ വ്യത്യാസമുണ്ട്)

1. Griefs (എബ്രാ: ചോളിയി), അസുഖം, രോഗം.

2. Sorrow (എബ്രാ: മക്കോബ), വേദനകൾ.

b. അവൻ ചുമന്നു അല്ലെങ്കിൽ വഹിച്ചു. ദൂരത്തേയ്ക്കുമാറ്റി.

1. പാപവും രോഗവും എന്നിൽ നിന്ന് എടുത്ത് കാൽവരിയിലേയ്ക്കുമാറ്റി.

2. രക്ഷയും ആരോഗ്യവും കാൽവരിയിൽ നിന്നും എന്നിലേയ്ക്കും മാറ്റി.

c. അവൻെറ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു.

2. നമുക്കു സൗഖ്യം വന്നിരിക്കുന്നു. 1പത്രോ: 2:24

a. പൂർത്തീകരിച്ച ഒരു ജോലി.

b. സൗഖ്യം നമ്മുടെ അവകാശം.

3. അവൻ നമ്മുടെ രോഗത്തെ ചുമന്നു (മത്താ. 8:17).

4. യഹോവ റാഫെ - സൗഖ്യമാക്കുന്ന ദൈവം - പുറ: 15:26

***E. സൗഖ്യമാക്കുവാനുള്ള യേശുവിൻെറ മനസ്സ് - ലൂക്കോ: 5:12-13***

1. കുഷ്ഠരോഗം നിറഞ്ഞ - രോഗത്തിൻെറ അന്ത്യലക്ഷണം.

2. യഹൂദന്യായപ്രമാണ പ്രകാരം അശുദ്ധൻ.

a. അവൻ ന്യായപ്രമാണത്തെ ലംഘിച്ചു.

b. കരുണയ്ക്കായി യാചിച്ചു.

c. അവസാനത്തെ ആശ യേശുവായിരുന്നു.

3. സൗഖ്യമാക്കുവാൻ നിനക്ക് മനസ്സുണ്ടെങ്കിൽ" എന്ന് യേശുവിനോടു പറഞ്ഞപ്പോൾ "എനിക്കു മനസ്സുണ്ട് ശുദ്ധമാകുക എന്നു പറഞ്ഞു.

a. യേശുവിൻെറ സൗഖ്യശക്തിയെക്കുറിച്ച് അവൻ കേട്ടിരുന്നു.

b. യേശു തന്നെ സൗഖ്യമാക്കുമോ എന്നായിരുന്നു അവനറിയേണ്ടത്.

c. അവനോടും എല്ലാവരോടും ഉള്ള മറുപടി "ഉവ്വ്" എനിക്കു മനസ്സുണ്ട്" എന്നത്രേ.

V. ദൈവം സൗഖ്യമാക്കുന്ന 7 വഴികൾ

നിൻെറ വിശ്വാസത്തെ പ്രാവർത്തികമാക്കാവുന്ന വഴി ഏതെന്നു

കണ്ടെത്തുക:-

1. യേശുവിൻെറ നാത്തിൽ ചോദിക്കുക - യോഹ: 16:23
2. കൈവെയ്ക്കുക - എബ്രാ: 6:2, മർക്കോ: 16:18
3. എണ്ണ പൂശുക - യാക്കോ: 5:14, മർക്കോ. 6:13
4. രോഗാത്മാവിനെ ശാസിക്കുക - ലൂക്കോ: 13:11-13, മത്താ: 8:16
5. ഐകമത്യപ്പെട്ടു പ്രാർത്ഥിക്കുക - മത്താ: 18:18
6. പ്രാർത്ഥനയിൽ ബന്ധിച്ചും പ്രാർത്ഥനയിൽ അഴിച്ചും കൊണ്ടുള്ള പ്രാർത്ഥന - മത്താ. 18:18
7. വചനം മരുന്നായി ഉപയോഗിക്കുക - സദൃശ: 4:20-22

## VI. വചനത്തിനനുസരിച്ച് പ്രവർത്തിക്കുന്നത്.

**A.** ***ദൈവമുമ്പാകെ നിങ്ങൾ തനിയെ ചീട്ട് എഴുതാം (മർക്കോ 5:25-34)***

1. പറയുക! - മർക്കോ:5:18. അവൾ പറഞ്ഞു.
2. **ചെയ്യുക! - "  5:27 അവൾ വന്നു.**
3. **പ്രാപിക്കുക! - "  5:29 അവൾ അനുഭവിച്ചറിഞ്ഞു.**
4. **മറ്റുള്ളവരോടു! പറയുക - "5:33 അവൾ പറഞ്ഞു.**

**B.** ***ഉറപ്പുള്ളവരായിരിക്കുക.***
**C.** ***ദൈവീക രോഗശാന്തി സ്വയം അനുഭവിച്ചറിയുക.***
**D.** ***കുലുങ്ങിപ്പോകാത്ത വിശ്വാസത്തിനുടമയായിരിക്കുക.***
**E.** ***പിശാചനോട് എതിർത്തുനിൽപ്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓട്ടിപ്പോകും (യാക്കോ. 4:7)***

# സുവിശേഷീകരണം

## 1. സുവിശേഷീകരണം: ഒരു നിർവ്വചനം ലൂക്കോ. 19:10.

**A.** ***നോട്ടം – യോഹ: 4:35.***

1. സുവിശേഷികരണത്തിനു ഒരു ദർശനം ആവശ്യമാണ് – സദൃശ. 29:18.

a. വേലയെക്കുറിച്ച് – മത്താ: 9:37,38, യോഹ: 5:17.

b. സമയത്തെക്കുറിച്ച് – യോഹ: 4:23, ലൂക്കോ: 17: 26–30.

c. നരകത്തെക്കുറിച്ചും പാപിയുടെ അവസ്ഥയെക്കുറിച്ചും. – ലൂക്കോ: 16=19–31, സങ്കി: 9:17; (സദൃശ. 27:20.)

2. സുവിശേഷികരണത്തിനു ആർദ്രതയുള്ള ഹൃദയം അനിവാര്യമാണ്. മത്തായി: 9:36, 14:14.

a. ആർദ്രത എന്നുള്ളത് അയ്യോഭാവം അല്ല ദയയോടുകൂടിയ പ്രവർത്തനമാണ്.

b. ജനം നരകത്തിലേക്കു പോകുന്നതു നോക്കി നില്ക്കുന്നതു ക്രൂരതയാണ്.

**B.** ***പോകുക – മർക്കോ: 16:15.***

1. പല ക്രിസ്ത്യാനികളും പോകാത്തത് അവർക്ക് ദുർബല ആത്മാവായതിനാലാണ്.

a. അവർക്കു ഭയമാണ് – 2 തിമൊ: 1:7.

b. അവർക്കു മടിയാണ് – സദൃശ: 6:6–9, 10:26; 26:14.

2. നിന്റെ ആത്മാവ് യേശുവിനെ സാക്ഷിപ്പാൻ പോകാൻ തയ്യാറാവണം – ശക്തിയും സന്തോഷവും ബലവും നിറഞ്ഞതായിരിക്കേണം.

3. ശക്തിയേറിയ ആത്മാവിനെ ലഭിക്കുന്നത് വചനധ്യാനം, ആത്മാവിലുള്ള പ്രാർത്ഥന, ആരാധന എന്നിവയിലൂടെയാണ്.

**C.** ***സാക്ഷിക്കുക: മർക്കോ: 5:19; 16:15.***

1. എല്ലാവർക്കും ഒരു സാക്ഷ്യം ഉണ്ട് – യോഹ: 4:28, 29.

2. സുവാർത്ത പ്രഘോഷിക്കുക – ദുർവാർത്തയല്ല. "നീയൊരു പാപിയാണ് അതിനാൽ മദ്യപാനം പുകവലി എന്നിവ ഉപേക്ഷിച്ചില്ലെങ്കിൽ നീ നരകത്തിൽ പോകും" ഇതൊരു സുവാർത്തയല്ല.

3. പരിശുദ്ധാത്മാവ് ആവശ്യമായ വാക്കുകൾ തക്കസമയത്ത് നൽകും. (മർക്കോ. 13 : 11)

## II. സുവിശേഷീകരണത്തിനുവേണ്ട കരുക്കൾ.

**A.** ***സ്നേഹമാണ് ഏറ്റവും വലിയ ആയുധം.***

1. ഏതാത്മാവിന് അധീനൻ എന്ന് ചിന്തിക്കുക.

a. സ്നേഹത്താൽ ഭരിക്കപ്പെടുക.

b. തർക്കിക്കരുത്; മൃദുവായ ഉത്തരം കോപത്തെ ശമിപ്പിക്കും. സദൃശ. 15:1.

c. സുവിശേഷം പ്രസംഗിക്കുവാനാണ് വിളിച്ചത്, വാദിക്കാനല്ല.

2. സ്നേഹത്താൽ ഭരിക്കപ്പെടുന്നില്ലെങ്കിൽ യേശു മഹത്വമെടുക്കുന്നില്ല. 1 കൊറി: 13:1.

**B. *ശക്തിയും അധികാരവും പ്രവർത്തി: 1:8.***

1. നമ്മുടെ വാക്കുകൾ ശക്തിയോടും അധികാരത്തോടും കൂടെയായിരിക്കേണം. ലൂക്കോ: 4:30,32; മർക്കോ: 1:22.

a. യേശു സാത്താനെ ശാസിച്ചു. ലൂക്കോ: 4:35.

b. യേശു പനിയെ ശാസിച്ചു. ലൂക്കോ: 4:39.

2. യേശു ആരെന്നും തനിക്കെന്തുകഴിയുമെന്നും മറക്കരുത് - മർക്കോ: 16:20.

a. യേശു സകല സാത്താനും, രോഗത്തിനും, വ്യാധിക്കും ഉന്നതൻ - യോഹ: 3:31.

b. യേശുവിന്റെ നാമം നിന്റേത് - ഉപയോഗിക്കൂ.

c. പാപിക്കു മതമല്ല യേശുവിന്റെ ശക്തിയാണാവശ്യം.

**A. *ജ്ഞാനം - സദൃശ: 11:30, യാക്കോ: 1:5***

1. എപ്പോൾ സംസാരിക്കേണം എപ്പോൾ മൌനമായിരിക്കേണം എന്നു പഠിക്കണം. മത്തായി: 10:19.

2. സംസാരം നിയന്ത്രിക്കേണം.

3. പാമ്പിനെപ്പോലെ ബുദ്ധിയും പ്രാവിനെപ്പോലെ നിഷ്ക്കളങ്കതയും.

4. ദൈവ വചനം അറിയണം. 2 തിമോ: 2:15.

## III. സാക്ഷ്യ ഉപാധികൾ:

**A. *സഹായകരമായ സൂചനകൾ.***

1. അകത്തെ മനുഷ്യനെ ഒരുക്കുക.

a. ഏറ്റുപറയാത്ത പാപം ഒന്നും കാണരുത്. 1 യോഹ: 1:9.

b. പുറപ്പെടുന്നതിനു മുമ്പായി പ്രാർത്ഥിക്കുക.

2. പുറത്തെ മനുഷ്യനെ ഒരുക്കുക - 1 കൊറി: 9:22. ഒരു ബിസിനസ്സുകാരനോടും കൃഷിക്കാരനോടും സുവിശേഷം പറയുവാൻ വസ്ത്രം ധരിക്കുന്നതു വ്യത്യസ്തമായിരിക്കുന്നത് നല്ലതാണ്.

3. പുതിയനിയമമെങ്കിലും കൈവശം കാണണം.

4. രണ്ടോ, മൂന്നോ പേരായി പോകുക.

5. പുഞ്ചിരിയോടെ ആരംഭിക്കുമ്പോഴും ജാഗ്രത കൈവെടിയരുത്.

6. മുഴുവൻ സമയവും തന്നെ സംസാരിക്കാതെ കേൾക്കുവാനും സമയം കണ്ടെത്തുക. കേൾവിക്കാരനെ മനസ്സിലാക്കുക.

a. നീ രക്ഷിക്കപ്പെട്ടവനാണോ, വിശ്വാസിയാണോ എന്നു ചേദിക്കാതെ മറ്റു വാക്കുകൾ ഉപയോഗിക്കുക.

b. നിന്റെ നിത്യത എവിടെയാണെന്നു എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്നു ചോദിക്കുക.

7. "നിന്നെക്കാൾ ഞാൻ വിശുദ്ധൻ" എന്ന മനോഭാവം കാണിക്കരുത്.

8. രക്ഷാവചനങ്ങൾ എവിടെയെന്നു മനപാഠമാക്കി വയ്ക്കുക.

a. ഒരു പദ്ധതി തയ്യാറാക്കുക. റോമ: 3:10,23, 5:8; 10:9-10.

b. ഇല്ല, ഉവ്വ് എന്നീ ഉത്തരങ്ങൾ ലഭിക്കുന്ന ചോദ്യം ഉന്നയിക്കരുത്.

c. വചനത്തിൽനിന്നും രക്ഷയ്ക്കായുള്ള അടിസ്ഥാനം ഇടുക.

**B. *രക്ഷയ്ക്കുള്ള തീരുമാനവും തുടർന്നുള്ള പരിപാടികളും.***

1. അനുതാപ പ്രാർത്ഥന - ലളിതവും, ഹൃസ്വവും, മനസിലാകുന്ന

രീതിയിലുമാക്കുക. നന്ദിപ്രാർത്ഥന – രക്ഷിച്ചതിനായി നന്ദി പറയുക.

2. അനുധാവനം : ഏറ്റു പറയേണ്ട പ്രാധാന്യത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുക. (മത്താ. 10 : 32, 33)

a. ദിനവും വചനം വായിക്കേണ്ട പ്രാധാന്യത ബേധ്യപ്പെടുത്തുക.

b. ദിനവും പ്രാർത്ഥിക്കേണ്ടതിൻേറയും, ആരാധിക്കേണ്ടതിൻെറയും ആവശ്യം.

c. സഭായോഗത്തിൻെറ പ്രാധാന്യത മനസ്സിലാക്കിക്കൊടുക്കുക.

3. "ശിഷ്യന്മാരാകുവാൻ" സഹായിക്കുക.

a. എന്തുകൊണ്ട് ആകണം.

b. എങ്ങനെ ആകണം.

c. ആരംഭിക്കുവാൻ സഹായിക്കുക

d. മുന്നോട്ടു പോകുവാൻ പ്രോത്സാഹിപ്പിക്കുക.

e. മറ്റുള്ളവരെ നേടുവാൻ പഠിപ്പിക്കുക.

***C. പ്രശ്നങ്ങൾ ഉള്ളവരെ നേരിടേണ്ട വിധം: 2 തിമൊ: 2:23-26.***

1. സാധാരണ ഉന്നയിക്കുന്ന ഒഴികഴിവുകളും തിരുവചന മറുപടിയും.

a. എനിക്കു വിഷയമല്ല – സദൃശ : 27:1, ലൂക്കോ: 13:3, യോഹ: 3:18, റോമ: 6:23; എബ്രാ: 2:3.

b. ഞാൻ നല്ലവനാണ് – യെശ: 53:6, 64:6-7, റോമ: 3:10, എഫെ: 2:8,9, തീത്തോ: 3:5.

c. പള്ളി ഭക്തർ – യെശ: 45:22, യോഹ: 3:14-14. പ്രവർത്തി: 17:30,31, റോമർ: 14:12. (രക്ഷയ്ക്കായി യേശുവിലേക്ക് വിരൽ ചൂണ്ടണം)

d. ഞാൻ ഭയങ്കരപാപിയാണ് – സങ്കീ: 86:5, യെശ: 1:18, യോഹ: 6:37, എബ്രാ: 7:25, 2 പത്രോ: 3:9, വെളി: 22:17. (ദൈവം ദീർഘക്ഷമയുള്ളവനും നിത്യമായി സ്നേഹിക്കുന്നവനുമാണെന്ന് കാണിച്ചുകൊടുക്കുക)

e. എനിക്കു പാപം ചെയ്യാതിരിപ്പാൻ കഴിയുകയില്ല. യോഹ: 10:27,28, 1 കൊറി: 10:13, 2 കൊറി: 5:17; 2 കൊറി: 12:9,10, 1 യോഹ: 4:4, 1 യോഹ: 5:12, യൂദ: 24. (യേശുവിനെ സ്വീകരിക്കുമ്പോൾ നമുക്ക് പുതിയ ആഗ്രഹങ്ങൾ ലഭിക്കുമെന്ന് അറിയിക്കുക)

f. ക്രിസ്തീയ ജീവിതം എളുപ്പമല്ല. ക്രിസ്തീയത്വം മതമല്ല- യേശുവുമായുള്ള ബന്ധമാണ് – മത്തായി: 11:28-30, യോഹ: 1:12, ഫിലി: 4:13, 2 തിമ: 1:12.

g. ഞാൻ ചീത്തയല്ല. – രക്ഷ നന്മയേ ആസ്പദമാക്കിയല്ല. യേശുവുമായുള്ള ബന്ധമനുസരിച്ചാണ് – സഭാ: 7:20; സദൃശ : 14:12, യോഹ: 14:6;

h തീരുമാനമെടുക്കാൻ താമസിക്കുന്നവർക്ക് മതിയായ രക്ഷാവചനങ്ങൾ നൽകുക. സദൃശ 29 : 1; ലൂക്കോ 12 : 16-20; യോഹ. 3 : 18; 2 കോരി. 6 : 2; യാക്കോ. 4 : 13-14.

2. മറ്റു രക്ഷാവചനങ്ങൾ : യെഹെ: 36 : 26; മത്തായി: 10:32; 16:26; ലൂക്കോ: 19:10; പ്രവർത്തി: 4:12; റോമ: 14:11, 2 കൊറി: 5:21, എബ്രാ: 9:27.

# വിശ്വാസത്തിൻെറ അടിസ്ഥാനങ്ങൾ

## I. വിശ്വാസം എന്നാലെന്ത്? നമുക്കതെങ്ങനെ ലഭിക്കുന്നു?

**A. *നിർവ്വചനങ്ങൾ***

1. വിശ്വാസമെന്നത് പ്രവർത്തികളിൽ കാണിക്കുന്ന ദൈവാശ്രയമാണ് – തിരഞ്ഞെടുപ്പിനോടുചേർന്നുള്ള പ്രവൃത്തി.
2. ദൈവത്തിങ്കലുള്ള യഥാർത്ഥവിശ്വാസം ദൈവവചനം അംഗീകരിക്കയും അതനുസരിച്ചു പ്രവർത്തിക്കുന്നതുമാണ് – ബാഹ്യമായ സാഹചര്യങ്ങൾ എന്തുതന്നെയായിരുന്നാലും.
3. വിശ്വാസം എന്നുള്ളത് നമ്മിൽ എന്ത് ഉണ്ട് എന്നതനുസരിച്ചല്ല നാം എന്തു പ്രവർത്തിക്കുന്നു എന്നുള്ളതാണ് വെളിപ്പെടുത്തുന്നത്.

a. വിശ്വാസം എന്നത് നമുക്കാവശ്യമായത് ദൈവത്തിൽ നിന്നുമെടുക്കുന്ന കരമാണ്.

1. ഉദാ: ഒരു സമ്മാനം സ്വീകരിക്കുന്നതുപോലെ

b. വിശ്വസിക്കുക എന്നത് ക്രിയാപദമാണ്. വിശ്വസിക്കുക എന്നത് വേദപുസ്തകഭാഷയിൽ ഏറ്റെടുക്കുക; അംഗീകരിക്കുക; കൈവശമാക്കുക എന്നെല്ലാമാണ് അർത്ഥം. യേശുവിനെ രക്ഷിതാവായി വിശ്വസിക്കുക എന്നാൽ യേശുവിനെ രക്ഷിതാവായി അംഗീകരിക്കുക എന്നർത്ഥം. രോഗശാന്തിയിൽ വിശ്വസിക്കുന്നവർ രോഗസൗഖ്യം ഏറ്റെടുക്കേണം. വിശ്വാസം എന്നത് ഇച്ഛാശക്തിയുടെ ഒരു പ്രവർത്തനമാണ്.

c. വിശ്വാസം എന്നത് ഭൂതകാലത്തിനെ ആസ്പദമാക്കിയാണ്. വീണ്ടെടുപ്പിലൂടെ നമുക്കാവശ്യമായതെല്ലാം ദൈവം പ്രദാനം ചെയ്തു. അത് ആത്മീയമായി നാം കൈവശപ്പെടുത്തേണം. തനിയേ നമ്മുടെമേൽ വീഴുകയില്ല.

4 സാധാരണവിശ്വാസം "വിശ്വാസം എന്ന വരത്തിൽ" പെടുകയില്ല. 1 കോരി: 12:9

**B. *എല്ലാവിശ്വാസികൾക്കും "വിശ്വാസം" ഉണ്ട്.***

1. വിശ്വാസികളായവർക്കെല്ലാം വിശ്വാസമുണ്ട്. അല്ലെങ്കിൽ രക്ഷിക്കപ്പെടുകയില്ല.

   2 കോരി: 413; എഫെ: 2:8:9

a. നാം ദൈവത്തിൽ നിന്നും ജനിച്ചതിനാൽ ദൈവ സ്വഭാവം നമ്മിലുണ്ട്. അതിലൊന്ന് വിശ്വസമാണ്. 1. ഉദാ: 4 വയസ്സായപ്പോൾ ഡോക്ടറോട് നാം കൈയ്ക്കായി അപേക്ഷിച്ചില്ല. നാം "കൈ"യ്യോടു കൂടെയാണ് ജനിക്കപ്പെട്ടത്.

2. വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ സാധ്യമല്ല. എബ്രാ: 11:6

a. ദൈവം നമ്മിൽ നിന്നും വിശ്വാസം ആവശ്യപ്പെടുന്നതിനാൽ അത് പ്രാപിപ്പാനുള്ള പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

b. വിശ്വാസം ദൈവവചന കേൾവിയാൽ ഉണ്ടാകുന്നു. റോമ: 10:17

c. ബൈബിളിനെ വിശ്വാസവചനമെന്നു വിളിക്കുന്നു. റോമ: 10:8

3. വിശ്വാസം ഹൃദയത്തെ സംബന്ധിച്ചുള്ളതാണ്. അതായത് ആന്തരീക മനുഷ്യനെ സംബന്ധിക്കുന്നത്.

a. ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ വിശ്വാസം അവൻെറ ഹൃദയത്തിൽ

ഉൾനടപ്പെടുന്നു. എഫെ: 2:8

b. ഓരോരുത്തർക്കും ഓരോ അളവിൽ വിശ്വാസമുണ്ട് – റോമ: 12:3

c. ഹൃദയവിശ്വാസം മനസ്സിൻെറ പൊരുത്തം അല്ല. സദൃശ:3:5

1. ഹൃദയത്തിൽ വിശ്വസിച്ചും മനസ്സിൽ സംശയിച്ചും ജീവിക്കാം.

2. ഒരാൾ വിശ്വസിച്ചാണോ പ്രവർത്തിക്കുന്നതെന്നും അതോ മാനസിക പൊരുത്തം കൊണ്ടാണോ പ്രവർത്തിക്കുന്നതെന്നും എങ്ങനെ മനസ്സിലാക്കാം?

4 വിശ്വാസം ഒരു ജീവിത ശൈലിയാണ്. നീതിമാൻ വിശ്വാസത്താൽ ജീവിക്കും ഗലാ:3:11, റോമ: 1:17, എബ്രാ:10:38

5. മറ്റു ചില വീക്ഷണങ്ങൾ

a. എല്ലാവരും എല്ലായ്പ്പോഴും എന്തെങ്കിലും വിശ്വസിക്കുന്നവരാണ് – ശരിയായതോ തെറ്റായതോ? സംശയം എന്നുള്ളത് വിപരീതമായ കാര്യത്തിലുള്ള വിശ്വാസമാണ്.

b. ദൈവത്തിന് എല്ലാം സാദ്ധ്യം എന്നു വിശ്വസിക്കുന്നവരാണ് മിക്കപേരും. എന്നാൽ വിശ്വസിക്കുന്നവർക്കു സകലവും സാദ്ധ്യം എന്ന് അവർ വിശ്വസിപ്പാൻ തയ്യാറല്ല. മർക്കോ: 9:23

c. ആളുകൾ നിനക്കെന്തോ കുഴപ്പമുണ്ടെന്നു കരുതിയേക്കാം – അതിനു കുഴപ്പമില്ല. പ്രാകൃത മനുഷ്യൻ ദൈവാത്മാവിൻെറ ഉപദേശം കൈക്കൊള്ളുന്നില്ല. 1 കോരി: 2:14

## *C. വിശ്വാസം ദൈവവചനത്തിൽ അധിഷ്ഠിതമായിരിക്കുന്നു.*

1. ദൈവവചനം കുറ്റമറ്റതാണ് – യോഹ: 17:17; 2 തിമൊ:3:16; 1 തെസ്സ: 2:13

a. അവൻെറ വചനം സത്യം–കാരണം ദൈവത്തിനു വ്യാജം പറവാൻ കഴിയില്ല. സംഖ്യ:23:19

b. യേശു ജഡത്തിലായിരുന്ന അതേ ബഹുമാനത്തോടെ നാം വചനത്തെ കൈകാര്യം ചെയ്യണം.

c. നീ വചനം വിശ്വസിക്കുന്നില്ലെങ്കിൽ ദൈവത്തെ അസത്യവാദിയാക്കുന്നു.

2. ദൈവഹിതം വെളിപ്പെടുന്നിടത്ത് വിശ്വാസം ആരംഭിക്കുന്നു. അവൻെറ വചനം അവൻെറ ഹിതം വെളിവാക്കന്നു.

a. ദൈവഹിതം അറിയുന്നിടത്ത് വിശ്വാസം ആരംഭിക്കുന്നു. ദൈവഹിതം തൻെറ വചനത്തിലാണ്.

b. നാം ദൈവഹിതവും തൻെറ സ്നേഹസ്വഭാവവും മനസ്സിലാക്കേണം. ദൈവം ജഡത്തിൽ വെളിപ്പെട്ടതാണ് യേശു. യേശുവിനെ അറിയുന്നതിലൂടെ ദൈവത്തെ അറിയാം.

c. നീ ആരെന്നറിയേണ്ടതിന്നും ആരിലെന്നറിയേണ്ടതിനും മനസ്സുപുതുക്കി രൂപാന്തരപ്പെടേണം.

d. ദൈവവചന പാരായണം, ധ്യാനം, പഠനം എന്നിവ അനിവാര്യമാണ്.

e. വചനത്തിൽ വസിച്ചാൽ പ്രാർത്ഥനക്കുത്തരം ലഭിക്കും. – 1 യോഹ:15:7

f. ദൈവകല്പനകൾ അറിഞ്ഞ് അനുസരിക്കേണം – 1 യോഹ: 3:22

3. വചനത്തിലെ വാഗ്ദത്തങ്ങൾ വിശ്വാസത്താൽ ഏറ്റെടുക്കേണം.

a. വിശ്വാസം എന്ന സ്വിച്ച് ഉപയോഗിച്ച് നാം ദൈവശക്തിയെ പ്രവർത്തിപ്പിക്കുന്നു.
b. ഉദാഹരണം. വിദ്യുച്ഛക്തി

*D. രണ്ടുവിധം വിശ്വാസം:*

1. ബുദ്ധിയിലുള്ളത്: തോമസിൻേറത്, യോഹ: 20:29; സ്വാഭാവികമായത്, ഇന്ദ്രിയാധിഷ്ഠിതമായത്, ജ്ഞാനത്തിലൂടെ സമ്പാദിച്ചത്.
2. ഹൃദയത്തിലുള്ള വിശ്വാസം – അബ്രഹാമിൻേറത് – റോമ: 4:17-21
a. ദൈവവചനത്തിലധിഷ്ഠിതം
b. വീണ്ടും ജനനാനുഭവം – കണ്ടാൽ അതു തോന്നുന്നില്ലെങ്കിലും; അതിനു വിശദീകരണം കൊടുപ്പാൻ സാദ്ധ്യമല്ലെങ്കിലും – വചനം പറയുന്നതിനാൽ വിശ്വസിക്കുന്നു. റോമ: 10:3,10
c. ഉദാ: മരണാനന്തരം സ്വർഗ്ഗത്തിൽ പോകുമെന്ന വിശ്വാസം – സ്വർഗ്ഗം നാം കണ്ടിട്ടില്ല; എവിടാണ് എന്നറിയില്ല. എങ്ങനെയിരിക്കുമെന്നും അറിയില്ല. എങ്കിലും വചനത്തിലുള്ളതിനാൽ വിശ്വസിക്കുന്നു.

*E. വിശ്വാസം – പ്രത്യാശയ്ക്കുമപ്പുറം – എബ്രാ. 11:1.*

1. സ്നേഹം, പ്രത്യാശ, വിശ്വാസം ഇവ മൂന്നും ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രാധാന്യമേറിയതാണ്. 1 കോറി: 13:13 എന്നാൽ ഒന്നിനെ മറ്റൊന്നിനു പകരമായി ഉപയോഗിപ്പാൻ പാടില്ല. സാധാരണ വിശ്വാസമുണ്ട് – അസാധാരണ വിശ്വാസമുണ്ട. ഒരു കസേര നമ്മെ വഹിക്കുമെന്നുള്ളത് സാധാരണ വിശ്വാസം.

## II. വിശ്വാസത്തിൽ എങ്ങനെ വളരാം? 2 തെസ്സ: 1:3.

*A. അതു നമ്മേ ആശ്രയിച്ചിരിക്കുന്നു.*

1. വചനം യാഥാർത്ഥ്യമായി വരുമ്പോൾ നമ്മുടെ വിശ്വാസം വളരുന്നു. റോമ: 10:17.
2. സന്ദർഭങ്ങൾ ഉപയോഗിക്കപ്പെടുന്നതനുസരിചച് വിശ്വാസം വളരുന്നു.
a. പ്രയാസഘട്ടങ്ങൾ ഉണ്ടായിരിക്കും – അതു അത്ര എളുപ്പമല്ല.
b. ക്ഷമ ഉണ്ടായിരിക്കേണം – യാക്കോ: 1:3,4; എബ്രാ: 10: 35,36.
1. വിശ്വാസവും ക്ഷമയും ഒന്നിച്ചു പ്രവർത്തിക്കുന്നു. എബ്രാ: 6:12.
2. വിശ്വാസം പതറുമ്പോൾ ക്ഷമ സഹായത്തിന്നെത്തുന്നു. അതു നമ്മെ സമയം വരെ കാത്തിരിപ്പാൻ സഹായിക്കുന്നു.
3. ക്ഷമയില്ലെങ്കിൽ വിശ്വാസത്തിൽ മടുപ്പുവരും; വചനത്തിൽ നിന്നും ലക്ഷ്യത്തിൽ നിന്നും വീണുപോകും.
3. വിശ്വാസം വളർത്തിയെടുക്കാം.
a. വിശ്വാസം ഒരു ശക്തിയാകയാൽ ഉപയോഗിച്ചെങ്കിലേ വളരൂ.
1. ഉദാ: മസിലുകൾ ഉപയോഗിച്ചു ശക്തിപ്പെടുത്തുന്നു.
2. ചെറിയ കാര്യങ്ങളിലൂടെ തുടങ്ങി വലുതിലേക്കു നീങ്ങുക (കുഞ്ഞുങ്ങൾ നടക്കാൻ പഠിക്കുന്നത്).
b. നിൻെറ വിശ്വാസത്തിനനുസരിച്ചു തുടങ്ങു – മറ്റുള്ളവരുടെ വിശ്വാസം കണ്ടുകൊണ്ടല്ല.
4. നമ്മുടെ വിശ്വാസം പ്രവർത്തനത്തിനു ശക്തമല്ലെങ്കിൽ നാം മാറ്റുവാൻ തയ്യാറാകണം.
a. ദൈവം മാറത്തില്ല. അവൻ അനന്യനാണ്. അതിനാൽ നമ്മുടെ വിശ്വാസം ശോധന ചെയ്തു നാം മാറേണം.

(b. നിൻെറ പ്രാർത്ഥനയുടെ മറുപടി നിന്നെ ആശ്രയിച്ചാണ് ദൈവത്തെ ആശ്രയിച്ചല്ല.

c. നീ മാറുവാൻ തയ്യാറാകാത്തടത്തോളം വിശ്വാസത്തിൻെറ പ്രാർത്ഥന നിന്നിൽ നിന്നും ഉളവാകയില്ല. – അതു നിൻെറ തോൽവിയായി മാറുന്നു.

d. വിശ്വാസം സ്നേഹത്താൽ പ്രാവർത്തീകമാകുന്നു. ഗലാ: 5:6.

1. വിശ്വാസത്തിൻെറ വിപരീതപദം ഭയം. തികഞ്ഞ സ്നേഹം ഭയത്തെപ്പുറത്താക്കുന്നു. 1യോഹ: 4:18.

2. നീ വിശ്വാസ ദൈവത്തിൻെറ വിശ്വാസപുത്രൻ മാത്രമല്ല സ്നേഹവാനായ ദൈവത്തിൻെറ സ്നേഹപുത്രൻ കൂടിയാണ്.

3. സ്നേഹവും വിശ്വാസംപോലെ വളർത്താം – അതു ആത്മാവിൻെറ ഫലമാണ്.

4. നാം സ്നേഹത്തിൽ നടക്കുന്നില്ലെങ്കിൽ വിശ്വാസം പ്രാവർത്തീകമല്ല. (വാക്കിലും പ്രവർത്തിയിലും ചിന്തയിലും.) ഫിലി: 2:3,4; 1 കോരി: 13.

5. നാം ക്ഷമിക്കുന്നവരായിരിക്കേണം – മർക്കോ: 11:25; യേശു അതു ചെയ്തു. ക്ഷമ എന്നുള്ളത് തെറ്റ് ചെയ്തിട്ടില്ല എന്ന മനോഭാവത്തിൽ ഒരുവനെ കൈക്കൊള്ളുന്നതാണ്. ക്ഷമിക്കുവാൻ കഴിയാത്ത മനോഭാവം ദൈവാത്മാവ് നിന്നിൽ പ്രവർത്തിക്കുന്നതിനു തടസമായി നിലകൊള്ളുന്നു. ദൈവം അവരോട് ഇടപെടട്ടെ. അവർ ദൈവത്തിനു കണക്കു കൊടുക്കേണ്ടവരത്രേ.

***B. വിശ്വാസത്തിൻെറ ശത്രുക്കൾ.***

വിശ്വാസത്തിൻെറ നല്ല പോർപൊരുതുക: 1തിമൊ:6:12– ശത്രുക്കൾ ഇല്ലെങ്കിൽ പൊരുതേണ്ട ആശ്യം ഇല്ലല്ലോ? നമ്മുടെ ബലഹീനവശങ്ങളിൽ ശത്രു ആക്രമിക്കന്നു അതുനാം മനസ്സിലാക്കി നമ്മുടെ വിശ്വാസം വർദ്ധപ്പിക്കേണം.

1. സംശയവും (അവിശ്വാസം) ഭയവും.

a. രണ്ടുവിധത്തിലുള്ള അവിശ്വാസം.

1. അറിവില്ലായ്മയിൽ നിന്നും – പ്രതിവിധി – അറിവു വർദ്ധിപ്പിക്കുക.

2. മനപ്പൂർവ്വമുള്ള അവിശ്വാസം – സത്യം അറിഞ്ഞിട്ടും അംഗീകരിപ്പാനും അനുസരിപ്പാനുമുള്ള വൈമുഖ്യം – ഉദാ: യിസ്രയേൽ – പ്രതിവിധി – അനുസരണം.

b. തിരുവചനത്തിൽ 3 ഭാഗത്ത് യേശു തൻെറ ശിഷ്യന്മാരുടെ അവിശ്വാസത്തെ ശാസിച്ചു. അവിശ്വാസം തുടരുവാനനുവദിപ്പാൻ പാടില്ലാത്ത ഒന്നാണ്.

1. പത്രോസ് യേശുവിൽ നിന്നും കണ്ണുകൾ മാറ്റി ചുറ്റുപാടിനെ നോക്കിയപ്പോൾ മുങ്ങുവാൻ തുടങ്ങി – മത്തായി: 14:22–32.

2. മത്തായി: 17:18; മർക്കോ: 4:39,40.

c. ഭയം നിന്നെ ഭരിക്കാനനുവദിക്കരുത്. അതു നേരിടുക – സാഹചര്യങ്ങളെ നേരിടുവാൻ ഭയപ്പെടുക നിമിത്തം സാഹചര്യങ്ങൾ ഒഴിവാക്കുവാനായി പ്രാർത്ഥിക്കരുത്. 2 തിമൊ: 1:7. ഉദാ: വീട്ടിൽ ഒറ്റക്കിരിക്കാൻ ഭയപ്പെടുന്ന ഭാര്യ.

d. സംശയത്തേയും അവിശ്വാസത്തേയും എങ്ങിനെ നേരിടാം?

1. മനസ്സിലാക്കുക – വിശകലനം ചെയ്യുക.

2. ഏറ്റു പറയരുത് – എതിർക്കുക – കീഴടങ്ങരുത്.
3. വചനത്താലും പ്രാർത്ഥനയാലും പോരാടുക.
4. ആവശ്യമെങ്കിൽ കൂട്ടു സഹോദരരുടെ സഹായം തേടുക.
e. മർക്കോ. 11:23 –ലെ "ആരെങ്കിലും" എന്നുള്ളത് യോഹ: 3:16 "–ലെ, "ഏവനും" തന്നെയാണ് – സംശയിക്കാതിരിക്കുക – ദൈവ വാഗ്ദത്തെ ക്കാളുപരി സാഹചര്യത്തെ വിശ്വസിക്കാതിരിക്കൂ.
2. അറിവില്ലായ്മ: വിശ്വാസം വചനകേൾവിയാൽ വരുന്നു – പ്രാർത്ഥനയാലല്ല.
3. അയോഗ്യനെന്ന ചിന്ത – 3 കോരി: 5:17; എഫെ: 2:10.
a. ദൈവം അയോഗ്യരായ ഏതെങ്കിലും പുതിയ ജീവികളെ സൃഷ്ടിച്ചിട്ടില്ല.
b. വചനം പറയുന്നതു വിശ്വസിക്കൂ – നിൻെറ കുറവുകളെ നോക്ക രുത്.
c. ക്രിസ്തുവിൽ നീ ആരെ മനസ്സിലാക്കി മനസ്സു പുതുക്കുക – ക്രിസ്തുവി ലൂടെയാണ് ദൈവം നമ്മെ കാണുന്നത് – 2 കോരി: 5:21.
d. ദൈവത്തിനു മുഖപക്ഷം ഇല്ല (പ്രവൃത്തി. 10:34).

# പരിശുദ്ധാത്മാവ്

## I. ആരാണ് പരിശുദ്ധാത്മാവ്?

**A.** ***അവൻ ദൈവം ആണ്. – പ്രവർത്തി. 5:3–4, 1കൊറി. 3:16–17***

1. സൃഷ്ടിപ്പിൻ അവൻ ഉണ്ടായിരുന്നു. ഉല്പ. 1:1, 2, ഇയ്യോ. 33:4
2. മൃഗങ്ങൾ അവനാൽ സൃഷ്ടിക്കപ്പെട്ടു. സങ്കി. 104:30
3. യേശു പരിശുദ്ധാത്മാവിനാൽ ജനിക്കപ്പെട്ടു. മത്തായി: 1:18
4. ഭൂമിയിൽ ആദ്യം വെളിപ്പെട്ടത് പരിശുദ്ധാത്മാവാണ്. (ഉല്പത്തി:1:2)

**B.** ***പരിശുദ്ധാത്മാവ് വ്യക്തിയാണ്, വെറും ശക്തിയല്ല.***

1. ദേഹിയിൽ, മനസ്സ്, ഇച്ഛാശക്തി, ബുദ്ധി, വികാരം എന്നിവ ഉൾപ്പെടുന്നു.

a. പരിശുദ്ധാത്മാവിന് മനസ്സുണ്ട്. റോമ: 8:27

b. പരിശുദ്ധാത്മാവിന് ഇച്ഛാശക്തിയും ബുദ്ധിയും ഉണ്ട്. 1കൊറി. 12:9–11

c. വികാരങ്ങൾ ഉണ്ട്. അവൻ ദുഃഖിക്കുന്നു. എഫെ. 4::30 അവൻ സ്നേഹിക്കുന്നു. റോമ. 15:30

d. ചലിക്കുന്നു. ഉല്പ.1:2. താൻ കേൾക്കുന്നത് പറയുന്നു. (യോഹ 16:13); ദൈവത്തിന്റെ ആഴങ്ങൾ പരിശോധിക്കുന്നു. (കോരി. 2:10)

## II. ദൈവത്വം (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്.) പ്രവർത്തിയിൽ അവ ഒരുപോലെയെങ്കിലും, വ്യക്തിത്വത്തിൽ വ്യത്യാസമുണ്ട്.

**A.** ***യേശുവിന് ഒരു ശരീരവും, ഒരാത്മാവും പ്രാണനുമുണ്ട്.***

1. അവൻ ആത്മാവിൽ ഞരങ്ങി. (യോഹ. 11:33)
2. അവൻ പ്രാണവേദനയിലായി. – (മർക്കോ. 14:34)
3. അവൻ ജഡമെടുത്തു. – (യോഹ. 1:14)

**B.** ***പിതാവാം ദൈവം ആത്മാവാകുന്നു.***

## III. ത്രീയേകദൈവം സാരാംശത്തിൽ ഒന്നും വ്യക്തിത്വത്തിൽ മൂന്നും ഏകദൈവം ത്രിവിധ വ്യക്തിത്വം ഒരു വ്യക്തി മൂന്നുവിധത്തിൽ എന്നല്ല.

**A.** ***ഏകത്വം ആവ: 6:4–ൽ ഏകൻ എന്നതിന് ''എക്കാദ്'' എന്ന എബ്രായപദം ഉപയേഗിച്ചിരിക്കുന്നു. ഏകത്വത്തിൽ നാനാത്വം എന്നർത്ഥം. (മുന്തിരിക്കുലപോലെ)***

1. പിതാവും പരിശുദ്ധാത്മാവും ഒന്നത്രെ – യോഹ. 10:30; എഫെ. 4:4–6 1.കൊറി. 12:6, യെശ. 6:9–10, പ്രവർത്തി. 28:25, 26

**B.** ***അവരുടെ വ്യത്യസ്തത: മത്തായി. 3:16, 17, 28:19, യോഹ. 14:16, 1കൊറി. 12:5–7***

1. പിതാവാം ദൈവം നടത്തുന്നു. യേശുക്രിസ്തു ഭരിക്കുന്നു. പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു.
2. പിതാവ് ഉറവിടം.– പുത്രൻ നൽകുന്നു. – പരിശുദ്ധാത്മാവ് ശക്തി പ്രദാനം ചെയ്യുന്നു.
3. വ്യത്യസ്ത വ്യക്തിത്വത്തെ സൂചിപ്പിക്കാൻ രണ്ടുചോദ്യങ്ങൾ.

a. യെശ: 63:8–10 പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചതിനാൽ പിതാവ്

ഇസ്രായേലിൻെറ ശത്രുവായി മാറിയെന്നുവായിക്കുന്നു.

b. പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം സ്വർഗ്ഗം ക്ഷമിക്കില്ല. മത്താ. 12:13

*C. നാം നമ്മുടെ സ്വരൂപത്തിൽ - ഉല്പ. 1:26, 27- ഏകത്വത്തിലെ നാനാത്വം*

## IV. പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന പ്രതീകങ്ങളും പരിശുദ്ധാത്മാവിൻെറ സ്വഭാവവും.

*A. പ്രതീകങ്ങൾ*

1. എണ്ണ.
2. തീ.
3. കാറ്റ്.
4. വെള്ളം.
5. മഞ്ഞും മഴയും.
6. പ്രാവ്.

*B. പരിശുദ്ധാത്മാവിൻെറ സ്വഭാവം.*

1. അവനെ കെടുത്താം ദുഃഖിപ്പിക്കാം. എഫെ. 4:30
2. അവനെ മഹത്വപ്പെടുത്താം. 1.പത്രോ. 4:14
3. അവൻ കൃപാലുവാണ്. എബ്രാ:10:29
4. അവൻ നീതിമാനാണ്. യെശ. 4:4
5. അവൻ നിസ്വാർത്ഥനും യോഗ്യനുമാണ്. ഹേ. 16:13-15
6. പാപത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നു. യോഹ. 16:18
7. അഭിഷേകം ചെയ്യുന്നു. മിഖ. 3:8
8. അവൻ ശക്തനാണ്. യെശ. 11:2
9. അവൻ സ്വതന്ത്രനും ഒരുക്കം ഉള്ളവനുമാണ്. സങ്കീ 51:12 - സഹായിക്കാനും സൗഖ്യമാക്കാനും സന്നദ്ധൻ.

*C. ചില യാഥാർത്ഥ്യങ്ങൾ.*

1. അവനെ കൂടാതെ പിതാവിൻെറ അടുക്കൽ എത്താൻ സാധ്യമല്ല. എഫെ. 2:18
2. അവനെ കൂടാതെ യഥാർത്ഥമായി സ്നേഹിപ്പാൻ സാധ്യമല്ല. റോമ. 5:5
3. അവനെ കൂടാതെ ആരാധിപ്പാൻ കഴിയില്ല. യോഹ. 4:23
4. അവനെ കൂടാതെ ആത്മാവിൽ പ്രാർത്ഥിപ്പാൻ സാധ്യമല്ല. യൂദ. 20
5. അവനെ കൂടാതെ ദൈവത്തെ അനുസരിപ്പാൻ സാധ്യമല്ല. 1പത്രോ. 1:22
6. അവൻ നമ്മോടു സംസർഗ്ഗത്തിനാഗ്രഹിക്കുന്നു. ഫിലി. 2:1
7. നിത്യജീവൻെറ അച്ചാരവും മുദ്രയും അവനാണ്. എഫെ. 1:13, 14
8. അവൻ പഠിപ്പിക്കയും വഴിനടത്തുകയും ചെയ്യുന്നു. യോഹ. 16:13

## V. വീണ്ടും ജനനത്തിലും പരിശുദ്ധാത്മ സ്നാനത്തിലും പരിശുദ്ധാത്മാവിൻെറ പങ്ക്.

*A. രണ്ടു വ്യത്യസ്ത അനുഭവങ്ങൾ - ഒന്ന് ഒരു ഉറവ യോഹ: 4:13, 14. മറ്റേത് നദിയുടേത് യോഹ: 7:38.*

*B. ആദിമസഭയും പരിശുദ്ധാത്മ നിറവും.*

1. പരിശുദ്ധാത്മ നിറവ് പ്രാപിക്കുന്നതിനു മുമ്പ് അവർ രക്ഷിക്കപ്പെട്ടവരായിരുന്നു.
യോഹ: 20:22, പ്രവർത്തി: 1:4-8; പ്രവർത്തി: 2:4.
2. വീണ്ടും ജനനത്തിനുശേഷം പരിശുദ്ധാത്മ നിറവ്. പ്രവർത്തി: 8:15-17.
a. പൌലോസിൻെറ അനുഭവം - പ്രവർത്തി: 9:1-6; 10-12,17, 1 കൊറി: 14:18.
b. എഫസോസിലെ സഭ - പ്രവർത്തി: 19:1,2.
3. പരിശുദ്ധാത്മ നിറവിൻെറ ബാഹ്യ അടയാളം അന്യഭാഷാഭാഷണം. പ്രവർത്തി: 2:4; 33.
a. ശമരിയാക്കാർ - പ്രവർത്തി: 8:18-19
b. പൌലോസ് - 1 കൊറി: 14:18.
c. ജാതികൾ - പ്രവർത്തി: 10:44-48.
d. എഫസോസിലെ സഭ - പ്രവർത്തി: 19:6

***C. പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചുള്ള തെറ്റായ ഉപദേശങ്ങൾ.***

1. പരിശുദ്ധാത്മാവിനായി കാത്തിരിക്കേണം - ലൂക്കോ: 24:49, പ്രവർത്തി: 1:4.
2. ഉച്ചത്തിൽ നിലവിളിക്കേണം, ഇളകണം, കുലുങ്ങണം.
a. പരിശുദ്ധാത്മാവിനെ തന്നു കഴിഞ്ഞിരിക്കുന്നു.
b. നീ അതു സ്വീകരിക്കുക.
c. ലഭിക്കേണ്ടവർക്കായി എല്ലായ്പ്പോഴും പ്രാർത്ഥിച്ചു. പ്രവർത്തി: 8:14-15.
3. അന്യഭാഷാഭാഷണത്തോടുള്ള പരിശുദ്ധാത്മ സ്നാനം അപ്പോസ്തോലിക കാലത്തോടെ നിന്നുപോയി.
4. ദൈവം ഇഷ്ടപ്പെട്ടു തിരഞ്ഞെടുക്കുന്നവർക്കുമാത്രം കൊടുക്കുന്ന ഒന്നാണിത്. 1 കോരി: 12:30.
5. ഭാഷാവരമോ നിന്നുപോയി. 1 കൊറി: 13:8-12.

**VI. പരിശുദ്ധാത്മാവിൻെറ കൂട്ടായ്മ. 2 കോരി: 13:14, സെഖ: 4:6.**

***A. പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നുള്ളത് വെറും ഒരു അനുഭവം മാത്രമല്ല. ത്രിത്വത്തിലെ മൂന്നാമനായവൻ നമ്മിൽ വസിക്കുന്ന അവസ്ഥയാണ്. (കൊറി: 3,16-17, 2 കൊറി: 6:16.)***

1. അവനെ സത്യാത്മാവ് എന്നുവിളിക്കുന്നു = അവൻ നയിക്കുന്നു പഠിപ്പിക്കുന്നു. വഴി നടത്തുന്നു - യോഹ: 14:16-18, 26. 15: 26,27, 16:7-15, 1 യോഹ: 4:6.
2. പരിശുദ്ധാത്മ നിറവു പ്രാപിച്ച ഓരോ വിശ്വാസിയിലും പ്രവർത്തന നിരതനായി ഈ ആത്മാവുണ്ട്. 1 യോഹ: 4:4; റോമ: 8:31.
3. പരിശുദ്ധാത്മാവിൻെറ സപ്തവിധ ശുശ്രൂഷകൾ: യോഹ: 14:16.
a. ആശ്വാസപ്രദൻ.
b. ആലോചനക്കാരൻ.
c. ശക്തി ദായകൻ.
d. പക്ഷവാദം ചെയ്യുന്നവൻ.
e. കാര്യസ്ഥൻ.

f. കൂടെയിരിക്കുന്നവൻ.

g. സഹായി.

4. പരിശുദ്ധാത്മാവിൽ നടക്കുക എന്നാൽ പരിശുദ്ധാത്മ സാന്നിദ്ധ്യ ബോദ്ധ്യത്തോടെ ജീവിക്കുക എന്നർത്ഥം.

***B. അന്യഭാഷയിൽ സംസാരിക്കുന്നതിൻെറ ആവശ്യകതയും അനുഗ്രഹവും. 1 കോരി: 14:2,4,18,39, യൂദ: 20.***

1. ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.
2. വചനം യാഥാർത്ഥ്യമാകുന്നു. യോഹ: 16:13.
3. പ്രാർത്ഥനാ ജീവിതം ശക്തിപ്പെടുന്നു. യോഹ: 20:21.
4. യേശുവിനെക്കുറിച്ച് ശരിയായവെളിപ്പാട് ലഭിക്കുന്നു. യോഹ: 16:14.
5. ഉറപ്പായ സാക്ഷ്യം നൽകുന്നു. റോമ: 8:16.
6. ദൈവസ്നേഹത്തിൻെറ പൂർണ്ണതയിലേക്കു പ്രവേശിക്കുന്നു. റോമ: 5:5.
7. പരിശുദ്ധാത്മാവിൽ സന്തോഷം – റോമർ: 14:17.
8. യേശുവിൻെറ ശരീരമാം സഭയിൽ നീ ശരിയായി വർത്തിക്കുന്നു.

# ശുശ്രൂഷയിലേക്കുള്ള പ്രവേശനം

മുഖവുര: യേശുക്രിസ്തുവിൻെറ ശരിയായ സഭയ്ക്ക്, ഭൂമിയിൽ ദൈവ രാജ്യത്തിൻെറ കെട്ടുപണി ശക്തമായി നിർവ്വഹിക്കുന്നതിനായി ദൈവം ദാനങ്ങളെ നൽകിയിട്ടുണ്ട്. ആ ദാനങ്ങൾ ഏവയെന്നും അവ ശരീരത്തിൽ എവ്വിധം ഉപയോഗപ്പെടുത്താം എന്നും നമുക്ക് പഠിക്കാം. അനേക സഭാ മെമ്പർമാർക്കും ശുശ്രൂഷകന്മാർക്കും ദൈവം അവരെ ഏല്പിച്ച ദാനം എന്തെന്ന് അറിഞ്ഞുകൂടാ. തന്മൂലം അവർ ദൈവരാജ്യത്തിനു പ്രയോജനമില്ലാത്തവരും സഭയാകും ശരീരത്തിൽ അവരുടെ പങ്ക് എന്തെന്ന് അറിയാത്തവരായും ഇരിക്കുന്നു.

## I. ത്രിവിധ വരങ്ങൾ.

**A.** ***ശുശ്രൂഷാ വരങ്ങൾ: എഫെ: 4:1-12.***

*1.* ***അപ്പോസ്തോലന്മാർ.***

*2.* ***പ്രവാചകന്മാർ.***

*3.* ***സുവിശേഷകന്മാർ.***

*4.* ***ഇടയന്മാർ.***

*5.* ***ഉപദേഷ്ടാക്കൾ.***

**B.** ***പ്രോത്സാഹനവരങ്ങൾ (റോമ.12:6-8)***

1. പ്രവചനം.
2. കരുണ.
3. ശുശ്രൂഷ.
4. ഉപദേശിക്കൽ. (പഠിപ്പിക്കൽ).
5. പ്രബോധനം.
6. ദാനം ചെയ്യൽ.
7. ഭരണം.

**C.** ***ആത്മീകവരങ്ങൾ (1 കോരി. 12)***

1. സംസാര വരങ്ങൾ മൂന്ന്.
   a. അന്യഭാഷ, b. പ്രവചനം, c. വ്യാഖ്യാനം.
2. ശക്തി വരങ്ങൾ മൂന്ന്.
   a. അത്ഭുതങ്ങൾ, b. വിശ്വാസം, c. രോഗശാന്തി.
3. വെളിപ്പാടിൻെറ വരങ്ങൾ മൂന്ന്.

a. ജ്ഞാനത്തിൻെറ വചനം,

b. പരിജ്ഞാനത്തിൻെറ വചനം,

c. ആത്മാക്കളുടെ വിവേചനം.

**D.** ***പ്രോത്സാഹനവരങ്ങൾ ശുശ്രൂഷാ വരങ്ങളിലേക്കുള്ള ചവിട്ടുപടിയാണ്, പലപ്പോഴും പ്രവർത്തി: 6:1-6.***

1. വരം എന്നാൽ എന്ത്?
2. വരം സമ്പാദിക്കാമോ?
3. പ്രോത്സാഹനവരങ്ങളും ശുശ്രൂഷാ വരങ്ങളും ഒന്നിച്ച് പ്രവർത്തിക്കുന്നതെങ്ങനെ? എഫെ: 4:11,12.

## II. ശുശ്രൂഷാ വരങ്ങൾ:

ശുശ്രൂഷാ വരങ്ങൾ ആത്മാവിൻെറ നവ വരങ്ങളിൽ നിന്നും വ്യത്യസ്തമാണ് ശുശ്രൂഷാവരങ്ങൾ പഞ്ചവിധമാണ്. അവ സഭയുടെ അത്

മീയ വളർച്ചയ്ക്കും പക്വതയ്ക്കുമായിന ൽകിയിരിക്കുന്നു. 1 കൊറി: 4:15. ഇവിടെ ദൈവീക ശുശ്രൂഷകന്മാർ ക്രിസ്തുവിൻെറ ശുശ്രൂഷകന്മാരായി പഠിപ്പിച്ചിരിക്കുന്നു. യേശുവിനെരക്ഷിതാവായി അംഗീകരിച്ചവരെല്ലാം ആഗോള സഭയുടെ അംഗങ്ങൾ അത്രെ. സഭയ്ക്കു ദാനങ്ങളെ (വരങ്ങളെ) നൽകുന്നത് യേശുവത്രെ. എഫെ: 4:8-12. യേശു സഭയുടെ തലയായിരിക്കുന്നു. വ്യത്യസ്ത ശുശ്രൂഷകൾ സഭയിൽ നല്കിയിരിക്കുന്നതു സന്തോഷകരമായ വസ്തുതയാണ്.

A. *അപ്പോസ്തോലൻ എല്ലാ ശുശ്രൂഷക്കും യോഗ്യൻ.*
B. *പ്രവാചകൻ ദൈവാത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നവൻ.*
C. *സുവിശേഷകൻ - സ്വദ്വാർത്താ ദൂതു വാഹകൻ.*
D. *ഇടയൻ (പാസ്റ്റർ) - ദൈവത്തിൻെറ ആടുകളെ മേയിച്ചു പരിപാലിക്കുന്നവൻ. മറ്റ് നാല് ശുശ്രൂഷകൾ സഭയെ പഠിപ്പിക്കുന്നതിനാണ്.*
E. *ഉപദേഷ്ടാവ് - ദൈവാത്മാവിനാൽ വചനം പഠിപ്പിക്കുന്നവൻ. കൈയ്യിലെ 5 വിരലിനോട് ഈ ശുശ്രൂഷയെ ഉപമിക്കാം. തള്ളവിരൽ - അപ്പസ്തോലൻ; ചൂണ്ടുവിരൽ - പ്രവാചകൻ, നടുവിരൽ - സുവിശേഷകൻ. മോതിരവിരൽ-ഇടയൻ, ചെറുവിരൽ-ഉപദേഷ്ടാവ്.*

**III. അപ്പോസ്തോലൻ:** ശുശ്രൂഷാ വരങ്ങളിലെ തലവനാണ് അപ്പോസ്തോലൻ 1 കൊറി: 12:28. ഒന്നാമത്തെ അപ്പോസ്തോലൻ: യേശുക്രിസ്തു: യേശുക്രിസ്തു. എബ്രാ: 3:1. അപ്പോസ്തോലൻ എന്ന ഗ്രീക്ക് വാക്കിന് അയക്കപ്പെട്ടവൻ എന്നർത്ഥം. അയയ്ക്കപ്പെട്ടവരിൽ ശേഷ്ഠൻ യേശു: യോഹ: 20:21. അപ്പോസ്തോലത്വം അത്ഭുതങ്ങളുടെയും അടയാളങ്ങളുടേയും ശുശ്രൂഷയാൽ വെളിപ്പെടേണം. 2 കൊറി: 12:12. അപ്പോസ്തോലത്വം ഒരു ശ്രേഷ്ഠ പദവിയാണ്. സ്വയം പോകുന്നവനല്ല അപ്പോസ്തോലൻ. അധികാരത്തോടെ നിയോഗിച്ച് അയക്കപ്പെടുന്നവനാണ് അപ്പോസ്തോലൻ പ്രവൃത്തി. 13-ൽ പൗലോസും, ബർന്നബാസും അയക്കപ്പെടുന്നു.

A. *ലക്ഷണങ്ങൾ: 2 കൊരി: 12:12.*
1. *അത്ഭുതങ്ങൾ, അടയാളങ്ങൾ, വീര്യപ്രവർത്തികൾ.*
2. *യേശു ക്രിസ്തുവുമായി ആഴമായ ബന്ധം. 1 കൊരി: 9:1.*
a. *പൌലോസ് യേശുവിനെ കണ്ടു.*
b. *യേശുവിൻെറ വെളിപ്പാട് തനിക്കു ലഭിച്ചു. 1 കൊരി: 11:23, ഗലാ: 1:11,12.*
B. *അപ്പോസ്തോലൻെറ ജോലി. 1 കൊറി: 3:10; എഫെ: 2:20. അടിസ്ഥാനം ഇടുന്നവൻ.*

I. *സഭ സ്ഥാപിക്കുന്ന ശുശ്രൂഷ. (അപ്പോസ്തോലൻ മിക്കവാറും എല്ലാ കൃപാവരങ്ങളുടേയും ഉടമയായിരിക്കും.)*
a. *ഭരണാധികാരം - സഭാസ്ഥാപനം. 1 കൊറി: 12:28.*
b. *താൻ സ്ഥാപിച്ച സഭകളിൽ മാത്രം അധികാരം.*
2. കർത്താവിനാൽ വിളിക്കപ്പെട്ട് പരിശുദ്ധാത്മാവിനാൽ അയക്കപ്പെടുന്ന ഒരു മിഷ്യനറിയാണ് അപ്പോസ്തോലൻ - പ്രവർത്തി: 13:2,4.
3. എല്ലാ ശുശ്രൂഷാ വരങ്ങൾക്കും ഉള്ള കഴിവുണ്ട്.
a. ഒരു സുവിശേഷകൻെറ ജോലി ചെയ്യുന്നു.
b. ഉപദേശിക്കുന്നു. പഠിപ്പിക്കുന്നു.
d. പാസ്റ്ററിൻെറ ഇടയവേല ചെയ്യുന്നു.
d. ഉദാ: വിശുദ്ധ പൗലോസ്.

**C. ഇന്നു അപ്പോസ്തോലന്മാർ ഉണ്ടോ?**

1. പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ നിലയിൽ ഇല്ല.
2. എന്നാൽ പുതിയ നിയമത്തിൽ അപ്പോസ്തോലന്മാരുടെ ലിസ്റ്റിൽ മറ്റു പലരേയും കാണുന്നു: ഉദാ: ബർന്നബാസ്, ശൌൽ, പ്രവർത്തി: 14:14. യേശുവിൻെറ സഹോദരൻ യാക്കോബ് – ഗലാ: 1:19; അന്ത്രോണിക്കസ്, യുനീക്ക – റോമ: 16:17; സിൽവാനോസ്, തിമോത്തിയോസ് – 1 തെസ്സ: 2:6; അപ്പല്ലോസ് – 1 കൊറി: 4:4–9; എപ്പപ്രാദിത്തോസ് – ഫിലി: 2:25–ൽ 'ദൂതൻ' എന്ന പദം അപ്പോസ്തോലൻ എന്ന അർത്ഥത്തിലാണ്.

***D. അപ്പോസ്തോലൻെറ ഇന്നത്തെ യോഗ്യതകൾ/ലക്ഷണങ്ങൾ.***

1. പ്രകടമായ ആത്മവരങ്ങൾ.
2. യേശുവുമായുള്ള ആഴമായ ബന്ധം.
3. സഭാ സ്ഥാപന ശുശ്രൂഷ.
4. ആത്മീയ നേതൃത്വത്തിനുള്ള കഴിവ്.

**IV. പ്രവാചകൻ:** 1 കൊറി: 12:28 –ൽ രണ്ടാമത് പ്രവാചകന്മാർ എന്നു വായിക്കുന്നു. എന്നാൽ എഫെസ്യലേഖനത്തിൽ രണ്ടാമത് എന്നില്ല. മറ്റു ശുശ്രൂഷകരോടൊപ്പം ഉള്ള സ്ഥാനമേ ഇവർക്കുള്ളൂ. ഇന്നും പ്രവാചകന്മാർ ഉണ്ട്.

***A. ആരാണ് പ്രവാചകൻ?***

1. വെളിപ്പാട് വരങ്ങളിൽ (ജ്ഞാനത്തിൻെറ വചനം; പരിജ്ഞാനത്തിൻെറ വചനം, ആത്മാക്കളുടെ വിവേചനം) ഏതെങ്കിലും രണ്ടെണ്ണം തുടർച്ചയായി വ്യാപാരം ചെയ്യുന്നതോടൊപ്പം പ്രവചനവരവും ഉണ്ടായിരിക്കേണം.
2. അവനിൽ ദർശനങ്ങളും വെളിപാടുകളും ഉണ്ടായിരിക്കേണം.

***B. പഴയനിയമ പ്രവാചകന്മാരും പുതിയ നിയമ പ്രവാചകന്മാരും തമ്മിലുള്ള അന്തരം:***

*1. പഴയനിയമ കാലത്ത് ജനം ആലോചനക്കായി പ്രവാചകന്മാരുടെ അടുക്കലെത്തി.*
*2. പുതിയനിയമ വിശ്വാസികൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു.*
*3. യഥാർത്ഥ പ്രവാചകൻ വചനത്തിനു മുൻഗണന നൽകുന്നു.*

***C. ദൈവാത്മാവിനേയും ഭൂതാത്മാവിനേയും തമ്മിൽ തിരിച്ചറിയുന്നവിധം.***

1. അതു പ്രകൃത്യാതീതമായതിനാൽ ദൈവാത്മായിക്കൊള്ളണമെന്നില്ല. 2 കൊറി: 11:14.
2. അതു മനുഷ്യനേയോ ദൈവത്തേയോ ഉയർത്തുന്നത്?

***D. പ്രവാചക ശുശ്രൂഷയോടുള്ള ജനത്തിൻെറ തെറ്റിദ്ധാരണ.***

1. പലരും പ്രവാചകൻ പ്രവചിക്കമാത്രം ചെയ്യുന്നു എന്നു കരുതുന്നു.
   a. അവനു വെളിപാടുകൾ മാത്രമല്ലാ ഉള്ളത്.
   b. രോഗശാന്തി ശശ്രൂഷയും കൈവയ്പ്പും.
2. എല്ലാവരെയുംക്കുറിച്ചുള്ള എല്ലാ കാര്യവും പ്രവാചകനറിയില്ല. തൻെറ ചുറ്റും നടക്കുന്ന എല്ലാം താൻ അറിഞ്ഞുകൊള്ളണമെന്നില്ല.

**V. സുവിശേഷകൻ: ആത്മാക്കളെ ക്രിസ്തുവിലേക്കു നേടുന്നവൻ.** സുവിശേഷ പ്രസംഗകനായി ചുറ്റി സഞ്ചരിക്കുന്നു. ഉദാ: ഫിലിപ്പോസ്.

***A. വിളി.*** *(call.)*

1. ദൈവം നിയോഗിക്കുന്നു – മനുഷ്യനല്ല.

2. ദൈവം വിളിക്കുന്നു - മനുഷ്യനല്ല.
3. ദൈവം ശക്തീകരിക്കുന്നു - മനുഷ്യനല്ല.
4. വിളിയുടെ പ്രേരക ശക്തിയും ഉദ്ദേശവും.

**B. ഒരു സുവിശേഷകൻെറ ശുശ്രൂഷാ വരങ്ങൾ.**

1. സുവിശേഷകൻ എന്ന പദം 3 പ്രാവശ്യമേ പുതിയ നിയമത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളു. നല്ല വർത്തമാനം കൊണ്ടുവരുന്നവൻ; സുവാർത്താദൂതു വാഹി എന്നെല്ലാമാണ് അതിനർത്ഥം - എഫെ: 4:11; പ്രവ: 21:8; 2 തീമാ: 4:5.
2. സുവിശേഷകൻെറ ഇഷ്ടപ്പെട്ട ദൂത്: രക്ഷ.
3. പുതിയ നിയമത്തിലെ ഏക സുവിശേഷകൻ: ഫിലിപ്പോസ്.

a. ക്രിസ്തുവിനെ പ്രസംഗിക്കുന്നു. പ്രവ: 8:5; 35.
b. അത്ഭുതങ്ങളും രോഗശാന്തിയും - പ്രവ: 5:5-8.
c. സുവിശേഷകനും പ്രബോധകനും തമ്മിലുള്ള വ്യത്യാസം.

***C. യഥാർത്ഥ സുവിശേഷീകരണത്തിൻെറ ലക്ഷണം:***

1. പ്രകൃത്യാതീതമായ പരസ്യം.
2. വചനം പ്രസംഗിക്കപ്പെടുന്നു. ദൈവീക ശക്തി ജനങ്ങളെ ആകർഷിക്കുന്നു. അത്ഭുതങ്ങളും രോഗശാന്തിയും ശ്രദ്ധിക്കപ്പെടുന്നു. വചനം വിശ്വസിച്ച് ജനം രക്ഷിക്കപ്പെടുന്നു. പ്രവ: 8:6-8.

**VI. ഇടയൻ (പാസ്റ്റർ) ഇടയൻെറ ജോലി** - ആടുകളെ തീറ്റുക; പാലിക്കുക, പുൽമേടുകളിൽ മേയിക്കുക - ദൈവത്തിൻെറ ആടുകളെ പോറ്റുന്നതിലും ശ്രേഷ്ഠന്മാരായ ശുശ്രൂഷകന്മാരെ കണ്ടെത്തി സഹായത്തിന്നാക്കുന്നതിലും ഇടയന് പ്രയാസമേറിയ ജോലി ഉണ്ട്. യാക്കോബ് 5 ൽ സഭയിലെ പാസ്റ്ററല്ല രോഗിക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് മൂപ്പന്മാരാണ്. ജനത്തിൻെറ ആത്മീയ കാര്യങ്ങളിൽ മൂപ്പന്മാർ പാസ്റ്ററേയും ജനത്തേയും സഹായിക്കുന്നു. പാസ്റ്ററിൻെറ ചുമതല ജനത്തെ വചനത്താൽ പോഷിപ്പിക്കുക എന്നതാണ്. ഇക്കാര്യത്തിൽ പാസ്റ്റർ ശുശ്രൂഷകന്മാരേയും മൂപ്പന്മാരേയും കണ്ടെത്തി പരിശീലിപ്പിച്ച് ചുമതല ഏല്പിക്കണം. അങ്ങനെയായാൽ പാസ്റ്റർക്ക് വചനധ്യാനത്തിനും പ്രാർത്ഥനയ്ക്കും വളരെ സമയം കണ്ടെത്താം. ഒരു ഇടയൻ യെഹ: 34:1-10; യിര: 23:1,2 ഇവ ധ്യാനിക്കേണം. എല്ലാ ഇടയന്മാരും ദൈവസന്നിധിയിൽ നിന്നു കണക്കു ബോധിപ്പിക്കേണ്ടവരാണ്.

**VII. ഉപദേഷ്ടാവ് മൂന്ന്സ്ഥലങ്ങളിൽ പരാമർശിച്ചിരിക്കുന്നു.** എഫെ: 4:11; 1കോരി: 12:28,29; റോമ: 12:4-11. ഉപദേഷ്ടാവിൻെറ ശുശ്രൂഷ നല്ലരീതിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഒരു പാസ്റ്ററിലും പ്രവാചകനിലും സുവിശേഷകനിലും ഈ കൃപ കണ്ടെന്നിരിക്കാം. ഒരു വ്യക്തിക്ക് ഉപദേഷ്ടാവിൻെറ സ്ഥാനത്തിരുന്നുകൊണ്ടും ഒരു പാസ്റ്ററായി വർത്തിക്കാം. അതുപോലെ ഒരു പ്രവാചകനോ സുവിശേഷകനോ ഒരു ഉപദേഷ്ടാവും ആകാം. ഒരു ഉപദേഷ്ടാവിന് ഒരു പാസ്റ്ററാകാതെയും ഇരിക്കാം. ഇദ്ദേഹം സഞ്ചരിച്ചു പഠിപ്പിക്കുമ്പോൾ തന്നെ ഒരു സഭയിലും പാസ്റ്ററിൻേറയും കീഴിലുമായിരിക്കാം.

ഏതൊരു ക്രിസ്ത്യാനിക്കും താനറിഞ്ഞിരിക്കുന്ന സത്യങ്ങൾ പഠിപ്പിക്കാവുന്നതാണ്. ഇതിനെ നിരപ്പിൻെറ ശുശ്രൂഷ എന്നു വിളിക്കുന്നു.

2 കൊറി: 5:18 ഈ യോഗ്യത ആ വ്യക്തിയെ ഉപദേഷ്ടാവ് എന്ന പദവിക്കു യോഗ്യനാക്കുന്നില്ല. ഒരു ഉപദേഷ്ടാവ് ദൈവത്തിൻെറ പരിശുദ്ധാത്മാവിനാൽ തിരുവചനം പഠിപ്പിക്കുന്നവനാണ്. അവൻെറ സ്വയസിദ്ധമായ പഠിപ്പിക്കാനുള്ള കഴിവല്ല അവനെ അതിനു പ്രാപ്തനാക്കുന്നത്. ദൈവ കൃപയോടൊപ്പം അതും അവനു സഹായകമായിരിക്കും എന്നേയുള്ളു.

## VIII. സഹായം ചെയ്യുന്ന ശുശ്രൂഷ

ശുശ്രൂഷാവരങ്ങളുടെ പട്ടികയുടെ നടുവിൽ സഹായം ചെയ്യുന്ന ശുശ്രൂഷയെ ഉൾക്കൊള്ളിച്ചിരിക്കുന്നു. 1 കൊറി: 12:28.

**A.** ***''സഹായം'' എന്ന ഗ്രീക്കു പദത്തിൻെറ അർത്ഥം: ''ആശ്വാസകൻ'', ''സഹായി'' എന്നാണ്***

1. മറ്റു ശുശ്രൂഷകളിൽനിന്നും വ്യത്യസ്ഥം; ശുശ്രൂഷകന്മാരുടെ ശുശ്രൂഷയോട് സാമ്യം.

a. ഫിലി: 1:1; 1 തിമോ: 3. എന്നിവിടങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

b. ഫേബയെ റോമ: 16:1 ൽ ശുശ്രൂഷക്കാരി എന്നു വിളിച്ചിരിക്കുന്നു.

c. ആദിമ സഭയിൽ ശുശ്രൂഷകന്മാരുടെ ജോലി: സാമ്പത്തികം; ദരിദ്രരേയും രോഗികളെയും വിധവമാരെയും സംരക്ഷിക്കുക.

d. സഭയുടെ തലയായിരിക്കുന്ന ക്രിസ്തുവിൽനിന്നുള്ള ദാനമാണീ ശുശ്രൂഷാവൃന്ദം.

2. പുതിയ നിയമസഭയിലെ 7 ശുശ്രൂഷകന്മാർ - പ്രവ: 6:1-6.

3. മറ്റു ശുശ്രൂഷകന്മാർ - റോമ: 16:3-6.

4. സംഗീത ശുശ്രൂഷ - പാട്ടിലൂടെ അനേകരെ ശുശ്രൂഷിക്കുക.

5. പരിശുദ്ധാത്മാവ് - സഹായം ചെയ്യുന്ന ശുശ്രൂഷയിൽ - യോഹ: 14:16.

6. ഭാര്യ ഉത്തമ സഹായി - ശുശ്രൂഷ. ഉല്പ: 2:18 - തക്ക തുണ.

**B.** ***ശുശ്രൂഷകന്മാരുടെ യോഗ്യതകൾ: 1 തിമോ: 3.***

## IX. ഉപസംഹാരം:

ദൈവംനിന്നെ എന്തിന്നായി വിളിച്ചു എന്ന ബോദ്ധ്യമില്ലെങ്കിൽ വെറുതെ സ്ഥാനപ്പോരുകൾ എടുക്കരുത്. നിന്മേലുള്ള ദൈവ വിളി നിനക്കു ബോദ്ധ്യമെങ്കിൽ വചനം പ്രസംഗിക്ക; പഠിപ്പിക്കുക. തുടർന്നു ദൈവം നിന്നെ ഇരുത്തേണ്ടിടത്ത് ഇരുത്തിക്കൊള്ളും. ദൈവം പദവിക്കല്ല വിശ്വസ്ഥതയ്ക്കത്രേ പ്രതിഫലം നൽകുന്നത്. നീ ഒരു സുവിശേഷകനെന്നു സ്വയം വിളിച്ചതുകൊണ്ട് സുവിശേകനാകുന്നില്ല.

# അനുസരണം

1. അനുസരണത്തിന്നൊരാമുഖം.

***A.*** ***അനുസരണം എന്താണ്? എന്ത് അല്ലാ ?***

1. ദൈവം എന്തു ചെയ്യുവാൻ കല്പിച്ചിരിക്കുന്നുവോ അതു മനഃപൂർവ്വമായി അനുവർത്തിക്കുവാനുള്ള സ്വതസിദ്ധമായ മനോഭാവമാണ് അനുസരണം.

a. സ്വന്ത ഇഷ്ടങ്ങളിൽ നിന്നും പിന്തിരിഞ്ഞ് ദൈവ ഇഷ്ടത്തിന്നായി സമർപ്പിക്കുക. (ഗലാ. 6 : 3)

b. നല്ല ഹൃദയ മനോഭാവത്തോടുകൂടിയ പ്രവർത്തിയാണ്.

c. സമർപ്പണം കൂടാതെയുള്ള അനുസരണം അടിമത്വമാണ്.

2. അനുസരണം മനുഷ്യനോടുള്ള ദൈവത്തിൻെറ അപേക്ഷയല്ല കല്പനയാണ്.

a. അതു ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും യാഗങ്ങളുടേയും പ്രകടനമല്ല. ഗലാ: 4:9-10

b. പ്രതിഫലനത്തിനുവേണ്ടി ചെയ്യുന്ന ഒന്നല്ല.

c. മനഃസാക്ഷിക്കുത്ത് മാറ്റാൻ ചെയ്യേണ്ട കർമ്മവുമല്ല.

3. അനുസരണം നല്ല മനഃസാക്ഷിയ്ക്കായുള്ള അപേക്ഷ 1 തിമോ: 3:9, 2 തിമോ: 1:3, എബ്ര. 13:18. 1 പത്രോ. 3 : 16.

4. ശൌൽരാജാവ് - ഉദാഹരണം. 1 ശമു. 10:8; 13:1-10; 15:3-23

a. ശൌലിൻെറ പ്രശ്നം - യാഗം, ഉത്സവം, ആചാരങ്ങൾ ആയിരുന്നു.

b. ദൈവം യാഗത്തേക്കാൾ അനുസരണം കാംക്ഷിക്കുന്നു.

c. തൻെറ കല്പന അനുസരിക്കുന്നവരിൽ ദൈവം പ്രമോദിക്കുന്നു.

d. ഭാഗീക അനുസരണം സമ്പൂർണ്ണ അനുസരണക്കേട് - ദൈവം സമ്പൂർണ്ണ അനുസരണം ആഗ്രഹിക്കുന്നു.

***B.*** ***അനുസരണത്തോടുള്ള സ്നേഹവും അതിൻെറ അനന്തരഫലവും സങ്കീ: 119:97-105, 129-136; 165-174***

1. വചനം ധ്യാനിപ്പാൻ സഹായകമാകും - തന്മൂലം വചനം അനുസരിക്കും യോശുവ : 1:8

2. സങ്കീ: 119:97-100

3. പാപത്തിൽ നിന്നു നിന്നെ സൂക്ഷിക്കും - സങ്കീ: 119:9, 101-104

4. വഴിയും ആലോചനയും ലഭിക്കും - സങ്കീ: 119:105

5. വലിയ സമാധാനം നല്കും - സങ്കീ:119:105

II. അനുസരണം - പറുദീസയുടെ ഏകഗുണം. ഉല്പ: 2:16-17, 3:11

***A.*** ***പറുദീസ, കാൽവറി, സ്വർഗ്ഗം ഇവയെല്ലാം ഒരേ സ്വരത്തിൽ ഘോഷിക്കുന്നു. "അനുസരണമാണ് ദൈവം നിന്നിൽ നിന്നും ആഗ്രഹിക്കുന്ന ഒരേയൊരു കാര്യം" റോമ :5:19, ഫിലി: 2:8,9 എബ്രാ : 5 : 8,9, വെളി : 22:14***

***B.*** ***പഴയനിയമത്തിലെ അനുസരണഭക്തന്മാർ.***

1. നോഹ - ഉല്പ: 6:22, 7:5

2. അബ്രഹാം - ഉല്പ: 22:16-18. എബ്രാ: 11 : 7

3. മോശ. പുറ: 19:5

C. ***പുതിയനിയമത്തിലെ അനുസരണ വീരന്മാർ***

I. ***യേശുവിൻെറ അനുസരണം - റോമ:5:19, എബ്രാ: 10:9, യോഹ: 10:18***

a. *ക്രിസ്തുവിൽ അനുസരണം തൻെറ ജീവിതചര്യയായിരുന്നു. യോഹ:6:38*

b. *ക്രിസ്തുവിന് അനുസരണം സന്തോഷമായിരുന്നു. സങ്കീ:40:18; യോഹ:4:34*

c. *ക്രിസ്തുവിൻെറ അനുസരണം ദൈവഹിതത്തിനു കാത്തിരുന്നു. സങ്കീ: 40:6-8*

d. *ക്രിസ്തുവിൻെറ അനുസരണം മരണം വരെയായിരുന്നു. യോഹ: 6:38*

e. *ക്രിസ്തുവിൻെറ അനുസരണം താഴ്ചയിലെത്തിച്ചു. ഫിലി: 2:5-8*

f. *ക്രിസ്തുവിൻെറ അനുസരണം വിശ്വാസത്തിലധിഷ്ഠിതമായിരുന്നു. യോഹ: 5:30*

2. പത്രോസ് - പ്രവർത്തി 5:32; 1 പത്രോ: 1:2, 14-15, 22

3. പൌലോസ് - റോമ: 1:5;16:26

4. ***യാക്കോബ് - 1:22***

5. യോഹന്നാൻ - 1 യോഹ:2:3,4; 3:18-22, 5:3.

D. ***അനുസരണക്കേട് ദൈവാനുഗ്രഹത്തെ തടയും.***

1. സ്നേഹവും ക്ഷമയും - മത്താ: 5:44; മർക്കോ: 11:25, യോഹ:13:34

2. വചനവും പ്രാർത്ഥനയും - യോശു: 1:8, യോഹ: 15-7

3. സാക്ഷിക്കൽ - മർക്കോ: 16:15 (മററുള്ളവരോട് സുവാർത്ത അറിയിക്കുക.)

4. ആരാധനയിൽ സംബന്ധിക്കുന്നത് - ഫിലി: 4:6

5. സ്തോത്രാർപ്പണവും സ്തുതിയും - ഫിലി: 4:6

a. വിചാരപ്പെടൽ സ്തോത്രവും സ്തുതിയും അല്ല - ഫിലി: 4:6

b. പിറുപിറുപ്പ് സ്തോത്രവും സ്തുതിയും അല്ല - ഫിലി:2:14

c. കോപം സ്തോത്രവും സ്തുതിയും അല്ല.

d. നിരുത്സാഹം സ്തോത്രവും സ്തുതിയും അല്ല.

6. വിശ്വാസം സ്നേഹത്തിൽ മാത്രമെ പ്രവർത്തിക്കയുള്ളൂ ഗലാ:5:6 അനുസരണം കൂടാതെ സ്നേഹം വർത്തിക്കപ്പെടുയില്ല. നീ ദൈവത്തെ സ്നേഹിച്ച് പൂർണ്ണമായി അനുസരിക്കുമ്പോൾ നിൻെറ വിശ്വാസത്തെ തടയുന്ന ഒരു ശക്തിയും ഇല്ല.

7. ഉദാ: കയീനും ഹാബേലും: ഉല്പത്തി: 4:1-7

## III. യഥാർത്ഥ അനുസരണത്തിൻെറ രഹസ്യം - എബ്രാ: 5:8,9

A. ***അനുസരണം പഠിക്കേണ്ട ഒന്നാണ്.***

B. ***അനുസരണത്തിൻെറ പാഠശാല***

1. *അദ്ധ്യാപകൻ = യേശുവും തൻെറ ജീവിതവും - യോഹ: 12:49,50*

2. *പുസ്തകം - ദൈവവചനം - മത്താ: 4:4,7,10, ലൂക്കോ: 24:27. യേശു വചനാനുസരണം ജീവിച്ച ഒരു വ്യക്തിയായിരുന്നു. ആത്മാവില്ലാതെ വചനം അനുസരിപ്പാൻ കഴികയില്ല.*

C. ***വിദ്യാർത്ഥി - ഞാനും നീയും***

1. ഹൃദയം-പൂർണ്ണമായും അദ്ധ്യാപകനു സമർപ്പിക്കപ്പെടേണം

2. അദ്ധ്യാപകനെ വിശ്വസിക്കേണം - ശ്രദ്ധിക്കേണം.

# പ്രായോഗീക ശുശ്രൂഷകൾ

## I. മുഖുവുര: പ്രായോഗീക ശുശ്രൂഷകൾ: ഒരു സംഗ്രഹം

## II. ദൈവവിളി

**A.** ***എങ്ങനെ തിരിച്ചറിയാം?***

1. സാധാരണ ഒരു ജോലി തിരഞ്ഞെടുക്കുന്നതുപോലെയല്ല. താൽപര്യം ദൈവത്തിൽ നിന്നും വരുന്നു.
2. ആത്മാക്കളെക്കുറിച്ചൊരു ആത്മഭാരം ഉണ്ടാകും.
3. വളരുംതോറും മറ്റെന്തു ചെയ്താലും ഒരു തൃപ്തിയില്ലായ്മ.
4. ദൈവം നിന്നെ വിളിക്കുന്നു - നിനക്കതിനെക്കുറിച്ച് ഉറപ്പില്ല.

a. സമയം ആയില്ല.

b. സാഹചര്യ സമ്മർദ്ദത്താൽ മറ്റ് കാര്യങ്ങളിലുള്ള താല്പര്യം: മനസ്സ് വിഭജിതമാണ്.

**B.** ***വിളിയനുസരിച്ചുള്ള സമർപ്പണം.***

1. ശത്രുവിനോട് എതിർപ്പാനുള്ള ശക്തി.
2. പരിശീലനവും പഠനവും.
3. പ്രാർത്ഥനാ ജീവിതവും ഉപവാസവും.

**C.** ***ശുശ്രൂക്ഷയ്ക്കുവേണ്ട യോഗ്യതകൾ: 1 തീമോ: 3:1-16.***

1. കഠിനാദ്ധ്വാനി ആയിരിക്കേണം - പ്രവർത്തന തല്പരനും നിരതനും.
2. ജനത്തെ സ്നേഹിക്കുകയും മനസ്സിലാക്കുകയും വേണം.
3. സൽസ്വഭാവത്തിൻെറ ഉടമ.

**D.** ***ജീവിതത്തിൽ മുൻഗണന.***

1. ദൈവത്തിനും വചനത്തിനും
2. വീടിനും കുടുംബത്തിനും.

a. മാതൃകാ ദാമ്പത്യജീവിതം.

b. മാതൃകാ കുഞ്ഞുങ്ങൾ.

3. ശുശ്രൂഷയ്ക്കോ സഭയ്ക്കോ.
4. ജോലി.

## III. ശുശ്രൂഷയുടെ പ്രായോഗീക വശങ്ങൾ.

**A.** ***ഭരണ നിർവ്വഹണം: ഭരണ സംവിധാനവും വ്യക്തികളും.***

1. സംഘടന. നിൻെറ കുടുംബം അടുക്കും ചിട്ടയും ഉള്ളതല്ലെങ്കിൽ നീയും അങ്ങനെ തന്നെ - 1 തിമൊ. 3:14.
2. പ്ലാനും ലക്ഷ്യങ്ങളും.
3. സാമ്പത്തീകം.

a. വ്യക്തിപരമായ പണത്തോടുള്ള നയം തന്നെയായിരിക്കും സംഘടനയുടെ പണത്തോടുള്ളത്.

b. ബജറ്റ് തയ്യാറാക്കുക.

**B.** ***മനോഭാവം:***

*1. തെറ്റായ (മോശമായ) മനോഭാവങ്ങൾ.*

*a. കോപം. ധാർഷ്ഠ്യത. c. വിമർശനം. d. അസൂയ.*

*e. അഹങ്കാരം f. മാത്സര്യം.*

*2. ശരിയായ (നല്ല) മനോഭാവങ്ങൾ.*

*a. താഴ്മ. b. പഠിക്കാനുള്ള മനസ്സ്. c. ആർദ്രത.*

*d. ക്ഷമ. e. ഔദാര്യം f. സ്ഥിരത. g. ഉത്സാഹം.*

*3. പ്രസംഗത്തിലെ നല്ല മനോഭാവങ്ങൾ.*

***C. ബന്ധങ്ങൾ:***

1. നിൻെറ ശുശ്രൂഷയുടെ വിജയം ശക്തമായ നിലനില്ക്കുന്ന ബന്ധങ്ങൾ ഉണ്ടാക്കുന്നതിലൂടെയാണ്.
2. ജീവിതത്തിലേയും ശുശ്രൂഷയിലേയും രണ്ടു ശക്തമായ ആവശ്യങ്ങൾ.

a. സ്നേഹം, അംഗീകാരം, ശ്രദ്ധ, പരിപാലനം ലഭിക്കൽ.

b. സ്നേഹം, അംഗീകാരം, ശ്രദ്ധ, പരിപാലനം കൊടുക്കൽ.

3. ശുശ്രൂഷകന്മാർ തമ്മിലുള്ള ബന്ധം.

a. നീ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരുമായി നല്ല ബന്ധം സ്ഥാപിക്കുക.

b. നിന്നെ നിന്ദിക്കുന്നവരെ സ്നേഹിക്കുക - അവർക്ക് നന്മ ചെയ്യുക.

4. വ്യാപാര ബന്ധങ്ങൾ:

a. സമൂഹത്തിൽ നല്ല ബന്ധങ്ങൾ സ്ഥാപിച്ച് സത്യസന്ധനെന്ന് സാക്ഷ്യം പ്രാപിക്കുക - പ്രവ: 6:3.

5. ഏറ്റവും വലിയ ബന്ധം - നീയും ദൈവവുമായിട്ടാണ്.

***D. വ്യക്തിപരമായ ഭാവം.***

1. നാം ആരെന്നു പറയുന്നതിനു മുമ്പ് നാം ആരെന്നു അവർ കാണുക.

a. നല്ല പ്രതികരണം (ആദ്യ പ്രതികരണം) ഉണ്ടാക്കുവാൻ ഒരവസരമേയുള്ളു.

b. നമ്മുടെ വസ്ത്രങ്ങൾ നമ്മുടെ മനോഭാവം വെളിപ്പെടുത്തുന്നു. നമ്മുടെ ജീവിത തത്വചിന്ത നമ്മുടെ വെളിപ്പെടലിലൂടെ പുറത്തുവരും.

2. വ്യക്തിപരമായ ശുചിത്വം.

a. ഭംഗിയായും വൃത്തിയായും ഇരിക്കുക.

b. വായ്നാറ്റം ഉണ്ടാവരുത്.

## IV. പരീക്ഷകൾ:

***A. ചിന്തയിൽ: പരീക്ഷകൾ മനസ്സിൽ ആരംഭിക്കുന്നു.***

1. നീ എപ്പോഴും എന്തിനെക്കുറിച്ച് ചിന്തിക്കുന്നുവോ അതു നിൻെറ ജീവിതത്തെ നയിക്കും.
2. പരീക്ഷകളെ അതിൻെറ ആരംഭത്തിൽ നേരിടേണം.
3. സാത്താൻെറ ലക്ഷ്യം പ്രസംഗകരും ശുശ്രൂഷയുമാണ്.

***B. മാനസീകത്തകർച്ച - ശുശ്രൂഷ വിടുവാനുള്ള പരീക്ഷ.***

1. ശുശ്രൂഷ ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുന്ന വസ്തുതകൾ?

a. വിമർശനം - നേരായതോ അസത്യമായതോ.

b. വേണ്ടത്ര പുരോഗമനമില്ലായ്മ.

c. വിജയാളികളായ ശുശ്രൂഷകന്മാരോടുള്ള താരതമ്യപഠനം.

2. മാനസീകത്തകർച്ചയിൽ എന്തുചെയ്യണം?

a. നിൻെറ വികാരവും ചിന്തയും മാനുഷീകമാണെന്നു ഗ്രഹിക്കുക.

b. ജീവിതത്തിലെ മുൻഗണനയ്ക്കു പ്രാധാന്യം നല്കി ഊന്നൽ

കൊടുക്കുക.

c. വിമർശനാത്മകമായ പഠനത്തിനുമാത്രം മുൻതൂക്കം നൽകുന്നതു മതിയാക്കുക.

d. ചുറ്റിലും സഹായം ആവശ്യമുള്ളവരെ സഹായിക്കുക.

e. മ്ലാനതയെ നേരിടുക - കോപിക്കാതെ കാരണം കണ്ടെത്തുക.

f. അഹങ്കാരം മാറ്റിവെച്ച് നീ സ്നേഹിക്കുന്ന ബഹുമാനിക്കുന്ന അനുഭവ സമ്പന്നരായ ശുശ്രൂഷകരിൽനിന്നും ആലോചന കേൾക്കുക.

g. സാഹചര്യങ്ങളെ മാറ്റുക - ഒരു പുതിയ സ്ഥലം സന്ദർശിക്കുകയോ ഒരു പുസ്തകം വായിക്കുകയോ ചെയ്യുക.

h. വിജയിക്കുന്നതോ, പരാജയപ്പെടുന്നതോ കേൾക്കുന്ന (ശ്രദ്ധിക്കുന്ന) വസ്തുതക്കളുടെ അടിസ്ഥാനത്തിലായിരിക്കും.

***C. ലൈംഗീക അവിശ്വസ്ത.***

1. ലൈംഗീക അശുദ്ധി - തളർത്തുന്നതും നശിപ്പിക്കുന്നതും ദൈവം ശിക്ഷിക്കുക്കുമത്രേ.

2. ലൈംഗീക പരീക്ഷയോടുള്ള ബന്ധത്തിൽ 5 തരം ശുശ്രൂഷകന്മാർ ഉണ്ട്.

a. പരസ്ത്രീകളുമായി ലൈംഗീക ബന്ധത്തിനുള്ള പരീക്ഷ ഒട്ടും ഇല്ലാത്തവർ.

b. പരീക്ഷ ഉണ്ടാകുമെങ്കിലും വിജയിക്കുന്നവർ.

c. പരീക്ഷയിൽ പിടിച്ചുനില്ക്കാൻ പോരാടുമെങ്കിലും എപ്പോഴും പരാജയപ്പെടുന്നവർ.

d. പോരാടാതെ ദൈവകരുണയെ മുതലെടുക്കുന്നവർ.

e. വിശുദ്ധ ജീവിതത്തെ മാനിക്കയും ബലഹീനത നിമിഷത്തിൽ പാപത്തിനു വഴിപ്പെട്ടേക്കുമെന്ന് ഭയപ്പെടുകയും ചെയ്യുന്നവർ.

3. പരീക്ഷയെ അതിജീവിപ്പാനുള്ള നിർദ്ദേശങ്ങൾ:

a. ദൈവത്തിൻേറയും മനുഷ്യൻേറയും മുന്നിൽ ഒരു വിശുദ്ധജീവിതം നയിക്കുമെന്ന് തീരുമാനിക്കുക.

b. സ്വകാര്യ ജീവിതത്തിലും ഭവനത്തിലും പാപസാഹചര്യം ഉണ്ടാക്കുന്ന കാര്യങ്ങളെ പുറത്താക്കുക.

c. സ്ത്രീ - പുരുഷ കൌൺസിലിംഗുകളിൽ മറ്റൊരാളുടെ സാന്നിദ്ധ്യം കൂടെ ഉണ്ടായിരിക്കുക.

d. സ്തുതി സ്തോത്രങ്ങളാൽ അധരം നിറക്കുക.

e. വചനത്താൽ മനസു നിറക്കുക.

***D. ചതി, നുണ, അതിശയോക്തി - സത്യസന്ധതയാണ് ദൈവം മനുഷ്യനിൽനിന്നും ആഗ്രഹിക്കുന്ന പ്രധാന വസ്തുത. നിലനില്ക്കുന്ന വിജയകരമായ ശുശ്രൂഷയുടെ മുഖമുദ്രയാണ് സത്യസന്ധത. പ്രതിലോമ സ്വഭാവം ശുശ്രൂഷയെ തകർക്കും.***

## V.വൈരുദ്ധ്യങ്ങൾ.

***A. ശുശ്രൂഷകനും ലോകവും തമ്മിൽ - നീയും പാപിയും തമ്മിലല്ല പോരാട്ടം പാപവുമായിട്ടാണ്.***

*B. ശുശ്രൂഷകനും ശുശ്രൂഷകനും തമ്മിൽ.*

1. ഓർമ്മിക്കൂ: ശത്രുവിനോട് പോരാടുന്നതിനു പകരം സ്വന്ത കുടുംബത്തിലുള്ള കൂട്ടു ശുശ്രൂഷകനോട് പോരാടുന്നത് നഷ്ടമാണ്.
2. യാഥാർത്ഥ്യമറിയാതെ ആരോപണം ഉന്നയിക്കരുത്.
3. വാക്കുകളെ സൂക്ഷിക്കുക.

*C. ശുശ്രൂഷകനും സഭയും തമ്മിൽ.*

*D. ശുശ്രൂഷകനും സ്റ്റാഫും തമ്മിൽ.*

## VI. ശുശ്രൂഷയിലെ വിജയം:

*A. ചില ശുശ്രൂഷകന്മാർ പരാജയപ്പെടുന്നതെന്ത്?*

1. ധാർമ്മികകാര്യങ്ങളിൽ അശ്രദ്ധയുള്ളവരാകയാൽ.
2. നിഷേധാത്മകമായ പ്രസംഗം - ഉപദേശത്തിൽ ഉപദേശവിഷയങ്ങളിൽ തർക്കവിതർക്കങ്ങളിൽ ചെന്ന് ചാടുന്നതിനാൽ.
3. ദൈവഹിതത്തിന് വെളിയിലുള്ള വിവാഹം.
4. കാര്യക്ഷമതയില്ലായ്മ.
5. പണത്തിൻെറ ദുരുപയോഗവും ദുർവിനിയോഗവും.
6. ഒരുക്കവും പഠനവും ഇല്ലായ്കയാൽ.
7 ആത്മീയ നേതാക്കളുടെ കുറവ് അല്ലെങ്കിൽ തെറ്റായ ഉപദേഷ്ടാക്കന്മാർ.
8. ആത്മീയപതനം.
9. പക്വതയില്ലാതെയുള്ള ശുശ്രൂഷാപ്രവേശനം.
10. പെട്ടന്ന് ജയാളികളാമ്പോഴുണ്ടാകുന്ന-അഹങ്കാരം.
11. ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിനേക്കാൾ സ്വന്തം പേര്/ശുശ്രൂഷ/സംഘം എന്നിവയ്ക്കായി പണിയെടുക്കുക.

*B. വിജയകരമായ ശുശ്രൂക്ഷയ്ക്ക് ഏഴ്പടികൾ.*

1. വിളിയെ വിവേചിച്ച് മനസ്സിലാക്കുക.
2. അനുഭവസ്ഥരോട് ആലോചിക്കുക.
3. ദിനതോറും ജയാളിയുടെ സ്വഭാവം പരിശീലിക്കുക. വിജയത്തിലെത്തിച്ചേർക്കും.
4. പുതിയ വസ്തുതകൾ പഠിക്കുക; പഠനത്തിൽ പുതക്കം പ്രാപിക്കുക.
5. നിശ്ചിതസമയം പഠനത്തിനായി മാറ്റിവെയ്ക്കുക.
6. നല്ല ആരോഗ്യം നിലനിർത്തുക; ആവശ്യമായ വിശ്രമം എടുക്കുക.
7. പഠിക്കാൻ സദാ സന്നദ്ധനായിരിക്കുക. ആലോചനകളും തിരുത്തലുകളും അംഗീകരിക്കുക. ആവശ്യമെങ്കിൽ മാറ്റങ്ങൾക്ക് സ്വയം സന്നദ്ധമാവുക.

# പ്രാർത്ഥന

## I. പ്രാർത്ഥനയുടെ പ്രാധാന്യം

## II. പ്രാർത്ഥന എന്തല്ല?. (മത്തായി: 6:5-8)

A. ***വ്യഥാവിലുള്ള-വിശ്വാസമില്ലാത്ത -അധരചർവ്വണം അല്ല പ്രാർത്ഥന.***

1. ഒരുപക്ഷേ സ്വർഗ്ഗത്തിലെ ഒരു വിടവിലൂടെ എന്റെ പ്രാർത്ഥന സ്വർഗ്ഗ ത്തിലെത്തി ദൈവത്തിന്റെ നല്ല ഭാഗത്ത് ഒരു പക്ഷേ തട്ടിയെങ്കിലോ" എന്നു വിലപിക്കുന്ന ഒരുവന്റേതുപോലുള്ള ഒന്നല്ല പ്രാർത്ഥന.

2. നീ പാപത്തിൽ ആയിരിക്കുന്നെങ്കിൽ പ്രാർത്ഥന നിർത്തി, അനുതപിച്ച് ഏറ്റുപറഞ്ഞ് ദൈവത്തെ സ്തുതിക്കൂ. ഇത് നിന്റെ പ്രാർത്ഥനാ ജീവിത ത്തെ രൂപാന്തരപ്പെടുത്തും.

B. ***പ്രാർത്ഥന മനുഷ്യനേയോ ദൈവത്തേയോ ബോധിപ്പിക്കാനുള്ള ഒന്നല്ല. മത്തായി: 6:5; ലൂക്കോ: 18:10-14.***

C. ***പ്രാർത്ഥന ജല്പനവുമല്ല. മത്താ: 6:7.***

## III. പ്രാർത്ഥന എന്താണ്?

A. ***പ്രാർത്ഥ യാചനയാണ് - മത്താ: 7:7,8.***

B. ***പ്രാർത്ഥന തിരുവചനം ഉരുവിട്ടുള്ള ഓർമ്മപ്പെടുത്തലാണ് - യെശ: 43:26.***

C. ***പ്രാർത്ഥന നിരന്തര അപേക്ഷയാണ് - എഫെ: 6:12-18.***

D. ***പ്രാർത്ഥന ദൈവവുമായുള്ള കൂട്ടായ്മയാണ്, നന്ദി, സ്തുതി, ആരാധനഎന്നിവപോലെ.***

## IV. പ്രാർത്ഥനയെക്കുറിച്ച് യേശു എന്തു പഠിപ്പിച്ചു?

A. ***മത്തായിയിൽ - 5:44; 6:5-16; 7:7-11; 9,38; 18:19; 21:18-22, 26:40-41.***

B. ***മർക്കോസിൽ - 11:19-26.***

C. ***ലൂക്കോസിൽ - 10:2, 11:1-13, 18:1-8.***

D. ***യോഹന്നാനിൽ - 14:10-14; 15:7-8; 16:23.***

## V. പ്രാർത്ഥനയെക്കുറിച്ച് പൌലോസ്:

A. ***റോമാ ലേഖനത്തിൽ 8:26; 10:1.***

B. ***1 കൊരിന്ത്യരിൽ - 14:2, 13, 14.***

C. ***എഫെസ്യരിൽ - 6:18-20.***

D. ***ഫിലിപ്പ്യരിൽ - 4:6-8.***

E. ***1 തെസ്സലോനിക്യരിൽ - 5:16-18, 23, 25.***

F. ***1 തിമോ: 2:1-8; 4:5.***

## VI. പ്രാർത്ഥനയെക്കുറിച്ച് മറ്റുള്ളവർ.

A. ***യോഹന്നാൻ : 5:14-15.***

B. ***യാക്കോബ് : 5:13-18.***

C. ***പത്രോസ് : 3:7, 12:4:7, 5:7.***

D. ***യൂദ: 20.***

## VII. ലേഖനങ്ങളിലെ പ്രാർത്ഥനകൾ.

A. ***റോമർ : 1: 8-10.***

B. ***1 കൊറി: 1: 4-5.***

C. ***2 കൊറി: 13:7.***

D. ***എഫെ: 1: 16-23; 3:14-21.***

E. ***ഫിലി: 1:3; 9-11.***

F. ***കൊലോ: 1:9-12; 4:3-4.***

G. ***1 തെസ്സ: 1: 11-12, 3: 1-2.***

H. ***ഫിലേമോൻ : 4.***

I. ***3 യോഹ: 2.***

# നീതീകരണം

## I നീതീകരണം മനസ്സിലാക്കാത്തതിൻെറ കുറവ് സഭയുടെ പരാജയത്തിൻെറ കാരണം

***A. നീതീകരണത്തിനുപകരം ശിക്ഷാവിധി പ്രസംഗിക്കപ്പെടുന്നു.***

1. നീതീകരണം പ്രവർത്തികളാൽ നേടുന്ന ഒന്നല്ല - റോമ: 3:21,22
2. വീണ്ടെടുപ്പും രക്ഷയും മരണംവരെ നീട്ടിവെയ്ക്കപ്പെട്ടിരിക്കുന്നു എന്ന് ജനം പഠിപ്പിക്കപ്പെട്ടിരിക്കുന്നു. 1 യോഹ:5:13

***B. തൽഫലമായി പാപബോധം മനുഷ്യനെ ഭരിക്കുന്നു.***

1. എന്താണ് പാപബോധം?
2. പാപബോധത്തിൻെറ രണ്ടു ലക്ഷണങ്ങൾ

a. ദൈവബോധം നഷ്ടപ്പെട്ട് സ്വയബോധം ഉണ്ടാകുന്നു.
b. സ്വാഭാവികമായതിനെക്കുറിച്ച് മാത്രം ചിന്തിക്കുന്നു - സ്വർഗ്ഗീയമായതിനെ ത്യജിക്കുന്നു.

***C. നീതീകരണത്തിനൊരു ശരിയായ നിർവ്വചനം. 2 കൊരി:5:21***

1. നിർവ്വചനങ്ങൾ

a. മനസാക്ഷിക്കുത്തു കൂടാതെ പിതാവാം ദൈവത്തിൻെറ മുമ്പിൽ നില്പാനുള്ള യോഗ്യത.
b. നീതികരിക്കപ്പെട്ടു "ഞാൻ കുറ്റം ചെയ്യാത്തവനെപ്പോലെ ആയി" നീതിമാനെന്നു പ്രഖ്യാപിക്കപ്പെട്ടു. മനുഷ്യനെ കുറ്റക്കാരനല്ലെന്നു വിധിച്ച് ദൈവ സന്നിധിയിൽ യോഗ്യനാക്കി നിർത്തുക.
c. നീതികരണം എന്നുള്ളത് നമ്മെ ആക്കിത്തീർത്ത അവസ്ഥയാണ് നാം ആയിത്തീർന്നതല്ല.
d. നീതീകരണം ഒരു വസ്തുവല്ല ഒരവസ്ഥയാണ്.
e. നീതീകരണം ദൈവത്തിൻെറ ദാനമാണ്.

***D. എങ്ങനെ നീതീകരിക്കപ്പെടും? (റോമ. 10:10)***

## II. നീതീകരണത്തിൻെറ യഥാസ്ഥാപനം

ഒന്നാം ആദാമിനു നഷ്ടപ്പെട്ടത് ഒടുവിലത്തെ ആദാമായ ക്രിസ്തു യഥാസ്ഥാനത്താക്കി.

***A. ആദാമിൻെറ വീഴ്ചയ്ക്കു മുമ്പ് അവൻെറ നീതീകരണ അവസ്ഥയിൽ ഉണ്ടായിരുന്ന ഗുണങ്ങൾ (ഉല്പ. 1:3-28; 2:15).***

1. ദൈവവുമായി ഒരു ശരിയായ ബന്ധം.
2. എല്ലാറ്റിന്മേലും അധികാരം.
3. ആവശ്യമുള്ളതെല്ലാം ലഭിച്ചിരുന്നു.
4. ദൈവശബ്ദം കേട്ടു ദൈവവുമായുള്ള കൂട്ടായ്മ.
5. കുറ്റബോധം ഉണ്ടായിരുന്നില്ല.
6. ഭയമോ തോൽവിയോ ഉണ്ടായിരുന്നില്ല.
7. സമാധാനം ഉണ്ടായിരുന്നു.
8. ആത്മവിശ്വാസവും അധികാരവും ഉണ്ടായിരുന്നു.

***B. വീഴ്ചയുടെ അനന്തഫലങ്ങൾ: ഗലാ: 3:6-19***

1. ദൈവീക കൂട്ടായ്മ നഷ്ടപ്പെട്ടു.
2. അധികാരം നഷ്ടപ്പെട്ടു.

3. ഭയം, പരാജയം, കുറ്റബോധം എന്നിവ അനുഭവപ്പെട്ടു.
4. പാപവും രോഗവും വാഴുവാനാരംഭിച്ചു.
5. സാത്താൻ ഈ ലോകത്തിന്നധിപതിയായി. 2 കൊരി: 4:4
6. പാപം സകല മനുഷ്യരിലും പരന്നു - റോമ: 5:12
7. മരണം ലോകത്തിൽ പ്രവേശിച്ചു: റോമ: 5:12.

**C. *യേശു സ്ഥാപിച്ച നീതീകരണത്തിലുള്ള വിശ്വാസത്താൽ ആദാം നഷ്ട മാക്കിയതെല്ലാം നമുക്കു മടക്കി ലഭിക്കുന്നു. റോമ: 5:17.***

1. ഇരുളിനെ പിടിച്ചടക്കിയ വെളിച്ചം യേശു ആയിരുന്നു - യോഹ: 1:5, പ്രവർത്തി: 10:38

a. യേശുവന്നപ്പോഴത്തെ ലോകത്തിൻെറ അവസ്ഥ മത്താ: 4:16
b. ക്രിസ്തുവിനെക്കൂടാതെയുള്ളവരുടെ അവസ്ഥ - എഫെ: 2:12;4:17,18
c. സാത്താനു പിടിച്ചടക്കാൻ കഴിയാത്ത ഒരു പുതിയ ജീവ വഴി യേശു തുറന്നു.

2. ക്രിസ്തു നമ്മെ അവനിൽ ഒന്നാക്കിത്തീർത്തു. എഫെ: 2:13-16
3. നീതീകരണം നമ്മുടെ ആത്മാവിന് ശാന്തിയും സ്വസ്ഥതയും സമാധാന വും നൽകുന്നു. യെശ്ശ:32:17,18; യെശ്ശ:53:14-14, റോമ:5:1

a. ദുഷ്ടനു സമാധാനം ഇല്ല - യെശ്ശ: 57:20,21
b. യേശുവിൻെറ സമാധാനം ലോകം തകരുന്നതുപോലെയല്ല - യോഹ: 14:27
c. സമാധാനം എങ്ങനെ സംരക്ഷിയ്ക്കാം - ഫിലി: 4:6-8

**A. *നീതീകരണം നമ്മുടെ പോരായ്മയെ ഇല്ലാതാക്കുന്നു.***

a. പണമില്ലായ്മ. b. കഴിവില്ലായ്മ. c. സ്നേഹമില്ലായ്മ.

5. നീതീകരണം നമ്മുടെ സ്വാതന്ത്ര്യം യഥാസ്ഥാനത്താക്കുന്നു.

## III. നീതികരണം രണ്ടു വിധത്തിലുണ്ട്. ഫിലി: 3:

**A. *പഴയനിയമത്തിലേയും പുതിയനിയമത്തിലേും നീതികരണം ഒരു താരത മ്യം: ഗല: 5:1-4***

1. പഴയനിയമത്തിൽ പ്രവർത്തികളാൽ - റോമ: 10:3, ലൂക്കോ: 18:9-14; യെശ: 64:6
2. പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിലൂടെ പുത്ര ത്വം ലഭിക്കുന്നു. റോമ: 8:15

**B. *ബന്ധവും കൂട്ടായ്മയും ഒരു താരതമ്യം 1 യോഹ: 1:9, 1 യോഹ: 3:21***

1. അനേകമക്കളും പാപക്ഷമ ഏറ്റെടുക്കാത്തതിനാൽ ദാസന്മാരായി ജീവി ക്കുന്നു. പാപം ഏറ്റു പറയാത്ത കാലത്തോളം നിന്നെ ശക്തിഹീനനാക്കും.
2. മക്കൾക്കു മാത്രമെ ദാരിദ്ര്യം, പാപം, രോഗം ഇവയ്ക്കെതിരെ നില്പ്പാൻ കഴിയൂ.
3. മക്കൾക്കു മാത്രമെ വാഗ്ദത്തം അനുഭവിപ്പാൻ കഴിയൂ.

## IV. നിൻെറ നീതികരണത്തിൽ നടക്കുന്ന അനുഭവം.

**A. *സാത്താൻെറ വഞ്ചനയെ സൂക്ഷിക്കുക. വെളി:12:9, യോഹ:10:10; 2 കൊരി. 2:11***

1. സാത്താൻ ആദാമിനെ തന്റെ ദൈവിക ബന്ധത്തിൽ നിലനിൽക്കാതിരിക്കുന്നതിന് പ്രേരിപ്പിച്ചു.

a. ദൈവം ആദാമിന് തോട്ടത്തെ സൂക്ഷിപ്പാനും വാഴുവാനും അധികാരം കൊടുത്തു. ഉല്പ: 1:28:2:15.

b. ദൈവം നിനക്കു അധികാരം തന്നിട്ടുണ്ട് - ലൂക്കോ: 10:19; മർക്കോ: 16:15.

c. അവൻ ലോകത്തിലായിരുന്നതുപോലെ നാമും ലോകത്തിലായിരിക്കുന്നു. 1 യോഹ: 4:17

d. വിശ്വാസികളെ ക്രിസ്തു എന്നു വിളിച്ചിരിക്കുന്നു. 2 കൊരി: 6:14,15

2. സാത്താൻ നിന്നെ വഞ്ചിക്കുന്നത്:

a. സത്യമല്ലാത്ത ഒന്ന് സത്യമെന്ന് തെറ്റിദ്ധരിപ്പിച്ച്.

b. നിനക്കറിയാവുന്നതുവെച്ച് പ്രവർത്തിക്കുവാനനുവദിക്കാതെ. യാക്കോ: 1:22 മത്താ: 7:24-27

**B. *നീതീകരണത്തിൽ നടക്കുന്നതെങ്ങനെ?***

1. നീ രക്ഷിക്കപ്പെട്ട നിമിഷം മുതൽ ദൈവവുമായി ശരിയായ ബന്ധത്തിലാണെന്നു മനസ്സിലാക്കുക. 2 കൊരി: 5:17

2. നിന്റെ ശരീരംകൊണ്ടും മനസ്സുകൊണ്ടും നീ ഒരു കാര്യം ചെയ്യേണം. റോമ:12:1,2 ഓരോ ദിവസവും മനസു പുതുക്കി രൂപാന്തരപ്പെടേണം.

3. നീതീകരണബോധം ഉണ്ടെങ്കിലും നിനക്കു ഉപയോഗിക്കാതിരിക്കാം. ഉദാ: മൂത്തപുത്രൻ - ലൂക്കോ: 15:25-31. നീതിമാൻ കുലുങ്ങിപ്പോകയില്ല. സങ്കി: 15:2,5

4. നീ നീതിയിൽ വളരുകയല്ല; നീതിയെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുന്നു.

## V. നീതീകരണത്തിന്റെ ഫലങ്ങൾ.

**A. *പ്രാർത്ഥനാ ജീവിതം നീതീകരണത്തിന്റെ ഫലമാണ് - യാക്കോ: 5:16-18***

**B. *നീതീകരണത്തിന്റെ ഫലങ്ങൾ.***

2. കൊരി: 9:10 ജീവിതം യേശുവിന്റെ പ്രവർത്തികൾ ചെയ്യുന്നു. യോഹ: 14:12. ജീവിതത്തെ സമ്പൂർണ്ണമായി മാറ്റുന്നു.

നീതീകരണത്തിന്റെ വ്യാപ്തി അറിച്ച വ്യക്തി അതനുസരിച്ച് ജീവിക്കുന്നില്ലെങ്കിൽ കോടിശ്വരനായ ഒരു വ്യക്തി തന്റെ ധനം പൊതുജന നന്മക്കു ഉപയോഗിക്കാത്തതു പോലെയാണ്.

## VI. ദൈവം നമ്മെ എങ്ങനെ നീതിമാന്മാരാക്കി?

**A. *ക്രൂശിൽ നടന്നതെന്ത്? യെശ:53:4,5***

1. പാപത്തെ താൻ ഏറ്റെടുത്തതിനാൽ താൻ പാപത്തെ ജയിച്ചു. 2 കൊരി:5:21

2. മരണത്തിനായി ഏല്പിക്കപ്പെട്ടുകൊണ്ട് താൻ മരണത്തെ ജയിച്ചു.

3. രോഗത്തെ ഏറ്റെടുത്തുകൊണ്ട് താൻ രോഗത്തെ ജയിച്ചു. 1പത്രോ. 2:24

4. സാത്താനെ ജയിച്ചു.(സാത്താൻ തന്നെ ജയിക്കുവാൻ അനുവദിച്ചുകൊണ്ട്).

***B. നാമും ക്രിസ്തുവിൻെറ മരണം, അടക്കം, ഉയർപ്പ് എന്നിവയോട് ഏകീഭവിച്ചിരിക്കുന്നു.***

1. യേശു സാത്താൻെറ ആയുധവർഗ്ഗം ഉരിഞ്ഞെടുത്തപ്പോൾ നാമും ക്രിസ്തുവിനോടൊപ്പം. കൊലോ: 2:15

a. നാമും ക്രിസ്തുവിനോടുകൂടെ മരിച്ചു - കൊലോ: 3:3;2:20

b. നാമും ക്രിസ്തുവിനോടൊപ്പം ഉയിർത്തു - എഫെ: 2:5,6, കൊലോ: 2:13;3;1

2. നാം സാത്താനിന്മേൽ ജയമെടുത്ത് യജമാനന്മാരായി - യേശുവിൻെറ ഉയിർപ്പിലൂടെ

a. സാത്താൻ നീതികരണത്തെ ഭയപ്പെടുന്നു.

b. ഉറപ്പും ധൈര്യവുമുള്ളവരായിക്കുക - നിൻെറ ഭയപ്പെട്ട ജീവിതത്തിനു അവസാനം വന്നിരിക്കുന്നു.

# അധികാരങ്ങളെ തിരിച്ചറിയൽ

മുഖവുര : അധികാരം നമ്മെ എല്ലാം ബാധിക്കുന്നു.
താനും സകലവും തനിക്കു കീഴാക്കിക്കൊടുത്തവനു കീഴ്പ്പെട്ടിരിക്കും.
(1 കോരി. 15 : 28).

## I. അധികാരങ്ങൾക്കു കീഴ്പ്പെടൽ വിജയകരമായ ക്രിസ്തീയ ജീവിതത്തിന്നനിവാര്യം.

**A.** ***സുപ്രധാന അധികാരങ്ങൾ - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവും, വചനവും.***

1. **നമ്മുടെ മേൽ നേരിട്ട് അധികാരം ഉള്ളവർ**
2. **നമ്മുടെമേൽ ആക്കി വെക്കപ്പെട്ടവർക്കും അധികാരം ഉണ്ട്.**

**B.** ***അധികാരികളോടുള്ള മറുതലിപ്പ് ദൈവത്തോടുള്ള മറുതലിപ്പാണ്.***

1. ആദം ഹവ്വ - ഉല്പ: 2:17ഠ3:19
2. ലൂസിഫർ - യെശ : 14:12-15
3. ശൌൽ - 1 ശാമു: 15-1-23 - മറുതലിപ്പ് - ആഭിചാരതുല്യമാണ്.
4. മത്സര ഫലമായി അധികാരം നഷ്ടപ്പെട്ടു.

**C.** ***അധികാരത്തോടൊപ്പം ഉത്തരവാദിത്വവും കടപ്പാടും കടന്നുവരുന്നു.***

1. അധികാരം കൈമാറുന്ന പ്രക്രിയയാണ് നിയോഗം.
2. ത്രിവിധ അധികാരങ്ങൾ.

a. സമ്പൂർണ്ണ അധികാരം - മേലധികാരിയോട് ചോദിക്കാതെ തീരുമാനിക്കാം.

b. ഭാഗീക അധികാരം - യുക്തമെങ്കിൽ തീരുമാനിക്കാം - പിന്നീട് അറിയിക്കേണം.

c. അധികാരമില്ലായ്മ - മേലധികാരിയറിയാതെ തീരുമാനമെടുത്തുകൂടാ.

## II. അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതം.

**A.** ***ലോകത്തിൽ - റോമ:13:1;1 പത്രോ: 2:13-14***

**B.** ***കുടുംബത്തിൽ -***

1. കുടുംബത്തിലെ പരമാധികാരി ഭർത്താവ് - ഉല്പ: 3:16, എഫെ:5:23

a. പുരുഷൻ അപ്പനെയും അമ്മയേയും വിട്ട് പുതിയ കുടുംബത്തെ നോക്കേണം. ഉല്പ: 2:24; എഫെ: 5:31

b. അബ്രഹാമും ലോത്തും വേർപിരിഞ്ഞു. കൂട്ടുകുടുംബം മൂലം - ഉല്പ: 13:1-12

c. ഭർത്താവ് ഭാര്യയെ സ്നേഹിക്കണം - എഫേ: 5:15

2. ഭാര്യ ഭർത്താവിനെ അനുസരിക്കേണം - പത്രോ: 3:1
3. കുട്ടികൾ മാതാപിതാക്കളെയും - എഫെ: 6:13

a. കുട്ടികളെ നടക്കേണ്ട വഴിയിൽ അഭ്യസിപ്പിക്കുക. ഉല്പ: 18:19, സദൃ: 22:6

b. ശിക്ഷിച്ചു വളർത്തുക - സദൃ: 19:18; 22:15 ; 13:24; 23:13, 14. 29:17

C. സഭയിൽ എഫെ: 1:22,23.

1. ശുശ്രൂഷാ സ്ഥാനങ്ങൾ - എഫെ:4:11

2. ലോക്കൽ സഭ പാസ്റ്ററുടെ കീഴിൽ - പ്രവൃത്തി: 20:28

3. ബിഷോപ്പ്, അസിസ്റ്റൻറ് പാസ്റ്റർ, മൂപ്പന്മാർ ഇവർ പാസ്റ്ററാലോ അപ്പോസ്തോലനാലോ തിരഞ്ഞെടുക്കപ്പെടുന്നു. പ്രവർത്തി: 4:23, തീത്തോ: 1:15

4. ശുശ്രൂഷകന്മാരെ സഭ തിരഞ്ഞെടുക്കുന്നു - പ്രവൃത്തി:6:5,6

5. മൂപ്പന്മാരുടേയും ശുശ്രൂഷകന്മാരുടെയും യോഗ്യതകൾ - 1 തിമൊ. 3.

***D. ജോലിയിൽ - ദാസന്മാരും യജമാനന്മാരും - എഫെ:6: 5-7***

തിമോ: 6:11; തീത്തോ:2:9,10

***E. നിൻെറ മന:സാക്ഷിയോട് 1 തീമൊ: 1;18,19, പ്രവർത്തി: 24:15***

1. മനപ്പൂർവ്വം മന:സാക്ഷി വിരുദ്ധമായി പാപം ചെയ്താൽ കഠിനപ്പെടും - 1 തീമോ: 4:12

2. മനസൊരുക്കമുള്ള ആത്മാവ് ശരിയായ മാർഗം നിർദ്ദേശിക്കും - അധികാരത്തിന് വഴങ്ങും.

3. തഴമ്പിച്ച മനസാക്ഷി നിൻെറ ചിന്തയിൽ നിന്നും ആരംഭിക്കുന്നു. 2 കോരി 10:5

## III. നിയുക്തമാക്കപ്പെട്ട അധികാരം.

***A. എപ്പോഴാണ് അധികാരം മറ്റുള്ളവരിലേക്ക് കൈമാറേണ്ടത്?***

1. ഒരേ കാര്യം ആവർത്തിക്കപ്പെടേണ്ടി വരുമ്പോൾ.
2. അടിക്കടി തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ
3. വലിയ കാര്യങ്ങൾ നിങ്ങളുടെ അധികം സമയം എടുക്കുമ്പോൾ.
4. നിങ്ങൾക്കു തീരുമാനമെടുക്കുവാൻ പറ്റാതെ വരുമ്പോൾ.

***B. അധികാരികളെ എങ്ങനെ നിയോഗിക്കാം?***

1. ഓരോ സ്ഥാനത്തേക്കു ശരിയായ വ്യക്തിയെ കണ്ടെത്തി ആക്കിവെക്കുക.
2. അമിത അധികാരം നൽകരുത് - മത്തായി: 24:45-47
3. ഓരോസ്ഥാനത്തേക്കും ആളുകളെ നിയമിക്കുന്നതിന് സമയമെടുക്കുക.
4. പ്രശ്നങ്ങൾ ഉദിക്കുന്നതിനുമുമ്പ് ആളുകളെ നിയമിക്കുക.
5. പ്രശ്നങ്ങൾക്കു മുമ്പ് കാര്യങ്ങൾ ചർച്ച ചെയ്യുക.
6. വ്യക്തമായി ആശയവിനിമയം നടത്തുക.

***C. ആശയവിനിമയത്തിൻെറ ആവശ്യകത.***

1. ഓരോരുത്തരെ നിയമിക്കുന്നതിൻെറ ആവശ്യം വ്യക്തമാക്കുക.
2. അവരുടെ ജോലിയേക്കാൾ ഉപരിചെയ്യുവാൻ പ്രോത്സാഹിപ്പിക്കുക.

a. ഇത് ധാരാളം പഠിക്കുവാൻ അവസരം നൽകും.

b. ജോലി സംതൃപ്തി ലഭിക്കും.

c. നല്ല പ്രവർത്തിക്കുള്ള പ്രതിഫലമായി കാണും.

3. ചെയ്യേണ്ട ജോലി എന്തെന്നു വ്യക്തമാക്കണം. ഉല്പ:6:9-22; യോശു:6:1-5

4. ജോലി വിഭജിച്ചു കഴിഞ്ഞാൽ മനസ്സിലായോ എന്നു ചോദിക്കുക.
5. ഫലം പരിശോധിക്കുക. രീതി പ്രസക്തമല്ല.
6. മറ്റുള്ളവരിൽ നിന്നും ഉപദേശം കൈക്കൊള്ളുക.
7. എപ്പോഴും ദോഷൈക ദൃക് ആയിരിക്കരുത്.
8. സ്നേഹത്തോടും ആദരവോടും മാന്യതയോടും പെരുമാറുക.
9. മുഖംനോക്കി ആരോടും പെരുമാറരുത് –, എഫെ:6:3 1 തീമൊ. 5:[illegible].
10. ശമ്പളം കൃത്യസമയത്തു നൽകുക – തീമൊ: 5:8; കൊലോ:4:1

### D. *നിയോഗിക്കപ്പെട്ടവർക്ക് തങ്ങൾ ജോലി ചെയ്യുന്ന വിശ്വാസികളായ യജമാനന്മാരെ എങ്ങനെ നന്നായി സേവിക്കാം. (2 തിമോ: 4:11)*

1. കർത്താവിനെന്നപോലെ സേവ ചെയ്ക – കൊലോ: 3:23
2. മേലധികാരിയെ മനസ്സിലാക്കുക.
3. നിൻെറ ഉത്തരവാദിത്വത്തിൽ തന്നെ നില്ക്കുക – 1തീമൊ : 2:12 നിനക്കില്ലാത്ത അധികാരം ഉപയോഗിക്കരുത്.

a. നിന്നെ എന്തിനായി വിളിച്ചുവോ അതു നിർവ്വഹിക്കുക.
b. നിനക്കുവേണ്ടി ചെയ്ത 99% നല്ല പ്രവൃത്തിയെക്കുറിച്ചു ചിന്തിക്കൂ.
c. പ്രശ്നങ്ങളെ ഓർത്തു പ്രാർത്ഥിക്കൂ.
d. അധികാരികളുമായി കാര്യം സംസാരിക്കൂ. അതിനുമുമ്പ് എല്ലാരേഖകളും ശരിയാക്കൂ.

4. *സഭയിലെ അധികാര നിലമനസിലാക്കൂ.*
5. അവരുടെ വിശ്വാസം പിടിച്ചു പറ്റൂ.
6. എപ്പോഴും തെറ്റുതിരുത്തപ്പെടാൻ ഒരുങ്ങിയിരിക്കൂ.
7. വ്യവസ്ഥിതിയെ പഴിചാരരുത് – പ്രവർത്തി : 9:5
8. എല്ലാറ്റിലും ഉപദേശിക്കുന്നവനാകരുത്.

Printed at CHERRYS PRINTERS, Kaloor, Cochi-17. Ph: 345681